2015 ജൂലൈ പുസ്തകം 6 ലക്കം 7 ISSN 0970 - 0579 വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ




## വിലയിടിവിനെ പ്രതിരോധിക്കാൻ കൂട്ടായ്മകൾ



# നാളികേര വികസനബോർഡ്

കേരകൃഷിയുടെയും വ്യവസായത്തിന്റെയും സർവ്വതോമുഖമായ വികസനത്തിനുവേണ്ടി 1979-ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12-ന് നിലവിൽ വന്നു. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭൂവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, പാറ്റ്ന, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക. • കേരകൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദനശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഇറക്കുമതിയും കയറ്റുമതിയും ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ ശുപാർശ ചെയ്യുക. • കേരകർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നല്കുക. ഇതിനായി കേരകർഷകർക്കും, നാളികേരോൽപന്നങ്ങൾ ഉണ്ടാക്കുന്നവർക്കും ആനുകൂല്യങ്ങൾ നൽകുന്നതിനോ പ്രചോദനം നൽകുന്നതിനോ വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നാളികേരത്തിനും, നാളികേരോത്പന്നങ്ങൾക്കും വിപണനസൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേനനാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണപരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണപ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടെയും ഉല്പാദനം, ഗ്രേഡിങ്ങ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലയങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേരകൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.

*Printed and Published by Sugata Ghose, Chief Coconut Development Officer, Coconut Development Board, Kochi - 682 011. Printed at KBPS, Kochi - 30*

ഇന്ത്യൻ
നാളികേര ജേണൽ


പുസ്തകം 6 ലക്കം 7
2015 ജൂലൈ കൊച്ചി - 11

ഉപദേശകസമിതി
ചെയർമാൻ
ടി.കെ. ജോസ് ഐ.എ.എസ്.
അംഗങ്ങൾ
ഡോ.പി. രാജേന്ദ്രൻ
ഡോ. പി. ചൗഡപ്പ
ആർ. അജിത്കുമാർ
പത്രാധിപസമിതി
പായിപ്ര രാധാകൃഷ്ണൻ
എസ്. സുരേഷ് കുമാർ
ചീഫ് എഡിറ്റർ
സുഗത ഘോഷ്
എഡിറ്റർ
ആർ. ജ്ഞാനദേവൻ
കൺസൾട്ടന്റ് എഡിറ്റർ
പായിപ്ര രാധാകൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ
മിനി മാത്യു

നാളികേര വികസന ബോർഡ്
(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.
ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

വരിസംഖ്യ
പ്രതിവർഷം 40 രൂപ
ഒറ്റപ്രതി 4 രൂപ

തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.




മുഖ്യ വിഷയം

## നാളികേര ഉത്പാദക കമ്പനികൾ ഉയരങ്ങളിലേക്ക്

**ഉള്ളടക്കം**

ചെയർമാന്റെ പേജ് 4
**വിലയിടിവല്ല; ഇത് വിലയിടിക്കാനുള്ള കുതന്ത്രം**
വസന്ത്കുമാർ വിസി 6
**നാളികേര ഉത്പാദക കൂട്ടായ്മകളുടെ പ്രവർത്തന മേഖലകൾ**
ആർ. ജ്ഞാനദേവൻ 10
**നാട്ടിൻപുറങ്ങളിൽ നാളികേര കൂട്ടായ്മകളുടെ ഉണർത്തുപാട്ട്**
കെ. എസ്. സെബാസ്റ്റ്യൻ 12
**ഉത്പന്ന ശ്രേണിയുമായി കൊടുങ്ങല്ലൂർ കമ്പനി**
സാജൻ വർഗീസ് 15
**സർക്കാർ 10 കോടി വാഗ്ദാനം ചെയ്തപ്പോൾ കർഷകർ 20 കോടി സമാഹരിച്ചു**
രൂപക് മാടശേരി 16
**ഫെഡറേഷനുകളിലൂടെ ഇടുക്കി കമ്പനി രൂപീകരണത്തിലേക്ക്**
പ്രമോദ് പി. കുര്യൻ 17
**നീരയെ തിടമ്പേറ്റി തിരുക്കൊച്ചി**
എം.എ. ലീന മോൾ 18
**കുറ്റ്യാടി നീര സംസ്കരണ പ്ലാന്റ് ഉദ്ഘാടനം ഓഗസ്റ്റ് 9ന്**
ബാബു മത്തത്ത് 20
**ഓണം ഊട്ടുകരയുടെ കുഴൽവിളി**
അഡ്വ. തോമസ് എം. മാത്തുണ്ണി 21
**നാളികേര കർഷകരുടെ പ്രഥമ ഉത്പാദക കമ്പനി ബഹുദൂരം മുന്നിൽ**
കെ.കെ. സുഭാഷ് 22
**ഇത് വെറും തെങ്ങല്ല, തെങ്ങുകളുടെ തെങ്ങ്**
ആബെ ജേക്കബ് 24
**മംഗലാപുരത്ത് നാളികേര കർഷക-സംരംഭക സംഗമം** 26
**മുമ്പേ പറക്കുന്ന പക്ഷികൾ-3**
ടി.എസ്. വിശ്വൻ 28
**നീര സ്വപ്ന പദ്ധതി പൂവണിയുന്നു; വാഗ്ദാനങ്ങളിൽ പ്രതീക്ഷയർപ്പിച്ച് കർഷക കൂട്ടായ്മകളും**
മിനി മാത്യു 30
**കരപ്പുറം നീര പ്ലാന്റ് ഉദ്ഘാടനം- റിപ്പോർട്ട്** 34
**വിദേശ വാണിജ്യം**
കെ.എസ്. സെബാസ്റ്റ്യൻ 40
**ആഗസ്റ്റ് മാസത്തിലെ കൃഷിപ്പണികൾ** 45
**കുരുത്തോലപ്പന്തൽ** 47
**വാർത്തകൾ** 52
**കമ്പോളം** 57

# വിലയിടിക്കാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കാൻ നാളികേര കൂട്ടായ്മകൾ സജീവമാകണം

പ്രിയപ്പെട്ട കേരകർഷകരെ,

അസ്വാഭാവികമായ ഒരു വിലയിടിക്കലിന്റെ ഭീഷണിയിലൂടെയാണ് നാളികേര മേഖല ഇപ്പോൾ കടന്നു പോകുന്നത്. 2015 മെയ് മധ്യത്തിനു ശേഷം കൊപ്ര വെളിച്ചെണ്ണ വിലകൾ അസാധാരണ രീതിയിൽ കുറഞ്ഞു തുടങ്ങി. കേരളത്തിലെ മുഖ്യവിളവെടുപ്പ് സീസൺ മെയ് മാസത്തോടെ അവസാനിക്കുന്നതിനാൽ, തെക്കുപടിഞ്ഞാറൻ മൺസൂൺ കാലമായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരള വിപണിയിൽ കൊപ്രവരവ് പരിമിതമായിരിക്കും. ആധുനിക ഡ്രയർ സ്ഥാപിച്ചിട്ടുള്ളവർക്കു മാത്രമെ ഈ അവസരത്തിൽ നാളികേരം ഗുണമേന്മയുള്ള കൊപ്രയാക്കി സ്വന്തം മില്ലുകളിൽ ഉപയോഗിക്കുന്നതിനോ വിപണിയിലെത്തിക്കുന്നതിനോ കഴിയൂ. പക്ഷേ, കേരളത്തിൽ ആധുനിക കൊപ്രാ ഡ്രയറുകൾ ചുരുക്കമാണ്. അതുകൊണ്ടുതന്നെ വിപണിയിൽ ചരക്ക്‌വരവ് കുറയുന്ന കാലത്ത് സ്വാഭാവികമായി കൊപ്രയുടെ വില ഉയരുകയോ, നിലവിലുള്ള വില തുടരുകയോ ചെയ്യേണ്ടതാണ്. പക്ഷേ അതിനു വിരുദ്ധമായി വിലയിൽ മാറ്റങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തന്നെ നാളികേര വികസന ബോർഡിന്റെ മാർക്കറ്റിംഗ്, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗങ്ങൾ ജാഗ്രത്താവുകയും ഈ പ്രതിഭാസം സസൂക്ഷ്മം നിരീക്ഷിച്ചു പഠിക്കുകയും ചെയ്തു. സാധാരണ ദൃശ്യമാകേണ്ട സാമ്പത്തിക സിദ്ധാന്തങ്ങളോ യാദൃശ്ചികതകളോ  ഈ വിലയിടിവിനു പിന്നിലില്ല എന്നു മനസ്സിലാക്കാൻ അവർക്കു സാധിച്ചു. പകരം വിപണിയിൽ ഡിമാന്റ് കുറയുന്നു എന്ന കൃത്രിമ ധാരണ പ്രചരിപ്പിച്ച് കൊപ്രയ്ക്ക് വിലയിടിക്കുന്നതിനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമായ വില വ്യതിയാനമാണ് കണ്ടത്. ജൂണിലും ജൂലൈ ആദ്യ പകുതിയിലും വെളിച്ചെണ്ണ വില കുറയുന്നതിനോ കൂടുന്നതിനോ ആനുപാതികമായിട്ടാണ് സാധാരണ കൊപ്ര വിലയിലേയും കയറ്റ ഇറക്കങ്ങൾ സംഭവിക്കുക. എന്നാൽ ഇത്തവണ വെളിച്ചെണ്ണ വിലയിൽ സംഭവിച്ച കുറവിന് ആനുപാതികമല്ലാത്ത കുറവാണ് കൊപ്ര വിലയിൽ ദൃശ്യമായത്. അതായത്  അസംസ്കൃത വസ്തുവിന്റെ മാത്രം വിലയിടിച്ച് വളരെ കുറഞ്ഞ വിലയ്ക്ക് അതു സംഭരിച്ച്, മുഖ്യ ഉത്പന്നമായ വെളിച്ചെണ്ണയും ഇതര ഉത്പന്നങ്ങളും  വിലകുറയ്ക്കാതെ തന്നെ ഉപഭോക്താക്കളിൽ  എത്തിച്ച് കൊള്ളലാഭമെടുക്കുക എന്ന കച്ചവടതന്ത്രം! സാധാരണക്കാർക്കു പോലും ഇതു മനസ്സിലായി. മാത്രവുമല്ല, ത്രിതല കൂട്ടായ്മകൾ വഴി ഈ വസ്തുത നാളികേര കർഷകരിലേക്ക് എത്തിക്കാനും നമുക്ക് സാധിച്ചു. നിജസ്ഥിതി വ്യക്തമായതോടെ നമ്മുടെ ദൃശ്യ ശ്രാവ്യ സാമൂഹ്യ മാധ്യമങ്ങളെല്ലാം കർഷകപക്ഷത്ത് നിലയുറപ്പിച്ച്, അവർക്കുവേണ്ടി പൊതുസമൂഹത്തിന്റെയും ഗവൺമെന്റുകളുടെയും മുമ്പാകെ വസ്തുതകൾ അവതരിപ്പിച്ചതിനാൽ, വീണ്ടും തുടർന്നേക്കാമായിരുന്ന ആസൂത്രിത വിലയിടിക്കലിന്റെ ആഘാതം ഒരു പരിധി വരെ തടയാനും സാധിച്ചു. ഇതുകൊണ്ടൊന്നും ഇത്തരം ശക്തികൾ വെറുതെയിരിക്കുമെന്നു കരുതേണ്ടതില്ല. പക്ഷെ, വിലയിടിവിന്റെ സ്വഭാവും രീതിയും മാറി; വിലകൾ മെല്ലെ ഉയർന്നു തുടങ്ങി. ഈ പശ്ചാത്തലത്തിലാണ് ജൂലൈ മാസത്തെ ഇന്ത്യൻ നാളികേര ജേണലിന്റെ മുഖ്യവിഷയമായി, നാളികേര കർഷക കൂട്ടായ്മകളുടെ, പ്രത്യേകിച്ച് കമ്പനികളുടെ, ഉത്തരവാദിത്വവും പ്രവർത്തനവും അവർ നടത്തിയ മുന്നേറ്റവും പരിചിന്തനം ചെയ്യേണ്ടി വന്നിരിക്കുന്നത്.

രണ്ടു വർഷം മുമ്പ്, ഉത്പാദക കമ്പനികൾ പ്രവർത്തനമാരംഭിച്ച ഘട്ടത്തിലാണ് ഇതിനു മുമ്പ് നാളികേര ഉത്പാദക കമ്പനികളെക്കുറിച്ചുള്ള ഒരു ലക്കം പ്രസിദ്ധീകരിച്ചത്. അതിനുശേഷം കമ്പനികളുടെ എണ്ണം 38 ൽ എത്തി. അതിൽ 23 എണ്ണം കേരളത്തിലും, ആറ് എണ്ണം വീതം തമിഴ്നാട്ടിലും കർണ്ണാടകത്തിലും, മൂന്ന് ആന്ധ്രാപ്രദേശിലുമാണ്. കേരളത്തിലെ കമ്പനികളുടെ എണ്ണം 30 ലേക്ക് ഉയർന്നു കൊണ്ടിരിക്കുകയുമാണ്. ആന്ധ്രാപ്രദേശിലും, കർണ്ണാടകത്തിലും, തമിഴ്നാട്ടിലും കേരളത്തിലേക്കാൾ വേഗത്തിലും കൂടുതൽ ആവേശത്തിലുമാണ് ഉത്പാദക കമ്പനികളുടെ പ്രവർത്തനവുമായി കേരകർഷകർ മുന്നോട്ടു പോകുന്നത്. 2013 ഏപ്രിൽ മാസത്തിലാണ് കേരളത്തിൽ ആദ്യത്തെ ഉത്പാദക കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചത്. രണ്ടു വർഷം പൂർത്തിയാക്കിയ കമ്പനികൾ ഇപ്പോൾ ഇവിടെയുണ്ട്. പക്ഷെ, 2013 ഓഗസ്റ്റ് അവസാനം മുതൽ നാളികേരവില ഉയർന്നു തുടങ്ങിയതിനാൽ പല കമ്പനികളും ആലസ്യത്തിലായി. മികച്ച വില കിട്ടുന്നുണ്ടല്ലോ, ഇനി ഒന്നും ചെയ്യേണ്ട കാര്യമില്ല എന്ന അലസമനോഭാവം തുടർന്നു. അപ്പോഴും ഭാവിയിൽ ഒരു വിലക്കുറവുണ്ടായാൽ അതിനെ പ്രതിരോധിക്കുന്നതിനു മുന്നൊരുക്കങ്ങൾ നടത്തണം എന്ന് ബോർഡിൽ നിന്ന് 2014 സെപ്റ്റംബറിനു ശേഷം, നിരന്തരം കൃത്യമായ കാലയളവുകളിൽ സൂചന നല്കിക്കൊണ്ടിരുന്നു. പക്ഷേ പലരും അതിന് വേണ്ടത്ര ഗൗരവം കല്പിച്ചില്ല. നാം പലപ്പോഴും അങ്ങനെയാണ്. വ്യക്തമായ മുന്നറിയിപ്പുകൾ കിട്ടിയാൽ പോലും അത് അവഗണിച്ചുകൊണ്ട് നിഷ്ക്രിയത്വവും ജഢത്വവും തുടരും.

കേരളത്തിൽ ഇപ്പോൾ  388 നാളികേര ഉത്പാദക ഫെഡറേഷനുകൾ ഉണ്ട്,  23 കമ്പനികളും. ഓരോ നാളികേര ഉത്പാദക കമ്പനിയിലും ചുരുങ്ങിയത് 10 വീതം ഫെഡറേഷനുകൾ ഉണ്ടാവണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 10 മുതൽ 32 വരെ ഫെഡറേഷനുകൾ ഉള്ള കമ്പനികളും ഉണ്ട്. ഒരു ഉത്പാദക കമ്പനിയിൽ ഏഴു വീതം കൊപ്രാ ഡ്രയറുകൾ ഉണ്ടായിരുന്നെങ്കിൽ ഇന്ന് കേരളത്തിൽ 150 ആധുനിക കൊപ്ര ഡ്രയറുകൾ ഉണ്ടാവേണ്ടതായിരുന്നു. പക്ഷേ അതിന്റെ പത്തിലൊന്നു മാത്രമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. എന്താണിത് സൂചിപ്പിക്കുന്നത്? ആത്യന്തികമായി നാളികേരത്തിന്റേയും നാളികേര കർഷകരുടേയും ഭാവി നിർണ്ണയിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾക്ക് കൂട്ടായ്മകൾ വഴി തുടക്കം കുറിക്കാനും, അതിൽ മുഖ്യ പങ്ക് വഹിക്കാനും കഴിയുമെന്നുമുള്ള ആത്മാർത്ഥമായ വിശ്വാസം നമ്മുടെ ഉത്പാദക കമ്പനികളിലേക്ക് ഇനിയും എത്തിയിട്ടില്ല എന്നതു തന്നെയല്ലേ ഇതിനർത്ഥം?. ഒന്നാലോചിച്ചുനോക്കൂ... 150 ആധുനിക ഡ്രയറുകൾ ഉണ്ടായിരുന്നെങ്കിൽ ഗുണമേന്മയുള്ള കൊപ്ര ഉത്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, ബാഹ്യ ശക്തികൾ വിപണിയിൽ വിലയിടിക്കുമ്പോൾ കേരകർഷകർക്ക് നാളികേരം വിറ്റഴിക്കേണ്ട ഗതികേട് ഉണ്ടാകുമായിരുന്നില്ല. സംഘത്തിലെ മുഴുവൻ അംഗങ്ങളുടേയും നാളികേരം ഫെഡറേഷൻ തലത്തിലുള്ള ഡ്രയറിലേക്ക് വാങ്ങി ആഭ്യന്തര വിദേശ വിപണികളിലേയ്ക്ക് ആവശ്യമായ കൊപ്രയുണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്നെങ്കിൽ വിലയിടിക്കുവാൻ ശ്രമിക്കുന്ന ശക്തികൾക്ക് തലപൊക്കാൻ പോലും കഴിയില്ലായിരുന്നു. ചുരുങ്ങിയത് ഏഴു ഫെഡറേഷനുകളിലെങ്കിലും  ഒരു ബാച്ചിൽ 10000 നാളികേരം വീതം സംസ്ക്കണ ശേഷിയുള്ള കൊപ്ര ഡ്രയറുകളും, എക്സ്പെല്ലർ യൂണിറ്റുകളും സ്ഥാപിക്കണം എന്ന് എല്ലാ കമ്പനികളോടും സൂചിപ്പിച്ചിരുന്നു. എന്നാൽ ഇതുവരെ മൂന്ന് കമ്പനികൾ മാത്രമാണ് സ്വന്തം ബ്രാൻഡിൽ വെളിച്ചെണ്ണ ഉത്പാദിപ്പിച്ചു തുടങ്ങിയത്. കഴിഞ്ഞ വർഷങ്ങളിൽ നാളികേരത്തിനും കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വില ഉർന്ന ഘട്ടത്തിൽ, സാമൂഹ്യ വിരുദ്ധർ വെളിച്ചെണ്ണയിൽ മായംചേർത്ത് വിറ്റ് കൊള്ളലാഭം എടുത്തപ്പോൾ നമ്മുടെ കർഷക കൂട്ടായ്മകൾ നിശബ്ദരായി, നിഷ്ക്രിയരായി നോക്കിനിന്നു. സ്വന്തം ബ്രാൻഡിൽ സീലു ചെയ്ത ബോട്ടിലുകളിലോ പൗച്ചുകളിലോ പായ്ക്കറ്റുകളിലോ ശുദ്ധമായ വെളിച്ചെണ്ണ ഉണ്ടായിരുന്നുവെങ്കിൽ ആ വിലക്കയറ്റത്തിന്റെ ഗുണം

തീർച്ചയായും ഉത്പാദക കമ്പനികളിലേക്കും അതുവഴി കർഷകരിലേക്കും എത്തിക്കാൻ നമുക്ക് കഴിഞ്ഞേനെ. ഈ ഓണക്കാലം മുതൽ ചുരുങ്ങിയത് 10 നാളികേര ഉത്പാദക കമ്പനികളിൽ നിന്നെങ്കിലും അവരുടെ ബ്രാൻഡിൽ വെളിച്ചെണ്ണ വിപണിയിലെത്തും എന്നു പ്രതീക്ഷിച്ചു. പക്ഷേ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തുമ്പോൾ നാലോ അഞ്ചോ കമ്പനികളിൽ നിന്നു മാത്രമേ അത് ഉണ്ടാവുകയുള്ളൂ എന്നു തോന്നുന്നു.

വിപണിയിലെ പ്രതിഭാസങ്ങളും വ്യതിയാനങ്ങളും ശാസ്ത്രീയമായി അപഗ്രഥിച്ച്, പഠിച്ച്, മനസ്സിലാക്കി ആ വിവരങ്ങൾ ബോർഡിൽ നിന്ന് ഉത്പാദക കൂട്ടായ്മകളിലേക്ക് എത്തിക്കുമ്പോൾ അവയോട് സക്രിയമായി പ്രതികരിക്കാൻ കഴിഞ്ഞാൽ, തീർച്ചയായും നമ്മുടെ എല്ലാ പ്രശ്നങ്ങളുടെയും പരിഹാരത്തിന്റെ ആദ്യ പടിയായി. ഉത്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം വിലയിടിവിന്റെ കാരണങ്ങൾ മനസ്സിലാക്കി വിഷയം ഏറ്റെടുക്കുകയും പത്രമാധ്യമങ്ങളിലൂടെയും നിയമസഭ സാമാജികരിലൂടേയും മന്ത്രിസഭാ തലത്തിലും മറ്റും ഇത് എത്തിച്ച് ചർച്ച നടത്തിയപ്പോൾ വളരെ വേഗത്തിൽ സംസ്ഥാന ഗവൺമെന്റ് അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിച്ചു. ഓർക്കുക, രണ്ട് വർഷം മുമ്പ് നാളികേരവില ഇടിഞ്ഞപ്പോൾ കർഷകരിൽ നിന്ന് ഒറ്റപ്പെട്ട മുറവിളികൾ ഉണ്ടായെങ്കിലും സംസ്ഥാന ഗവൺമെന്റിൽ നിന്നു പോലും തണുത്ത പ്രതികരണമായിരുന്നു. പക്ഷേ, ഇന്ന് സ്ഥിതി ആകെ മാറി. സംസ്ഥാനമെമ്പാടും കർഷക കൂട്ടായ്മകൾ രൂപീകൃതമാവുകയും അതിന്റെ പിൻബലത്തിൽ അവർ ആവശ്യമുന്നയിക്കുകയും ചെയ്തപ്പോൾ ഗവൺമെന്റുകളും ഭരണ സംവിധാനവും ഉണർന്നു. സ്വന്തം ശക്തിയും ശേഷിയും എന്താണെന്ന് തിരിച്ചറിയുകയും അത് ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതാണ് കർഷക കൂട്ടായ്മകളുടെ ഏറ്റവും പ്രധാന കർത്തവ്യം.

വൈവിധ്യമാർന്ന ഉത്തരവാദിത്വങ്ങൾ ഒരേ സമയം ഏറ്റെടുക്കുന്ന പ്രവർത്തന ശൈലിയായിരിക്കണം നാളികേര ഉത്പാദക കമ്പനികളുടേത് എന്ന് 2014 ഡിസംബർ മുതൽ നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഉത്പാദക കമ്പനികളുടെ ഡയറക്ടർ ബോർഡിനു കീഴിൽ ഏഴ് ഉപസമിതികളെങ്കിലും രൂപീകരിക്കണം എന്നു പറയുന്നത്. അവയിൽ പ്രധാനം ഓഹരി സമാഹരണ കമ്മറ്റി, നഴ്സറി കമ്മിറ്റി, നീര കമ്മിറ്റി , കൊപ്രാ വെളിച്ചെണ്ണ കമ്മിറ്റി എന്നിവ തന്നെ. ഇവയിൽ ഓഹരി സമാഹരണ കമ്മിറ്റി സജീവമായി പ്രവർത്തിച്ചു. എല്ലാ കമ്പനികളുടെയും നീര കമ്മിറ്റികളും കുറേയെറെ മുന്നേറി. പക്ഷെ മറ്റു കമ്മിറ്റികളുടെ പ്രവർത്തനം മന്ദഗതിയിലായിപ്പോയി. ഇനിയെങ്കിലും പ്രതികൂല സാഹചര്യങ്ങളെ മുന്നിൽ കണ്ട്, വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ഒരേ സമയം ഏറ്റെടുക്കുന്നതിനും, ക്രിയാത്മകമായി ചിന്തിച്ച് പുതിയ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും, അവ കർമ്മപഥത്തിൽ എത്തിക്കുന്നതിനും കൂട്ടായ ശ്രമം നാം നടത്തണം.


ഏത് കാർഷിക വിളയിലും വില വ്യതിയാനം വരും കാലഘട്ടങ്ങളിലും ഉണ്ടായിക്കൊണ്ടേയിരിക്കും. നെല്ല്, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ രാജ്യത്തെ ഉത്പാദനത്തിന്റെ സിംഹഭാഗവും ഗവൺമെന്റ് താങ്ങു വില നല്കി വാങ്ങുന്നു. ബാക്കി എല്ലാ വിളകളിലും വിലയിൽ വ്യതിയാനങ്ങൾ ഉണ്ടാകും. അതായത്, അവയുടെ വിലയിൽ കയറ്റവും ഇറക്കവും സംഭവിക്കും. ഏത് കാലിക പ്രതിഭാസത്തിലും സംഭവിക്കുന്ന ഹ്രസ്വകാല ദീർഘകാല ആവർത്തന ചക്രങ്ങൾ, അപ്രതീക്ഷിത കാലാവസ്ഥാ മാറ്റങ്ങൾ, എന്നിവയെല്ലാം അതിന്റെ ഘടകങ്ങളാണ്. കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളിലെ കൊപ്ര വെളിച്ചെണ്ണ വിലകൾ അപഗ്രഥിച്ച് തയ്യാറാക്കിയ ലേഖനത്തിലൂടെ നാളികേര വികസനബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്സ് ടീം 2015 ജൂൺ ലക്കത്തിൽ നിങ്ങളുമായി പങ്കുവയ്ക്കാൻ ശ്രമിച്ചതും ഇതുതന്നെയായിരുന്നു. സാധാരണഗതിയിൽ ഈ വിലവ്യതിയാനങ്ങൾ നമുക്ക് മുൻകൂട്ടി അറിയുവാനും അതിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കാനും കഴിയും. സ്വാഭാവികമായുണ്ടാകുന്ന വില വ്യതിയാനങ്ങളോട് പ്രതികരിക്കുവാനുള്ള കർമ്മശേഷി നേടിയെടുക്കലാണ്, കർഷക കൂട്ടായ്മകളുടെ മുഖ്യ ധർമ്മങ്ങളിൽ ഒന്ന്. ഈ നേടിയെടുക്കലിനു വേണ്ടിയാണ് നാം പരിശ്രമിക്കേണ്ടത്.

അസ്വാഭാവികമായ ഘടകങ്ങൾ വിലയിൽ വ്യതിയാനങ്ങൾ സൃഷ്ടിക്കുമ്പോൾ നിരീക്ഷണ ബുദ്ധിയോടെ കാത്തിരുന്നാൽ രണ്ടു മൂന്ന് ആഴ്ചകൾ മതി അതു മനസ്സിലാക്കാൻ. ആ വിവരം ജനങ്ങളെ അറിയിക്കുകയും ഗവൺമെന്റുകളുടേയും ജനപ്രതിനിധികളുടെയും സഹായത്തോടെ അതിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്താൽ വിലയിടിവിന്റെ വലിയ ആഘാതത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ തീർച്ചയായും നമുക്ക് കഴിയും. വിപണിയിലെ കള്ളക്കളികൾ മുൻകൂട്ടി അറിഞ്ഞ് അതിനെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുമ്പോൾ ഇരുട്ടിന്റെ ശക്തികൾക്കു പിൻവാങ്ങാതിരിക്കാനാവില്ല. തത്ക്കാലത്തേയ്ക്കു പത്തി താഴ്ത്തുകയെങ്കിലും ചെയ്യും. ഇതിനർത്ഥം വിലയിൽ വ്യതിയാനങ്ങൾ ഉണ്ടാവുകയില്ലെന്നല്ല; വ്യതിയാനങ്ങൾ ഉണ്ടായാൽ പോലും കേരകർഷകർക്ക് മാന്യമായ, ആദായകരമായ, സ്ഥിരവില സംഘടിതമായ സംഭരണവും, സംസ്ക്കരണവും വിപണനവും വഴി നമുക്ക് നേടിയെടുക്കാം എന്നാണ്. ആദ്യപടിയായി കൂട്ടായ്മകൾ ഏറ്റെടുക്കേണ്ടതും വിജയിപ്പിക്കേണ്ടതും ഇതാണ്.

രണ്ടാമത്തെത്, അത്യുത്പാദനശേഷിയുള്ളതും വേഗത്തിൽ ആദായം തരുന്നതുമായ തെങ്ങിനങ്ങൾ നട്ടുവളർത്തുകയും നാളികേരത്തിന്റെ എല്ലാ മൂല്യവർധിത ഉത്പ്പന്നങ്ങളും, നീരയും നീരയുടെ ഉത്പന്നങ്ങളും കഴിയുന്നത്ര വേഗം നിർമ്മിച്ച് ഇന്ത്യൻ വിപണിയിലും വിദേശ വിപണികളിലും എത്തിക്കുകയും ചെയ്യുക എന്നുള്ളതാണ്. മുമ്പൊരിക്കൽ സൂചിപ്പിച്ചിരുന്നു, 2014 -15 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് വെർജിൻ കോക്കനട്ട് ഓയിലിൽ 402 % കയറ്റുമതി വർദ്ധനവാണ് രേഖപ്പെടുത്തിയത്. 2015 -14 ലെ ആദ്യപാദത്തിൽ മുൻ വർഷത്തിലെ ഒന്നാം പാദത്തെ അപേക്ഷിച്ച് വെർജിൻ കോക്കനട്ട് ഓയിൽ കയറ്റുമതിവർദ്ധന 586 % ആണ്. 586 % അല്ല, വർദ്ധന 1000 % ആകുമായിരുന്നു, ഇന്ത്യയിൽ കൂടുതൽ ഉത്പന്നങ്ങൾ ഉണ്ടായിരുന്നെങ്കിൽ. ഇതാണ് ഉത്പാദക കമ്പനികൾ അടിയന്തിരമായി ഇടപെടേണ്ട മൂന്നാമത്തെ തലം. നേരത്തേ പല തവണ എഴുതിയതാണ്, ഇന്ത്യയിൽ 20 ജില്ലകളിൽ മാത്രം വെളിച്ചെണ്ണ ഭക്ഷ്യഎണ്ണയായി ഉപയോഗിക്കുമ്പോൾ തേങ്ങാപ്പാൽ ഇന്ത്യയിലെ എല്ലാ ജില്ലകളിലും ഭക്ഷ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഈ അറിവിൽ നിന്ന് തിരിച്ചറിവിലേക്കും അത് വൻ വ്യവസായ സാധ്യതയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളിലേക്കും വേഗത്തിൽ എത്താൻ നമുക്ക് കഴിയണം.

മികച്ച സാങ്കേതിക മാനേജ്മെന്റ് പ്രൊഫഷണലുകളെ നാളികേര ഉത്പാദക കമ്പനികളിൽ നിയമിക്കുന്നതിനെക്കുറിച്ച് വളരെ കൃത്യമായി ആവശ്യപ്പെട്ടിരുന്നെങ്കിലും കേവലം ഏഴു കമ്പനികളിൽ മാത്രമേ ഇപ്പോഴും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുള്ളൂ. ദൂരേ ദൂരേ ചിന്തിക്കുമ്പോൾ, സാങ്കേതിക മാനേജ്മെന്റ് പ്രൊഫഷണലുകളുടെ അഭാവം നിങ്ങളുടെ പ്രവർത്തന വേഗത കുറയ്ക്കുന്നുണ്ട്. കർഷകരിൽ നിന്ന് സ്വാഭാവികമായും പുതിയ പദ്ധതി നിർവഹണ ആശയങ്ങൾ കൊണ്ടു വരുന്നതിനും നേതൃത്വം കൊടുക്കുന്നതിനും ചെയർമാനും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും കഴിയുമെങ്കിലും അവ പ്രാവർത്തികമാക്കുന്നതിന് പ്രൊഫഷണലുകളുടെ സേവനം തന്നെ വേണം. കർഷകരുടെ നേതൃത്വവും, പ്രൊഫഷണലുകളുടെ നൈപുണ്യവും ഒരുമിച്ചു ചേരുമ്പോഴാണ് നമ്മുടെ പ്രവർത്തനം വിജയപഥത്തിൽ എത്തുക. ഇത്തരത്തിലുള്ള സാഹചര്യത്തിലേക്ക് കേരളത്തിലെ എല്ലാ നാളികേര ഉത്പാദക കമ്പനികളും വേഗേന എത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,



ടി.കെ. ജോസ്
ചെയർമാൻ

# വിലയിടിവല്ല; ഇത് വിലയിടിക്കാനുള്ള കുതന്ത്രം



വി.സി. വസന്തകുമാർ,
അസിസ്റ്റന്റ് ഡയറക്ടർ (ഫോറിൻ ട്രേഡ്), നാളികേര വികസന ബോർഡ്, കൊച്ചി-11

- വിലയിടിക്കലിനു പിന്നിൽ സ്വകാര്യ ലോബി
- ഇപ്പോഴത്തെ വിലക്കുറവ് താൽക്കാലികം
- കേര കർഷകർ ഇനി ഒറ്റയ്ക്കല്ല
- നാളികേര കമ്പനികൾ സംഭരണം ഊർജിതമാക്കണം

നാളികേര ഉത്പ്പന്നങ്ങളുടെ വിലയിടിക്കുവാൻ വിപണിയിൽ വീണ്ടും ഛിദ്രശക്തികളുടെ താണ്ഡവം തുടങ്ങി. ഉത്പാദനം കുറയുകയും കേരളത്തിൽ നാളികേരത്തിന്റെ പ്രധാന വിളവെടുപ്പുകാലം അവസാനിക്കുകയും, തെക്കു പടിഞ്ഞാറൻ മൺസൂൺ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ വിപണിയിൽ ഇപ്പോൾ ദൃശ്യമാകുന്ന നാളികേര ഉത്പന്നങ്ങളുടെ വിലയിടിവ് അസാധാരണമാണ്. പൊതുവെ വിപണി ഘടകങ്ങൾ അനുകൂലമായ സാഹചര്യത്തിലും ഇപ്പോൾ അനുഭവപ്പെടുന്നത് സ്വാഭാവിക വിലയിടിവല്ല, മറിച്ച് ദുഷ്ടലാക്കോടെയുളള വിലയിടിക്കണ്. രണ്ടായിരം മെട്രിക്ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു എന്ന വാർത്ത ആവർത്തിച്ചാവർത്തിച്ച് വിലക്കുറവിനുള്ള കൃത്രിമ സാഹചര്യങ്ങൾ സൃഷ്ടിക്കുമ്പോഴും കഴിഞ്ഞ വർഷം പതിനായിരത്തി എണ്ണൂറ് മെട്രിക്ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്തിരുന്നു എന്ന യാഥാർത്ഥ്യം നാം മറക്കരുത്. അന്നുപോലും വിപണിയെ സ്വാധീനിക്കാൻ ഇറക്കുമതിക്ക് കഴിഞ്ഞില്ലെങ്കിൽ ഇപ്പോൾ എങ്ങിനെ അതിലും കുറഞ്ഞ അളവിലുള്ള ഈ ഇറക്കുമതി വിലയിടിവിന് ഹേതുവാകും? നാളികേര വിപണിയെ വിഴുങ്ങാനുള്ള കുബുദ്ധികളുടെയും ദുഷ്ടശക്തികളുടെയും കുത്സിത ശ്രമത്തിന്റെ ഭാഗം തന്നെയാണ് ഈ വിലയിടിക്കൽ.

നാളികേര ഉത്പാദനം വർദ്ധിച്ചതിന്റെ പരിണത ഫലമാണ് വിലത്തകർച്ച എന്നതാണ് മറ്റൊരു കുപ്രചരണം. പക്ഷേ യഥാർത്ഥ വസ്തുത നേർ വിപരീതമാണ്. ഇന്ത്യയിലെ ആകെ നാളികേരോത്പാദനത്തിന്റെ 90 ശതമാനവും സംഭാവന ചെയ്യുന്ന കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രപ്രദേശ് എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ 11.81 ശതമാനം ഉത്പാദനകുറവാണ് പ്രതീക്ഷിക്കുന്നത്. നാളികേര വികസന ബോർഡ് 2012 – 13 മുതൽ നടത്തി വരുന്ന, അതാതു വർഷത്തെ നാളികേരോത്പാദനം മുൻകൂട്ടി നിർണ്ണയിക്കുന്ന പഠനത്തിൽ 2015–16 ൽ ഇന്ത്യയിലെ മൊത്തം നാളികേര ഉത്പാദനം 10% കുറയുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. 2012 – 13 മുതൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഉത്പാദനം വർഷാവർഷം കുറയുന്ന പ്രവണതയാണ് പഠനഫലങ്ങൾ സൂചിപ്പിക്കുന്നത്. കേന്ദ്രസർക്കാരിന്റെ കൃഷിമന്ത്രാലയത്തിനു കീഴിലുള്ള ഹോർട്ടിക്കൾച്ചർ വകുപ്പിന്റെ സ്ഥിതിവിവരക്കണക്കുകളും ഇതേ സൂചനയാണ് നൽകുന്നത്. കൂടാതെ 2012 നു ശേഷം കൊപ്ര, വെളിച്ചെണ്ണ എന്നീ ഉത്പന്നങ്ങൾക്കുപരി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനായി നാളികേരം വൻതോതിൽ ഉപയോഗിക്കപ്പെടുന്നുമുണ്ട്. വർഷാവർഷം ഉയർച്ച രേഖപ്പെടുത്തുന്ന ഇന്ത്യയിൽ നിന്നുള്ള നാളികേരോത്പന്നങ്ങളുടെ കയറ്റുമതി മൂല്യം ഈ വസ്തുതക്ക് അടിവരയിടുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ നാളികേരോത്പന്ന വിപണിയിൽ ഇപ്പോൾ ദൃശ്യമായിരിക്കുന്ന ഈ വിലത്തകർച്ച സ്വാഭാവികമല്ലെന്നു തീർച്ച.

വില ഉയരുമ്പോൾ നിശബ്ദരായിരിക്കുകയും വില കുറയുമ്പോൾ വിലപിക്കുകയും ചെയ്യുക കേരകർഷകരുടെ ശീലമായിരിക്കുന്നു. വിലയിടിവിൽ ഭയന്ന് കൈയ്യിലുള്ള ഉത്പന്നം എത്രയും വേഗം ലഭ്യമായ വിലയ്ക്ക് വിറ്റഴിക്കുവാനാണ് ഈ സന്ദർഭത്തിൽ കർഷകർ ധൃതിപ്പെടുക. ഇതിനൊരു മാറ്റം അനിവാര്യമാണ്. വിലത്തകർച്ചയെ പ്രതിരോധിക്കാനും വിപണിയിൽ ഉണർവ്വ് കൈവരുത്താനും നാളികേര കർഷകർക്ക് കഴിയണം. എങ്കിൽ മാത്രമേ കാർഷികോത്പന്നത്തിന്റെ വില ബാഹ്യശക്തികൾ നിർണ്ണയിക്കുന്നതോ, നിയന്ത്രിക്കുന്നതോ സ്വാധീനിക്കുന്നതോ ആയ സ്ഥിതിവിശേഷത്തിന് വിരാമം ഉണ്ടാവൂ. ഇപ്പോൾ മാത്രമല്ല, എക്കാലത്തും നാളികേരോത്പന്നങ്ങൾക്ക് സുസ്ഥിരമായ വില വിപണിയിൽ ഉറപ്പാക്കേണ്ടതുണ്ടെങ്കിൽ, ആത്യന്തികമായി ഈ പ്രക്രിയ ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു. അതായത് വിലക്കുറവിൽ ദയനീയമായി കേഴാതെ, മറ്റുള്ളവരുടെ മേൽ പഴിചാരാതെ കർഷകർ സ്വന്തം



നിലയിൽ അനുവർത്തിക്കേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ മറന്നു പോകുന്നതുകൊണ്ടാണ് ബാഹ്യശക്തികൾക്ക് വിപണിയിൽ ഇടപെടാനും സ്വാർത്ഥതാത്പര്യങ്ങൾക്കായി വിപണിയെ നിയന്ത്രിക്കാനും കഴിയുന്നത്. ഇതിനെ ചെറുത്തുതോല്പിക്കേണ്ടത് ഓരോ കേരകർഷകന്റേയും കടമ കൂടിയാണ്.

### വില നിയന്ത്രണം – കർഷകരുടെ പങ്ക്

കേരളത്തിലെ കേരകർഷകർ ഭൂരിഭാഗവും നാമമാത്ര ചെറുകിട കൃഷിക്കാരാണ്. ഇവരാണോ വിപണിയിൽ ചലനങ്ങളുണ്ടാക്കാൻ പോകുന്നത് എന്നായിരിക്കും ചോദ്യം. കേവലം ഒരു കർഷകനോ ഒന്നോ രണ്ടോ കർഷകർ ചേർന്നോ അത്ഭുതങ്ങൾ സൃഷ്ടിക്കും എന്നല്ല പറഞ്ഞു വരുന്നത്. അത് തികച്ചും അസാധ്യമാണുതാനും. എന്നാൽ ഒരു വിരലുകൊണ്ട് സാധ്യമല്ലാത്തത് അഞ്ചു വിരലുകൾ ചേർന്ന കൈക്ക് സാധ്യമാകുന്നതു പോലെ കർഷകകൂട്ടായ്മകൾക്ക് വിപണിയെ സ്വാധീനിക്കാൻ പല രീതിയിലും കഴിയും. സൗജന്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നതിനുമപ്പുറം കർഷക കൂട്ടായ്മകൾ രൂപീകരിക്കപ്പെട്ടതിന്റെ സുപ്രധാന ഉദ്ദേശ്യവും ഇതു തന്നെയാണ്.

### നാളികേര ഉത്പാദക കമ്പനികൾ

നാളികേര കർഷക കൂട്ടായ്മകളുടെ ത്രിതല സംവിധാനത്തിൽ മൂന്നാമത്തെയും ഉയർന്നതുമായ തലത്തിൽ നിലകൊള്ളുന്നവയാണ് നാളികേര ഉത്പാദക കമ്പനികൾ. പ്രാഥമിക തലത്തിൽ രൂപീകരിക്കപ്പെടുന്ന 10 മുതൽ 25 വരെ നാളികേര ഉത്പാദക സംഘങ്ങൾ ചേർന്ന് അടുത്ത തലത്തിൽ നാളികേര ഉത്പാദക ഫെഡറേഷനുകൾ രൂപംകൊള്ളുന്നു. ഏറ്റവും കുറഞ്ഞത് ഇത്തരം 10 ഫെഡറേഷനുകൾ എങ്കിലും ചേർന്നാണ് ഒരു നാളികേര കമ്പനി ഉണ്ടാക്കുന്നത്. ഈ കമ്പനിയുടെ പ്രവർത്തന പരിധിയിൽ ഏറ്റവും കുറഞ്ഞത് 6000 കേരകർഷകരും 10 ലക്ഷം കായ്ക്കുന്ന തെങ്ങുകളും ഉണ്ടായിരിക്കും. ഈ ഉത്പാദക കൂട്ടായ്മകളെല്ലാം വിലയിടിവിന്റെ കാലഘട്ടത്തിൽ അതിനെ പ്രതിരോധിക്കാനും അതിനോടു പ്രതികരിക്കാനും അവരവരുടേതായ പങ്ക് നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

### ഉത്പാദനക്ഷമത

തെങ്ങിന്റെ ഉത്പാദനക്ഷമത (ഒരു വർഷത്തിൽ ഒരു തെങ്ങിൽ നിന്നും ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം) പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കമ്പനികൾ മുന്നിൽ കാണണം. ഇതിനായി ശാസ്ത്രീയമായ കൃഷിരീതികളും പരിചരണമുറകളും ശരിയാം വിധം അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കണം. അല്ലെങ്കിൽ അവർക്ക് അതിൽ താല്പര്യം ജനിപ്പിക്കണം. ഇതിന്റെ ഗുണങ്ങൾ രണ്ടാണ്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ പരിചരണങ്ങൾ വർദ്ധിപ്പിക്കുമ്പോൾ തീർച്ചയായും ഉത്പാദനച്ചെവ് ഉയരും. എന്നാൽ ഇതിന് ആനുപാതികമായി ഉണ്ടാവുന്ന ഉത്പാദന വർദ്ധനവ് ഈ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലായിരിക്കും. കൂടാതെ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ച് ഇടവിളകൾ കൃഷിചെയ്യുന്നതിലൂടെ നിലവിലുള്ള കൃഷിയിടത്തിൽ നിന്ന് വരുമാന വർദ്ധനവും ഉറപ്പാക്കാം. കേരളത്തിൽ കൃഷിയാവശ്യത്തിന് വേണ്ട ഭൂമിയുടെ ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഇത് അടിയന്തിര ശ്രദ്ധയർഹിക്കേണ്ടതാണ്. കേരളത്തിലെ തെങ്ങുകളുടെ ശരാശരി ഉത്പാദനക്ഷമത 41 നാളികേരം എന്നാണ് കണക്ക്. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഫെഡറേഷനുകളുടെ ശരാശരി ഉത്പാദന ക്ഷമത 30 നാളികേരത്തിനും 60 നാളികേരത്തിനും ഇടയിൽ ആണ്. ഇത് 100 നാളികേരത്തിൽ എത്തിക്കുക എന്നതായിരിക്കണം പ്രാരംഭ ലക്ഷ്യം. ഒന്ന് കൺചിമ്മുന്ന മാത്രയിൽ സംഭവിക്കുന്ന കാര്യമല്ലെങ്കിലും ഇതിനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

### നടീൽ വസ്തുക്കളുടെ ലഭ്യതയും ഗുണനിലവാരവും

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പുതിയ തെങ്ങിൻ തൈ നടുമ്പോഴും പ്രായമായി കായ്ഫലം തീരെ കുറഞ്ഞ തെങ്ങുകൾക്കു പകരം ആവർത്തന കൃഷിനടത്തുമ്പോഴും ഒരു കാര്യം ഉറപ്പു വരുത്തണം. തിരഞ്ഞെടുക്കുന്ന തൈയുടെ ഗുണമേന്മയുടെ കാര്യം. ഒരു തെങ്ങിൻതൈ നട്ടു കായ്ഫലം ലഭിച്ചു തുടങ്ങാൻ ചുരുങ്ങിയത് 3 – 31/2 വർഷം വേണ്ടി വരുന്നു. ആ സമയത്ത് തെങ്ങ് ഗുണം കുറഞ്ഞതാണെന്നു കണ്ടാൽ അത്രയും സമയവും അദ്ധ്വാനവും ചെലവാക്കിയ പണവും പാഴായിപ്പോയി എന്നു സാരം. അതുകൊണ്ട് തെങ്ങുനടുന്ന സമയത്തു തന്നെ അതിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ ശ്രദ്ധിക്കണം. നൂറുരൂപയിൽ താഴെ വില വരുന്ന, പരമാവധി ഒരു വർഷം മാത്രം ഉപയോഗിക്കുന്ന ഹവായ് ചെരുപ്പ് തെരഞ്ഞെടുക്കുമ്പോൾ നമ്മൾ ബ്രാൻഡ്, ഗുണനിലവാരം എന്നിങ്ങനെ നിരവധി കാര്യങ്ങൾ കർശനമായി നിരീക്ഷിക്കുകയും അതിനനുസരിച്ച് തീരുമാനം എടുക്കുകയും ചെയ്യും. പക്ഷേ 60 വർഷത്തോളം നിലനിന്ന് കായ്ഫലം തരേണ്ട തെങ്ങിന്റെ കാര്യത്തിൽ ഒരേയൊരു മാനദണ്ഡം മാത്രം നോക്കുന്നു – വിലക്കുറവ്. ഈ നിലപാടിൽ മാറ്റം അനിവാര്യമാണ്. കൂടാതെ കുറിയ ഇനം തൈങ്ങിൻ തൈകൾ കൂടുതലായി നട്ടു വളർത്തേണ്ടതിന്റെ ആവശ്യകത കമ്പനികൾ കർഷകരെ ബോധ്യപ്പെടുത്തുകയും വേണം. കുറഞ്ഞ കാലയളവിൽ കൂടുതൽ വിളവ് ലഭിക്കും എന്നതു കൂടാതെ ഉയരം കുറവായതിനാൽ നീര ഉത്പാദിപ്പിക്കുവാനും ഈ കുറിയ ഇനം തെങ്ങുകൾ പ്രയോജനപ്പെടുത്താം. ഇന്ന് സംസ്ഥാനത്ത് നടീൽ വസ്തുക്കൾക്ക് നിലനിൽക്കുന്ന ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം വളരെ വലുതാണ്. നേര്യമംഗലത്തു പ്രവർത്തിക്കുന്ന ഡി.എസ്.പി ഫാമിൽ നിന്നും ഉത്പാദിപ്പിച്ച് വിതരണം ചെയ്യാവുന്ന തൈകൾക്ക് പരിധിയുണ്ട്. കൂടാതെ ബോർഡ് അംഗീകരിച്ച നഴ്സറികളിൽ നിന്നു ലഭ്യമാകുന്ന തൈകൾ കൂടി കൂട്ടിയാൽ പോലും ആവശ്യകതയുടെ അടുത്തൊന്നും എത്തുകയില്ല. ഇതിനു പ്രതിവിധി ഒന്നേയുള്ളൂ, കർഷക കൂട്ടായ്മകൾ തന്നെ ആവശ്യമുള്ള

നടീൽ വസ്തുക്കൾ വിത്തു പാകി മുളപ്പിച്ച് സ്വയം ഉപയോഗിക്കുക. ഗുണം രണ്ടാണ്. ഒന്ന്, അംഗങ്ങളായ കർഷകർക്ക് ആവശ്യ സമയത്ത് തൈകൾ ലഭ്യമാക്കാം. രണ്ട്, തൈകളുടെ ഗുണമേന്മ ഉറപ്പാക്കാം.

## ഏകീകൃത വിളവെടുപ്പും കൂട്ടായ വിപണനവും


കേരളത്തിൽ നാളികേര മേഖലയിൽ ഏകീകൃത വിളവെടുപ്പു സമ്പ്രദായം നിലവിലുളളതായി കാണുന്നില്ല. ഓരോ കർഷകരും അവരവരുടെ സൗകര്യത്തിനനുസരിച്ച് വിളവെടുപ്പു നടത്തുകയും ഭൂരിഭാഗം പേരും ഇടനിലക്കാരൻ തീരുമാനിക്കുന്ന വിലക്ക് സ്വന്തം ഉത്പ്പന്നം വിൽക്കാൻ നിർബ്ബന്ധിതരാവുകയും ചെയ്യുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു. ഇതിൽ നിന്നും കർഷകർ മോചിതരാകണം. ഓരോ നാളികേര ഉത്പാദക സംഘങ്ങളും അവരുടെ കർഷകരുടെ വിളവെടുപ്പ് മുൻകൂട്ടി ക്രമീകരിക്കുകയും തദ്വാരാ കൂട്ടായ വിലപേശലിനുള്ള സാഹചര്യം ഒരുക്കുകയും വേണം. ഇതു മൂലം വിളവെടുപ്പിനുള്ള ചെലവുകൾ കുറക്കാമെന്നതിനു പുറമേ കർഷകർക്ക് സ്വന്തം ഉത്പന്നത്തിന് സാമാന്യം നല്ല വില ലഭിക്കുന്ന സ്ഥിതിയും സംജാതമാവും. കൂടാതെ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഏറ്റവും പരിശുദ്ധമായ കരിക്കിന്റെ വർദ്ധിച്ചു വരുന്ന വിപണന സാദ്ധ്യതകളും സംഘങ്ങൾ ചൂഷണം ചെയ്യേണ്ടതുണ്ട്. നാളികേരത്തിന് വിലയിടിയുന്ന കാലത്തു പോലും കരിക്കിന് ഉയർന്ന വിലസ്ഥിരതയുള്ള കാര്യം കണക്കിലെടുക്കണം. കരിക്കിനു പകരം വയ്ക്കാൻ മറ്റൊന്നില്ലാത്തതിനാൽ ഭാവിയിലും ഈ ഉത്പന്നത്തിന്റെ ആവശ്യകത പതിൻമടങ്ങ് വർദ്ധിക്കുകയേയുള്ളൂ. കരിക്കിന്റെ വിളവെടുപ്പിലും വിപണനത്തിലും വിളഞ്ഞ നാളികേരത്തിന്റേതു പോലെയുള്ള സമീപനം സ്വീകരിക്കാം. ഈ നടപടിയിലൂടെ കർഷകരുടെ ഉത്പന്നത്തിന് പരമാവധി വില ഉറപ്പാക്കാനും സാധിക്കും. മുൻകൂട്ടി തയ്യാറാക്കിയ ലക്ഷ്യവും ക്രിയാത്മകവും സംഘടിതവുമായ പ്രവർത്തനവും മാത്രമാണ് ഇതിനാവശ്യം. കർഷകരുടെ ഇതേ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് കൂട്ടായ്മകൾ രൂപീകരിച്ചിരിക്കുന്നത്. ആനുകൂല്യങ്ങൾ സൗജന്യമായി ലഭിച്ചു കഴിഞ്ഞു, ഇനി നമുക്കെന്തുകാര്യം എന്നാണ് കേരകർഷകർ ചിന്തിക്കുന്നതെങ്കിൽ നമുക്കെല്ലാകാലവും വിലയിടിവിന്റെ സമയത്ത് കൂട്ടവിലാപം നടത്താം. സ്വന്തം നിഷ്ക്രിയത്വവും മടിയും മറ്റുള്ളവരുടെ കണക്കിൽപ്പെടുത്തി അവരിൽ പഴിചാരിക്കൊണ്ടിരിക്കാം. മറിച്ച് ഉത്പന്നത്തിന് എല്ലാക്കാലത്തും സ്ഥിരമായി നല്ല വില ലഭിക്കണമെന്നുണ്ടെങ്കിൽ ആലസ്യം വെടിഞ്ഞ് കൂട്ടായ പ്രവർത്തനത്തിലേർപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## ഉത്പന്ന സംഭരണവും പ്രാഥമിക സംസ്ക്കരണവും

ഉത്പന്നങ്ങൾ കൂട്ടായി സംഭരിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചുവല്ലോ. ഇവ കൂടുതൽ കാലത്തേക്ക് സംഭരിക്കേണ്ടി വരുമ്പോൾ അവയുടെ പ്രാഥമിക സംസ്കരണത്തിലേക്കും കൂടി കർഷകർ ശ്രദ്ധയൂന്നണം. ചെറിയ തോതിലാണെങ്കിൽ പോലും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനു വേണ്ട സാഹചര്യം ഒരുക്കണം. ഒരു കാലത്തും ഉത്പന്ന വിലയനുസരിച്ചല്ല മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണി എന്നും മനസ്സിലാക്കണം. റബ്ബറിന്റെ വില കിലോക്ക് 200 രൂപയിൽ നിന്നും 100 രൂപയായി കുറഞ്ഞപ്പോഴും റബ്ബർ ചെരുപ്പിന്റെയും ടയറിന്റേയും വില കൂടിയതല്ലതെ ഒരു രൂപ പോലും കുറഞ്ഞിട്ടില്ല. അതാണ് മൂല്യവർദ്ധിത ഉത്പന്ന വിപണിക്കുള്ള മുൻതൂക്കം. നാളികേരം കൊപ്രയോ, വെളിച്ചെണ്ണയോ ആയി സംസ്കരിക്കുമ്പോൾ ചെറിയ അളവിൽ മൂല്യം വർദ്ധിക്കുന്നുണ്ട്. കൂടാതെ കൂടുതൽ കാലത്തേക്ക് സംഭരിച്ചുവെക്കാനുള്ള സാഹചര്യവും കൈവരും. നാളികേരത്തിന്റെയും കൊപ്രയുടേയും കാര്യത്തിൽ ഒരു പരിധിവരെ വിപണിവില കർഷകരെ സ്വാധീനിക്കുമെങ്കിൽ ബ്രാൻഡഡ് വെളിച്ചെണ്ണയുടെ കാര്യത്തിൽ സ്ഥിതി മറിച്ചാണ്. ഈ മൂല്യവർദ്ധിത ഉത്പന്നത്തിന്റെ വില നിശ്ചയിക്കുന്നത് കർഷകർ തന്നെയാണ്. ഉത്പാദകസംഘങ്ങൾ/ ഫെഡറേഷനുകൾ തോറും 10,000 നാളികേരം സംസ്കരണ ശേഷിയുള്ള കൊപ്രാ ഡ്രയറുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. വിലക്കുറവിന്റെ കാലത്ത് ഇവ കർഷകർക്ക് ഏറെ സഹായകരമായിരിക്കും. കൂടാതെ വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് പായ്ക്ക് ചെയ്ത് വിപണിയിലെത്തിക്കാനുള്ള യൂണിറ്റ് ഓരോ കമ്പനിയും സ്ഥാപിക്കണം. പ്രത്യേകിച്ച് ഭക്ഷ്യവകുപ്പ് മായം കണ്ടെത്തിയ 12 ബ്രാന്റഡ് വെളിച്ചെണ്ണകൾ കേരളത്തിൽ നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ. ഈ ബ്രാന്റുകൾ പിൻവലിക്കപ്പെട്ടപ്പോൾ സ്വാഭാവികമായി ഉണ്ടായ ശൂന്യത നികത്താൻ ഓരോ കമ്പനിയും നേരിട്ട് ശുദ്ധവും, മായമില്ലാത്തതുമായ ബ്രാൻഡഡ് വെളിച്ചെണ്ണ നിർമ്മാണത്തിലേക്ക് തിരിയണം. കേരളത്തിലെ കാസർഗോഡ്, കണ്ണൂർ എന്നീ വടക്കൻ ജില്ലകളിൽ ജൈവകൃഷിയുള്ളതിനാൽ ജൈവ വെളിച്ചെണ്ണ നിർമ്മാണത്തിനും വൻ സാദ്ധ്യതകളാണുള്ളത്. ഈ ഉത്പന്നത്തിന് ലോകമെമ്പാടും പ്രീമിയം വില ലഭിക്കുവാൻ ഒരു ബുദ്ധിമുട്ടും ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

> **ഓരോ നാളികേര ഉത്പാദക സംഘങ്ങളും അവരുടെ കർഷകരുടെ വിളവെടുപ്പ് മുൻകൂട്ടി ക്രമീകരിക്കുകയും തദ്വാരാ കൂട്ടായ വിലപേശലിനുള്ള സാഹചര്യം ഒരുക്കുകയും വേണം. ഇതു മൂലം കർഷകർക്ക് സ്വന്തം ഉത്പന്നത്തിന് സാമാന്യം നല്ല വില ലഭിക്കുന്ന സ്ഥിതി സംജാതമാവും.**

അടുത്ത പടിയായി കമ്പനിതലത്തിൽ ഉയർന്ന മുതൽ മുടക്ക് ആവശ്യമുള്ള നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തെപ്പറ്റി ചിന്തിക്കണം. ഇന്ന് ലോക വിപണിയിൽ വൻ സാദ്ധ്യതകളുള്ള ഒരു നാളികേര മൂല്യവർദ്ധിത ഉത്പന്നമുണ്ട് - വെർജിൻ കോക്കനട്ട് ഓയിൽ. അമേരിക്ക, ജപ്പാൻ, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ ഈ ഉത്പന്നത്തിന് വൻ ഡിമാന്റാണ്. 2013 -14ൽ കേവലം 5 കോടി രൂപയുടെ കയറ്റുമതി മാത്രം ഉണ്ടായിരുന്ന വെർജിൻ കോക്കനട്ട് ഓയിൽ 2014 - 15ൽ 24 കോടിരൂപയുടെ കയറ്റുമതിയാണ് രേഖപ്പെടുത്തിയത്. എല്ലാ മാസവും കൊച്ചി തുറമുഖത്തുനിന്ന് അമേരിക്കയിലേക്ക് സ്ഥിരമായി ഈ ഉത്പന്നം കയറ്റിപ്പോകുന്നു. നടപ്പുവർഷം ആദ്യപാദത്തിൽ തന്നെ 11 കോടിയുടെ കയറ്റുമതി നടന്നു കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷത്തെ ആദ്യ പാദവുമായി താരതമ്യം ചെയ്യുമ്പോൾ വെർജിൻ വെളിച്ചെണ്ണ കയറ്റുമതി അളവിലും മൂല്യത്തിലും 500 ശതമാനത്തിൽ കൂടുതൽ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2015-16ൽ പ്രതീക്ഷിക്കുന്ന കയറ്റുമതി 60 കോടി രൂപയുടേതാണ്. ഇങ്ങിനെ ഒരു ഉത്പന്നത്തിന് വിപണി ഉണരുമ്പോൾ നാം നിഷ്ക്രിയരായി തളർന്നിരിക്കരുത്. ഈ അവസരം മുതലെടുക്കുവാൻ ഏതെ



ങ്കിലും ആഗോള ഭീമന്മാർ രംഗത്തു വരുംവരെ കർഷക കൂട്ടായ്മകൾ കും ഭകർണ്ണ സേവയിലിരിക്കും എന്നതാണ് മുൻകാല അനുഭവം. ഇതിനൊരു മാറ്റം വന്നേ മതിയാവൂ. തെളിയുന്ന സാദ്ധ്യ തകൾ പരമാവധി ചൂഷണം ചെയ്യണം. വെർജിൻ കോക്കനട്ട് യൂണിറ്റുകൾ യാ ഥാർത്ഥ്യമാക്കാൻ കമ്പനികൾ തയ്യാറാവ ണം. കൂടുതൽ മുതൽ മുടക്ക് വേണ്ട സാ ഹചര്യത്തിൽ കമ്പനി തലത്തിൽ ആണ് ഈ യൂണിറ്റുകൾ സ്ഥാപിക്കേണ്ടത്. നാളികേര വികസന ബോർഡിന്റെ ടെക് നോളജി മിഷൻ പദ്ധതി ഇതിനു വേണ്ട സഹായം ലഭ്യമാണ് എന്നിരിക്കെ ഇനി യെങ്കിലും കമ്പനികൾ സടകുടഞ്ഞെഴു ന്നേറ്റ് കർമ്മോത്സുകരാകണം.

സ്വപ്നങ്ങൾ കണ്ടാൽ മാത്രം പോ രാ, നിശ്ചയിച്ച സമയത്ത് അവ യാഥാർ ത്ഥ്യമാക്കുക എന്നത് കൂടി കമ്പനി സാ രഥികളുടെ ഉത്തരവാദിത്തമാണ്. മറിച്ചാ ണെങ്കിൽ സ്വപ്നങ്ങൾ എല്ലാക്കാലത്തും സ്വപ്നങ്ങളായി തന്നെ അവശേഷിക്കും. കേരളത്തിനു ലഭിച്ച പുതിയ വരദാനമാ ണല്ലോ നീര. നീര ഉത്പാദനത്തിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം നേടി ക്കൊടുക്കാൻ കമ്പനികൾക്ക് കഴിയും. ഒരു തെങ്ങിൽ നിന്നും നാളികേരത്തിൽ കൂടി ലഭിക്കുന്ന വരുമാനത്തിനു പു റമേ അധിക വരുമാനം ഉറപ്പാക്കാൻ നീര ഉത്പാദനത്തിലൂടെ സാധിക്കും. ഒരു ഹെൽത്ത് ഡ്രിംഗ് എന്ന നിലയിൽ അനന്ത സാദ്ധ്യതകളാണ് നീരയ്ക്ക് മു ന്നിലുള്ളത്. നീര സംസ്ക്കരിച്ച് ദീർഘ ദിവസങ്ങളിലേക്ക് സൂക്ഷിച്ചുവെക്കാൻ സാധിക്കുന്ന നിർമ്മാണ/പായ്ക്കിങ്ങ് യൂണിറ്റുകൾ കമ്പനിയുടെ നേതൃത്വ ത്തിൽ യാഥാർത്ഥ്യമാവണം. സീസൺ വ്യതിയാനങ്ങൾ, ഉത്പന്നത്തിന്റെ ആവ ശ്യകതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ തരണം ചെയ്യാൻ ഈ സംസ് ക്കരണ യൂണിറ്റുകൾക്ക് കഴിയും. ഇങ്ങ നെയുള്ള യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായം കൂടാതെ സംസ്ഥാന സർ ക്കാറിന്റെ സാമ്പത്തിക സഹായത്തിനും അർഹതയുണ്ട്. ഈ യൂണിറ്റുകളുടെ ഉപയൂണിറ്റുകളായി ചകിരി, തേങ്ങാവെ ള്ളം എന്നിവ അസംസ്കൃത വസ്തുക്ക ളായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ കൂടി വിഭാവനം ചെയ്താൽ, പാ ഴായി പോകുന്ന ഉപോത്പന്നങ്ങളിൽ നിന്നും അധിക വരുമാനം ഉറപ്പാക്കാം. നാളികേര കയറ്റുമതി മേഖലയിൽ പൊ തിച്ച തേങ്ങക്കും നല്ല സാദ്ധ്യതകളുണ്ട്. പ്രവാസി ഇന്ത്യക്കാർ കൂടുതലായി കേ ന്ദ്രീകരിച്ചിരിക്കുന്ന ഗൾഫ്, അമേരിക്ക എന്നിവിടങ്ങളിലേക്ക് പച്ചത്തേങ്ങയുടെ കയറ്റുമതി സാദ്ധ്യതകൾ ആലോചിക്ക ണം.

പ്രവാസി മലയാളിക്ക് നാട്ടിലെ വി ഭവങ്ങളോടുള്ള താല്പര്യം മുതലാക്കു ന്നതിലൂടെ സ്ഥിരമായി ഉത്പന്നങ്ങളുടെ ആവശ്യകത നിലനിർത്താനും വിപണി ഉറപ്പാക്കുന്നതിനുമുള്ള സാഹചര്യങ്ങളാ ണ് തെളിയുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരത്തിൽ കയറ്റു മതിക്കു വേണ്ട ഉയർന്ന നിലവാരവും അളവും (തൂക്കം, വലുപ്പം) കുറഞ്ഞവ മറ്റു ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

ഉത്പാദക കമ്പനികൾ മുൻകൈ യെടുക്കേണ്ട മറ്റൊരു മേഖലയാണ് ദേ ശീയ വിപണി കണ്ടെത്തൽ. നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണി വളരെ ആഴവും പരപ്പും ഉള്ളതാണ്. ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലെ വിപണികളെല്ലാം തന്നെ ലക്ഷ്യമിടണം. ഇവിടെയെല്ലാം ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കണം. ഇതിനു വേണ്ട വിപണന തന്ത്രം മെനയണം. തായ്ലന്റിൽ നിന്നും മറ്റും ഇറക്കുമതി ചെയ്യുന്ന നാളികേരാ ധിഷ്ഠിത ഉത്പന്നങ്ങൾ നമ്മുടെ രാ ജ്യത്തെ പ്രധാന നഗരങ്ങളിലെ സൂപ്പർ മാർക്കറ്റുകളിൽ പ്രമുഖ പ്രധാന്യത്തോ ടെ അണിനിരക്കുന്ന കാര്യം കർഷ കൂട്ടാ യ്മകൾ കാണാതെ പോകരുത്.

നാളികേര ഉത്പാദക കമ്പനികൾ വിലക്കുറവിന്റെ കാലഘട്ടത്തിൽ ഉണർ ന്നു പ്രവർത്തിച്ചാൽ കർഷകരുടെ ഉത്പ ന്നങ്ങൾക്ക് ന്യായവും സുസ്ഥിരവുമായ വില ഉറപ്പു വരുത്താൻ സഹായിക്കും എന്നുള്ള കാര്യം തീർച്ചയാണ്. മുന്നിൽ നിന്ന് നയിക്കുന്നവരായിരിക്കണം നായ കർ. കേരകർഷകരുടെ വിശ്വാസം നേടി അവരെ ഏകോപിപ്പിച്ച് അവർക്ക് ആത്മ വിശ്വാസം പകർന്ന്, വ്യക്തമായ പദ്ധതി കൾ ആവിഷ്കരിച്ച് അവ യഥാസമയം നടപ്പാക്കുന്നതിലൂടെ വിലയിടിവിനെ പ്രതിരോധിക്കാൻ കമ്പനികൾക്കു സാധി ക്കണം. അപ്പോൾ മാത്രമേ കമ്പനി രൂപീ കരിച്ചതിന്റെ പ്രാഥമിക ലക്ഷ്യത്തിലേയ് ക്ക് നാം അടുക്കുകയുള്ളൂ. ■

# നാളികേര ഉത്പാദക കൂട്ടായ്മകളുടെ പ്രവർത്തന മേഖലകൾ

ആർ. ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ, നാളികേരവികസന ബോർഡ്, കൊച്ചി – 11

നാളികേര കർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കർഷകരുടെ ഉടമസ്ഥതയിൽ കർഷകർ ആരംഭിച്ച കർഷകരുടെ സംരംഭമാണ് ത്രിതല നാളികേര ഉത്പാദക കൂട്ടായ്മകൾ. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നാളികേര കർഷകർ സംഘടിച്ച് ഇതിനോടകം 21 നാളികേര ഉത്പാദക കമ്പനികൾ രൂപീകരിച്ച് പ്രവർത്തനങ്ങളുമായി മുന്നേറുന്നു. കഴിഞ്ഞ അഞ്ചു വർഷമായി നാളികേര വികസന ബോർഡിന്റെ മേൽ നോട്ടത്തിൽ കർഷകരുടേയും ബോർഡ് ഉദ്യോഗസ്ഥരുടേയും അക്ഷീണ പ്രയത്ന ഫലമായി ഈ കമ്പനികൾ 20 കോടിയിലധികം രൂപ ഓഹരി മൂലധനം സമാഹരിച്ച് പ്രവർത്തനങ്ങളുമായി മുന്നേറുന്നു. ഈ കൂട്ടായ്മയിൽ അംഗങ്ങളായ ചെറുകിട പരിമിത കർഷകരുടെ ഒരു തെങ്ങിൽ നിന്ന് ഒരു വിളവെടുപ്പിൽ ഒരു നാളികേരം എന്ന നിരക്കിൽ ശേഖരിച്ച ഓഹരി മൂലധനത്തിലൂടെ ശക്തിയാർജ്ജിച്ച് സമഗ്ര കാർഷിക വികസന വേദിയായി ഈ ഉൽപാദക കൂട്ടായ്മകൾ മാറിക്കഴിഞ്ഞു. ഉത്പാദക കമ്പനികൾക്കു ശക്തി പകരാൻ ഏറ്റവും താഴെ തട്ടിൽ 100 വരെ നാളികേര ഉത്പാദക സംഘങ്ങളും, അതിനു മുകളിൽ പത്ത് വരെ ഉത്പാദക ഫെഡറേഷനുകളുമായി ചേർന്ന ത്രിതല സംവിധാനമായാണ് ഈ കൂട്ടായ്മകൾ പ്രവർത്തിക്കുന്നത്. പരിധിയിൽ വരുന്ന പ്രദേശത്തെ കർഷകരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ ഏജൻസിയുമായി ബന്ധപ്പെട്ട് നാട്ടിൽ പലതരം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ ഉത്പാദക കമ്പനികൾക്കാവും. കർഷകരുടെ നന്മയ്ക്കു വേണ്ടി ഈ ഉത്പാദക കമ്പനികൾക്ക് ഏറ്റെടുത്തു നടപ്പിലാക്കാവുന്ന വിവിധ വികസന പ്രവർത്തനങ്ങളെ കുറിച്ചാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

## നടീൽ വസ്തുക്കളുടെ ഉത്പാദനവും വിപണനവും

നാളികേര ഉൽപാദക കൂട്ടായ്മകൾക്ക് ഇടപെടാവുന്ന പ്രധാന മേഖലയാണ് ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനവും വിപണനവും. ഇന്ന് നാളികേര മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഗുണമേന്മയുള്ള കുറിയ ഇനം, സങ്കര ഇനം തെങ്ങിൻ തൈകളുടെ ദൗർലഭ്യം.

**കർഷകരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ ഏജൻസിയുമായി ബന്ധപ്പെട്ട് നാട്ടിൽ പലതരം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാൻ ഉത്പാദക കമ്പനികൾക്കാവും. നടീൽ വസ്തുക്കളുടെ ഉത്പാദനം, ഉത്പാദന ഉപാധികളുടെ വിതരണം, വിജ്ഞാനവ്യാപനം, ഉത്പന്ന സംഭരണവും വിപണനവും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണവും വിപണനവും തുടങ്ങിയവ**

സർക്കാർ മേഖലയിൽ ഉത്പാദിപ്പിക്കാൻ സാധിക്കുന്ന തെങ്ങിൻ തൈകൾക്ക് പരിമിതിയുണ്ട്. ഓരോ പ്രദേശത്തേയും കർഷകർക്ക് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ആവശ്യാനുസരണം ലഭ്യമാക്കാൻ ഈ ഉത്പാദക കമ്പനികളുടെ മേൽ നോട്ടത്തിൽ തെങ്ങ് നേഴ്സറികൾ സ്ഥാപിക്കാം. പല ഉത്പാദക കമ്പനികളും ഈ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. വരും കാലങ്ങളിൽ നമ്മുടെ നാട്ടിൽ ഏറ്റവും ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉത്പാദക പ്രസ്ഥാനങ്ങളായി മാറി, ഈ പ്രശ്നത്തിനെ പരിഹാരം കാണാൻ കർഷക കൂട്ടായ്മകൾ ലക്ഷ്യം വയ്ക്കുന്നു. തെങ്ങിൻ തൈ കൂടാതെ ഇന്ന് കർഷകരുടെ ഇടയിൽ വളരെയേറെ ആവശ്യക്കാരുള്ള ഔഷധ വിളകൾ, കൊക്കോ, ജാതി, കുരുമുളക്, കശുമാവ്, അലങ്കാര ചെടികൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിലും വിതരണത്തിലും ഈ കർഷക കൂട്ടായ്മകൾക്ക് നല്ല പങ്ക് വഹിക്കാൻ കഴിയും. നമ്മുടെ നാട്ടിലെ നാണ്യവിളകളുടെ നടീൽ വസ്തുക്ഷാമം പരിഹരിക്കുവാനും അംഗീകാരമില്ലാത്ത സ്വകാര്യ നേഴ്സറികളുടെ തട്ടിപ്പിൽ നിന്നും കർഷകരെ സംരക്ഷിക്കുവാനും, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുവാനും ഇതുവഴി നാളികേര കമ്പനികൾക്ക് കഴിയും.

## ഉത്പാദന ഉപാധികളുടെ വിതരണം

ഉത്പാദക കമ്പനികൾക്ക് പ്രവർത്തിക്കാവുന്ന മറ്റൊരു മേഖലയാണ് കർഷകർക്ക് ഗുണമേന്മയുള്ള ഉത്പാദന ഉപാധികളുടെ വിതരണം. കൃഷി ആവശ്യത്തിനുള്ള വളങ്ങൾ, കീടനാശിനികൾ, സസ്യസംരക്ഷണ സാമഗ്രികൾ തുടങ്ങിയവ എത്തിച്ചു കൊടുക്കുന്ന സ്ഥാപനങ്ങളായും ഉത്പാദക കമ്പനികൾക്ക് പ്രവർത്തിക്കാം. കമ്പനികൾക്ക് വളങ്ങൾ ഉത്പാദകരിൽ നിന്ന് നേരിട്ടു കൊണ്ടു വന്ന് വിതരണം ചെയ്യാനാവും. കൃഷി ഉത്പാദന ഉപാധികൾ വില്പന നടത്തുന്നതിനുള്ള ലൈസൻസ് കരസ്ഥമാക്കി സർക്കാർ അംഗീകൃത കമ്പനികളുടെ വിതരണ ഏജൻസിയായും പ്രവർത്തിക്കാൻ അവസരമുണ്ട്. ഇതുവഴി അംഗങ്ങളായ കർഷകർക്ക് ന്യായമായ വിലയ്ക്ക് ഉത്പാദന ഉപാധികൾ എത്തിച്ചുകൊടുക്കാൻ കഴിയും. ഇതിനോടൊപ്പം സാങ്കേതിക ഉപദേശം കൂടി കൊടുക്കാനായാൽ, ഇവ കാര്യക്ഷമമായി കൃഷിയിടത്തിൽ പ്രയോഗിക്കുവാനും ഉത്പാദനം വർദ്ധിപ്പിക്കുവാനും കഴിയുമെന്നതിൽ സംശയമില്ല. കൂടാതെ സർക്കാരിന്റെ വിവിധ പദ്ധതികളിലേക്ക് വിത്തുകൾ വിതരണം ചെയ്യുന്ന ഏജൻസിയായും ഈ കമ്പനികൾക്ക് ഭാവിയിൽ പ്രവർത്തിക്കാൻ കഴിയും. അതായത് വിവിധ സർക്കാർ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുവാൻ കമ്പനികൾക്ക് അവസരമുണ്ടാകും എന്നു ചുരുക്കം.

## വിജ്ഞാനവ്യാപന പ്രവർത്തനം

നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ ശാസ്ത്രീയ രീതികളും കൃഷി മുറകളും വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും പല കാരണങ്ങളാൽ കർഷകർ ഇത് അനുവർത്തിച്ചു കാണുന്നില്ല. ശാസ്ത്രീയ കൃഷി രീതികളിൽ കൃഷിക്കാർക്ക് ബോധവത്ക്കരണം നല്കാൻ ഗ്രാമീണ തലത്തിൽ വേണ്ടത്ര സൗകര്യം ഇല്ല എന്നത് ഇതിന് ഉദാഹരണമാണ്. പഞ്ചായത്ത് തലത്തിൽ കൃഷിഭവനുകൾ ഉണ്ടെങ്കിലും ശാസ്ത്രീയ കൃഷി രീതികൾ പറഞ്ഞുകൊടുക്കാനുള്ള സാങ്കേതിക വൈദഗ്ധ്യമോ സമയമോ അവർക്കില്ല എന്നതാണ് വാസ്തവം. ഉൽപാദക കൂട്ടായ്മകൾക്ക് ഈ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയും. ബോർഡിന്റെ ആഭിമുഖ്യത്തിൽ പരിശീലിപ്പിച്ച് ഇപ്പോൾ തെങ്ങു സംരക്ഷണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടങ്ങൾക്ക് കമ്പനികളുടെ കീഴിൽ സംഘടിച്ച് ഈദൃശ മാതൃകാ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിയും. കൂടാതെ നാളികേര ഉതപാദക കൂട്ടായ്മയിൽ പരിചയസമ്പന്നരായ കൃഷിക്കാർക്ക് പരമ്പരാഗതമായി ലഭിച്ച അറിവുകൾ പങ്കു വയ്ക്കാനുള്ള അവസരങ്ങളും ഉണ്ട്. മാത്രവുമല്ല, കൂട്ടായ്മയിൽ നിന്നു സമർത്ഥരായ കർഷകരെ തെരഞ്ഞെടുത്ത് ഗവേഷണ സ്ഥാപനങ്ങളിലും മറ്റും അയച്ച് പരിശീലിപ്പിച്ച് വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ നേതൃത്വം അവരെ ഏല്പ്പിക്കാം.

## ഉത്പന്ന സംഭരണവും വിപണനവും

കേര കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ ഇടനിലക്കാരുടേയും ബഹുരാഷ്ട്ര കമ്പനികളുടേയും ചൂഷണത്തെ മറികടന്ന്, വിപണനം നടത്തുന്നതിനും പ്രൊഡ്യൂസേഴ്സ് കമ്പനികൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. ഓരോ കമ്പനികളുടേയും പരിധിയിൽ വരുന്ന കർഷകരുടെ വീട്ടാവശ്യം കഴിച്ച് മിച്ചം വരുന്ന തേങ്ങ സംഭരിക്കുവാനും വിപണനം നടത്തുവാനും കമ്പനികൾ മുൻ കൈ എടുക്കണം. അതായത് വിവിധ കാർഷികോത്പന്നങ്ങളുടെ താങ്ങു വില സംഭരണ ഏജൻസിയായി പ്രവർത്തിക്കുവാനും, ഈ ഉത്പാദക കൂട്ടായ്മകൾക്ക് അനസരമുണ്ട് എന്നു ചുരുക്കം. ഇതിനകം പല കമ്പനികളും ഈ മേഖലയിൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നാളികേരത്തെ കൂടാതെ മറ്റു കാർഷിക ഉത്പന്നങ്ങളുടെ സംഭരണത്തിലും വിപണനത്തിലും ഉത്പാദക കമ്പനികൾ പ്രവർത്തിക്കാൻ കഴിയും. ഉദാഹരണമായി നമ്മുടെ നാട്ടിൽ രണ്ടാം ഊഴത്തിൽ വന്ന് കർഷകരുടെ ഇടയിൽ വീണ്ടും സ്ഥാനം നേടിയ കൊക്കോയുടെ കാര്യം തന്നെ നോക്കുക. ബഹുരാഷ്ട്ര കമ്പനികൾ ആധിപത്യം ഉറപ്പിച്ചിരുന്ന കൊക്കോ വിപണിയിലേക്ക് കർഷകരുടെ ഉത്പാദകമ്പനികൾ കടന്നു വന്നപ്പോഴാണ് കൊക്കോയുടെ വില അന്താരാഷ്ട്ര വിലയോടടുത്ത് സ്ഥിരമായി ഉയരാൻ തുടങ്ങിയത്.

കൊക്കോ ഉത്പാദക കമ്പനികൾ നിലവിൽ വരുന്നതിനു മുമ്പ് 2007 -ൽ കൊക്കോ പച്ചക്കുരുവിന് 16 രൂപ ആയിരുന്നു വില. എന്നാൽ 2009-ൽ കേരളത്തിലും കർണ്ണാടകത്തിലും കർഷകരുടെ കൊക്കൊ ഉൽപാദക കൂട്ടായ്മകൾ നിലവിൽ വന്നതോടെയാണ് 2009-ൽ വില 50-52 രൂപ വരെയാവുകയും, അത് തുടർന്ന് അങ്ങനെ നിലനിന്നു വരുന്നു. അതായത് പ്രൊഡ്യൂസേഴ്സ് കമ്പനികളുടെ വരവോടെ ബഹുരാഷ്ട്രക കമ്പനികൾ കൊക്കോയ്ക്കു കൂടുതൽ വില നൽകാൻ നിർബന്ധിതരായി. ഇപ്രകാരം നാളികേരത്തിന്റെ വിലയിടിവു വരുന്ന സമയത്ത് നാളികേര ഉത്പാദക കൂട്ടായ്മകൾക്ക് വിപണിയിൽ ഇടപെടാനും, കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുവാനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ പൊതു ജനങ്ങൾക്ക് നൽകുവാനും കഴിയും.

## മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണവും വിപണനവും

കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യാൻ ഉത്പാദക കമ്പനികൾക്ക് സാധിക്കും. നാളികേരാധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങളായ കൊപ്ര, വെർജിൻ കോക്കനട്ട് ഓയിൽ, നാളികേര ചിപ്സ്, നാളികേര പാൽ, നാളികേര പാൽപ്പൊടി, നീര, നീരയുത്പന്നങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി ഉത്പാദക യൂണിറ്റുകൾ തുടങ്ങുന്നതിന് കർഷക കൂട്ടായ്മകൾക്ക് സാധിക്കും. അംഗങ്ങളായ കർഷകരുടെ തേങ്ങ സംഭരിച്ച് മേൽപറഞ്ഞ സംരംഭങ്ങൾ തുടങ്ങാം. ഇത്തരം യൂണിറ്റുകൾ തുടങ്ങുന്നതിന് കേന്ദ്ര സംസ്ഥാന ഏജൻസികൾ നൽകി വരുന്ന സാമ്പത്തിക സഹായവും കൂട്ടായ്മകൾക്കു നേടിയെടുക്കാം.

ഇതിനകം തന്നെ പല കമ്പനികളും കൊപ്ര, വെളിച്ചെണ്ണ, നീര, നീരയുത്പന്നങ്ങൾ, ചിപ്സ് തുടങ്ങിയ വസ്തുക്കൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനം ആരംഭിച്ചു കഴിഞ്ഞു. നാളികേര വില ഉയർന്നു തന്നെ നിൽക്കുന്നതിന്, ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം സംരംഭങ്ങൾ കൂടുതൽ തുടങ്ങുവാൻ കമ്പനികൾ മുന്നോട്ടു വരണം.

കൂടാതെ നാളികേരത്തിന്റേയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടേയും അംഗീകൃത കയറ്റുമതി ഏജൻസിയായി പ്രവർത്തിച്ച് വിദേശ നാണ്യം നേടി നാടിനെ സമ്പന്നമാക്കാൻ ശേഷിയുള്ള ഏജൻസിയായും പ്രവർത്തിക്കാൻ ഇത്തരം ഉൽപാദക കമ്പനികൾക്ക് അവസരമുണ്ട്.

നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനും സ്വന്തം ബ്രാൻഡിൽ ഉത്പന്നങ്ങൾ നിർമ്മിച്ച് ആഭ്യന്തര അന്താരാഷ്ട്ര വിപണികളിൽ എത്തിക്കുവാനും ഉത്പാദകകമ്പനികൾക്ക് അവസരമുണ്ട്. ഇപ്രകാരം നാളികേരാധിഷ്ഠിത സംസ്ക്കരണ യൂണിറ്റുകൾ തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപാ വരെ വായ്പാധിഷ്ടിത സബ്സിഡിയായി നാളികേര വികസന ബോർഡിൽ നിന്നും ലഭിക്കും.

കൂടാതെ സംസ്ഥാന ഗവൺമെന്റിൽ നിന്നും 25 % സബ്സിഡി ലഭ്യമാണ്. ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഉത്പാദക കമ്പനികൾ മുന്നോട്ടു വരണം. നിലവിൽ ഈ സാഹചര്യത്തെ അനുകൂലമാക്കി പല കമ്പനികളും നീര സംസ്ക്കരണ വിപണന യൂണിറ്റുകൾ ആരംഭിച്ചു കഴിഞ്ഞു.

അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉയർച്ച ലക്ഷ്യമാക്കി നാളികേര ഉത്പാദക കൂട്ടായ്മകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുന്ന ചില പ്രവർത്തന മേഖലകളെ കുറിച്ചാണ് മുകളിൽ ചർച്ച ചെയ്തത്. ഇതിനായി സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി കൂട്ടായ്മകൾ നല്ല ബന്ധങ്ങൾ സ്ഥാപിക്കണം. മറ്റ് കാർഷിക വികസന ഏജൻസികളുടെ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കാനുള്ള വേദിയായി കൂടി നമ്മുടെ കൂട്ടായ്മകൾക്കു മാറുവാൻ കഴിയണം. ■

# നാട്ടിൻപുറങ്ങളിൽ നാളികേര കൂട്ടായ്മയുടെ ഉണർത്തുപാട്ട്

കെ. എസ്. സെബാസ്റ്റ്യൻ
അസിസ്റ്റന്റ് ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11



*ബേഡ്സ് ഫീഡർ*

രാജ്യത്ത് നാളികേര ഉത്പാദക കമ്പനികളുടെ രൂപീകരണം അതിദ്രുതം മുന്നേറുകയാണ്. പ്രധാന നാളികേര ഉത്പാദക സംസ്ഥാനങ്ങളിലായി 36 ഉത്പാദക കമ്പനികൾ ഇതിനോടകം രൂപീകൃതമായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ചുരുങ്ങിയത് 50 ഉത്പാദക കമ്പനികളെങ്കിലും രൂപീകൃതമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. അഞ്ചുകോടി രൂപ അംഗീകൃത മൂലധനമുള്ള കമ്പനികളായാണ് ഈ ഉത്പാദക കമ്പനികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. നാളികേര കർഷകർക്ക് വ്യക്തിപരമായോ, കൂട്ടായ്മയായ നാളികേര ഉത്പാദക സംഘത്തിനോ ഫെഡറേഷനോ മാത്രമേ ഉത്പാദക കമ്പനിയിൽ അംഗത്വം ലഭിക്കുകയുള്ളൂ.

കർഷകന്റെ ധനശേഷി അനുസരിച്ച് കമ്പനിയുടെ ഓഹരികൾ എടുക്കുന്നതിനു പകരം കർഷകരുടെ നാളികേര കൃഷിക്ക് അനുപാതികമായി ഓഹരികൾ എടുക്കുന്ന രീതിയാണ് ഉത്പാദക കമ്പനികൾ അവലംബിക്കുന്നത്. ഉദാഹരണത്തിന് കുടുംബത്തിന് 100 കായ്ക്കുന്ന തെങ്ങ് സ്വന്തമായിട്ടുള്ള കർഷകൻ കമ്പനിയുടെ 100 ഓഹരികൾ നേരിട്ടോ/ സി.പി.എസുകൾ വഴിയോ എടുക്കുമ്പോൾ 50 തെങ്ങ് സ്വന്തമായുള്ള കർഷകൻ 50 ഓഹരികൾ എടുക്കുക എന്ന രീതി.

വിവിധ സംസ്ഥാനങ്ങളിൽ ഇതിനോടകം രൂപീകൃതമായ നാളികേര ഉത്പാദക കമ്പനികളുടെ വിവരങ്ങൾ -

പട്ടിക

| ക്രമ നമ്പർ | സംസ്ഥാനം | കമ്പനികൾ |
|---|---|---|
| 1 | കേരളം | 21 |
| 2 | കർണ്ണാടക | 6 |
| 3 | തമിഴ്നാട് | 6 |
| 4. | ആന്ധ്ര | 3 |
| | ആകെ | 36 |

കമ്പനികളുടെ ഓഹരി സമാഹരണം വേഗത്തിൽ പുരോഗമിക്കുന്നു. 2015 -16 സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ തന്നെ അംഗീകൃത മൂലധനസമാഹരണം പൂർത്തിയാക്കാനുള്ള തയ്യാറെടുപ്പിലാണ് കമ്പനികൾ. കമ്പനികൾ തങ്ങളുടെ ബിസിനസ്സ് പ്ലാൻ തയ്യാറാക്കലും അവസാന ഘട്ടത്തിലാണ്. എല്ലാ കമ്പനികൾക്കും ഒരേ രീതിയിലുള്ള ഒരു ബിസിനസ്സ് പ്ലാൻ അല്ല, മറിച്ച് പ്രാദേശികവും, ആഭ്യന്തരവും, അന്തർദേശീയവുമായ സാഹചര്യങ്ങൾ സമഗ്രമായി വിലയിരുത്തി, മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ കമ്പനികൾ സ്വന്തമായി ബിസിനസ്സ് പ്ലാനുകൾ തയ്യാറാക്കുകയാണ്. ആരംഭത്തിൽ ഏതെങ്കിലും ഒരു ഉത്പന്നത്തിന് മുന്തിയ പരിഗണന ഉണ്ടാകുമെങ്കിലും വൈവിധ്യമാർന്ന ഉത്പന്നങ്ങളുടെയും ഉപോത്പന്നങ്ങളുടേയും നിർമ്മിതി അടുത്ത ഘട്ടത്തിൽ ഏറ്റെടുക്കാവുന്ന രീതിയിലുള്ള സമഗ്ര ബിസിനസ്സ് പ്ലാനുകളാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിലെ പ്രധാന ഉത്പന്നങ്ങൾ ശുദ്ധമായ വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, നീരയും നീരയുത്പന്നങ്ങളും, ഡെസിക്കേറ്റഡ് കോക്കനട്ട് എന്നിവയായിരിക്കും. കമ്പനികൾ സ്ഥാപിക്കുന്ന സംസ്കരണ യൂണിറ്റുകളുടെ ശേഷി താരതമ്യേന ഉയർന്നതായിരിക്കും. ഈ യൂണിറ്റുകളുടെ കുറഞ്ഞ ശേഷി പട്ടിക 2 ൽ

ഈ ഉത്പന്നങ്ങൾ തിരഞ്ഞെടുക്കുവാൻ കമ്പനികൾ മുമ്പോട്ട് വന്നത് പ്രധാനമായും അവയ്ക്കുള്ള ആഭ്യന്തര - വിദേശ വിപണികളിലെ വലിയ സാധ്യത മനസിലാക്കിയാണ്. ശുദ്ധമായ വെളിച്ചെണ്ണയ്ക്കും, ആരോഗ്യ പാനീയമായ നീരയ്ക്കും വൻ ആഭ്യന്തര വിപണിയുള്ളപ്പോൾ, വെർജിൻ കോക്കനട്ട് ഓയിലിനും, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിനും വിദേശത്ത് വൻ വിപണന സാദ്ധ്യതകൾ ഉണ്ട്. വെളിച്ചെണ്ണയുടെ ആഭ്യന്തരവില അന്താരാഷ്ട്ര വിലയേക്കാൾ ഉയർന്നതാകയാൽ സ്വാഭാവികമായും വിപണനത്തിന് ആഭ്യന്തര വിപണിയെ തന്നെ കൂടുതലായി ആശ്രയിക്കേണ്ടി വരും. എന്നാൽ ഭക്ഷ്യാവശ്യത്തിനുവേണ്ട ചെറിയ പായ്ക്കറ്റിലാക്കിയ (500 മി.ലി മുതൽ 5 കിലോഗ്രാം വരെയുള്ള) ഉയർന്ന ഗുണനിലവാരമുള്ള വെളിച്ചെണ്ണയ്ക്ക് വിദേശത്തു നിന്നും ധാരാളമായി അന്വേഷണങ്ങൾ വരുന്ന സാഹചര്യത്തിൽ, അതും കമ്പനികൾക്ക് സമർത്ഥമായി ഉപയോഗപ്പെടുത്താം. ഈ രീതിയിൽ കയറ്റി അയയ്ക്കുന്ന വെളിച്ചെണ്ണയ്ക്ക് അന്താരാഷ്ട്ര വിലയുടെ മൂന്നിരട്ടി വരെ നിലവിൽ ലഭിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്ത് നിന്നും ഈ രീതിയിൽ കയറ്റി അയച്ച വെളിച്ചെണ്ണയുടെ ശരാശരി വില കിലോയ്ക്ക് 212.00 രൂപ എന്ന നിലയിലായിരുന്നു എന്നാണ് കയറ്റുമതി രേഖകളിൽ നിന്നു വ്യക്തമാ

പട്ടിക 2

| ക്രമ നമ്പർ | പ്രധാന ഉത്പ്പന്നം | സംസ്കരണ ശേഷി (പ്രതിദിനം) |
|---|---|---|
| 1 | വെളിച്ചെണ്ണ | 5 മെ.ടൺ |
| 2 | വെർജിൻ വെളിച്ചെണ്ണ | 2 മെ.ടൺ |
| 3 | ഡെസിക്കേറ്റഡ് പൗഡർ | 2.5 മെ. ടൺ |
| 4. | നീര | 10,000 ലിറ്റർ |

കുന്നത്. ഈ കാലഘട്ടത്തിലെ വെളിച്ചെണ്ണയുടെ ശരാശരി അന്താരാഷ്ട്ര വില ഏകദേശം 1.1 അമേരിക്കൻ ഡോളർ മാത്രമായിരുന്നു.

തികച്ചും പ്രകൃതിജന്യ ആരോഗ്യ പാനീയമെന്ന നിലയിൽ നീരയ്ക്ക് വിദേശ വിപണി കണ്ടെത്താനും ക്ലേശിക്കേണ്ടിവരില്ല. നീരയിൽ നിന്നും ഉത്പാദിപ്പിക്കുന്ന പഞ്ചസാര (നീര ഷുഗർ)യ്ക്ക് വൻ വിദേശ വിപണിയുണ്ടാകുമെന്ന് ഉറപ്പാണ്. ഇപ്പോൾ തന്നെ നീര പഞ്ചസാരയ്ക്ക് ഗൗരവതരമായ ധാരാളം അന്വേഷണങ്ങൾ വിദേശ രാജ്യങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. പ്രമേഹ രോഗികൾക്ക് പോലും നിയന്ത്രിതഅളവിൽ ഉപയോഗിക്കുവാൻ കഴിയുന്ന നീര പഞ്ചസാര ലോകമാസകലം ഉറ്റു നോക്കുന്ന ഉത്പന്നമായി താമസംവിന മാറുമെന്നാണ് പ്രതീക്ഷ. വിദേശ വിപണിയിൽ ഏറ്റവും ലാഭക്ഷമത നേടാവുന്ന ഉത്പന്നമാണ് വെർജിൻ കോക്കനട്ട് ഓയിൽ. അന്താരാഷ്ട്ര വിപണിക്കു സ്വീകാര്യമായി ഈ ഉത്പന്നം ഉപഭോക്താക്കളിലേക്ക് നേരിട്ടെത്തിക്കാവുന്ന രീതിയിൽ പായ്ക്ക് ചെയ്ത് കയറ്റി അയക്കുമ്പോൾ കിലോഗ്രാമിന് 10 അമേരിക്കൻ ഡോളറിന് തുല്യമായ വില ലഭിക്കുവാൻ നിലവിൽ അവസരമുണ്ട്. 2013 – 14 വർഷത്തിൽ 5 കോടിക്കുള്ള വെർജിൻ വെളിച്ചെണ്ണ കയറ്റുമതി ചെയ്ത സ്ഥാനത്ത് 2014 –15 ൽകയറ്റുമതി 25 കോടിയായി ഉയർന്നു. ഈ വർഷം (2015 – 16) വെർജിൻ വെളിച്ചെണ്ണയുടെ കയറ്റുമതി 75 കോടിയായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ 1000 മെട്രിക് ടണ്ണിന് താഴെ മാത്രമുള്ള വെർജിൻ വെളിച്ചെണ്ണയുടെ കയറ്റുമതി അടുത്ത ഏതാനും വർഷത്തിനകം 10000 മെട്രിക് ടൺ എന്ന ലക്ഷ്യത്തിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിനും നിലവിൽ 3 ലക്ഷം മെട്രിക് ടൺ വിദേശ വിപണിയുണ്ട്. നാളികേര ഉത്പാദനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഫിലിപ്പീൻസ് ഈ വിപണിയുടെ 60% കയ്യടക്കുമ്പോൾ, മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്തോനേഷ്യ, വിപണിയുടെ 40% കൈയ്യടക്കിയിരിക്കുന്നു. ഇന്ത്യയുടെ നാളികേര ഉത്പാദനത്തിന്റെ 10 ശതമാനം മാത്രം ഉത്പാദനമുള്ള ശ്രീലങ്ക ഈ വിപണിയുടെ 12% നേടിയപ്പോൾ, നാളികേരോത്പാദനത്തിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ കയറ്റുമതി വിദേശ വിപണിയുടെ 1.5 ശതമാനത്തിൽ താഴെ മാത്രം. ഈ ഉത്പന്നത്തിന് വലിയ ആഭ്യന്തര വിപണി ഉള്ളതിനാൽ രാജ്യത്ത് നിലവിലുള്ള ഉത്പാദകർ ബഹുഭൂരിപക്ഷം വിദേശ വിപണിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നേയില്ല. എന്നാൽ ആഭ്യന്തര വിലയും അന്താരാഷ്ട്ര വിലയും തമ്മിലുള്ള വ്യതിയാനം ഏറ്റവും കുറഞ്ഞ നാളികേരോത്പന്നങ്ങളിൽ ഒന്നായ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിന് അന്താരാഷ്ട്ര ഗുണമേന്മ പാലിക്കാൻ കഴിഞ്ഞാൽ വലിയ അളവിൽ വിദേശ വിപണി നേടിയെടുക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. ഏറ്റവും ചുരുങ്ങിയത് 50000 മെട്രിക് ടൺ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ പ്രതിവർഷം നമ്മുടെ രാജ്യത്ത് നിന്നും കയറ്റി അയയ്ക്കുവാൻ കഴിയമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകത്തിലെ പ്രധാനപ്പെട്ട പല ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകൾക്കും വേണ്ട യന്ത്രോപകരണങ്ങൾ നിർമ്മിച്ചു നൽകുന്ന നമ്മുടെ രാജ്യത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഉത്പാദക യൂണിറ്റുകൾ പരിമിതമാണെങ്കിൽ അത് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ഗുണനിലവാരമുള്ള ഉത്പന്നം നിർമ്മിക്കുവാൻ കഴിഞ്ഞാൽ ഡെസിക്കേറ്റഡ് കോക്കനട്ട് കയറ്റുമതി എളുപ്പമാണ്. നമ്മുടെ സംസ്ഥാനത്ത് തന്നെ പ്രവർത്തിക്കുന്ന വിറ്റൽ അഗ്രോ ഇൻഡസ്ട്രീസ് എന്ന ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ നിർമ്മാണ യൂണിറ്റ് അന്താരാഷ്ട്ര നിലവാരത്തോടുകൂടി ഈ ഉത്പന്നം നിർമ്മിക്കുവാൻ പ്രാപ്തരാണ്. ഇതിനോടകം ഐ എസ്ഒ 22000 ഗുണനിലവാരം നേടിയ ഈ കമ്പനി നിലവിൽ പ്രതിമാസം 200 മെട്രിക് ടൺ എന്ന തോതിൽ ഡി.സി. പൗഡർ കയറ്റി അയക്കുന്നു. ഇത്തരത്തിലുള്ള ഒരു ഡസൻ യൂണിറ്റുകൾ നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചിരുന്നെങ്കിൽ ശ്രീലങ്കയ്ക്ക് തുല്യമായിട്ടെങ്കിലും ഈ ഉത്പന്നം കയറ്റി അയയ്ക്കുവാൻ നമുക്ക് കഴിയുമായിരുന്നു. ഈ അവസരം മുന്നിൽ കണ്ടു കൊണ്ടാണ് ഉത്പാദക കമ്പനികൾ ബിസിനസ്സ് പ്ലാനിൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറിനെ പ്രാമുഖ്യത്തോടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ചിരട്ടയിൽ നിർമ്മിക്കാവുന്നതുമായ ഐസ്ക്രീം കപ്പുകൾ, ബേഡ്സ് ഫീഡർ, ബേഡ്സ്, നെസ്റ്റ്, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മിതിയിലും ഏർപ്പെടുവാനാണ് ഉദ്ദേശിക്കുന്നത്.**






### ഉപോത്പന്നങ്ങളിൽ നിന്ന് അധിക ആദായം

പ്രധാന ഉത്പന്നങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനൊപ്പം ഉപോത്പ്പന്നങ്ങളുടെ വിപണന സാദ്ധ്യതയും പരമാവധി




പ്രയോജനപ്പെടുത്തുന്ന രീതിയിലായിരിക്കും ബിസിനസ്സ് പ്ലാനുകൾ കമ്പനികൾ തയ്യാറാക്കുക. വെളിച്ചെണ്ണയാധിഷ്ടിത യൂണിറ്റുകൾ, അവർക്കു ലഭിക്കുന്ന ചിരട്ട ഉപയോഗിച്ച് അന്താരാഷ്ട്ര വിപണിയിൽ ഉയർന്ന വിലയും നല്ല ഡിമാന്റും ഉള്ള ഐസ്ക്രീം കപ്പുകൾ, ബേഡ്സ് ഫീഡർ, ബേഡ്സ്, നെസ്റ്റ്, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മിതിയിലും ഏർപ്പെടുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവർത്തനങ്ങളിലൂടെ മാത്രം തേങ്ങയുടെ കാമ്പിൽ നിന്നും നിർമിക്കുന്ന ഉത്പന്നത്തിനു സമാനമായ വരുമാനം ചിരട്ടയിൽ നിന്നും ലഭിക്കാവുന്ന സാഹചര്യം സംജാതമാവുകയാണ്.

വെർജിൻ വെളിച്ചെണ്ണയും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറും നിർമ്മിക്കുന്ന യൂണിറ്റുകൾ നിശ്ചയമായും തേങ്ങവെള്ളം കൂടി ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതായിരിക്കും.

ഇളനീരിനൊപ്പം, വിളഞ്ഞ തേങ്ങയുടെ വെള്ളത്തിനും നല്ല വിദേശ വിപണിയുള്ളതിനാൽ ആഭ്യന്തര വിപണിയെ മാത്രം ആശ്രയിക്കാതെ കയറ്റുമതി മുഖേനയും യൂണിറ്റുകളുടെ ലാഭക്ഷമതയുയർത്തുവാൻ കഴിയും. നമ്മുടെ രാജ്യത്തു നിന്നും വിളഞ്ഞ തേങ്ങയുടെ വെള്ളം കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾളെല്ലാം വെർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റുകളിൽ നിന്നും, ഡെസിക്കേറ്റഡ് യൂണിറ്റുകളിൽ നിന്നുമാണ് പ്രധാനമായും കയറ്റുമതി ആവശ്യത്തിലേക്കുള്ള തേങ്ങ വെള്ളം ശേഖരിക്കുന്നത്.

**വെർജിൻ വെളിച്ചെണ്ണയും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡറും നിർമ്മിക്കുന്ന യൂണിറ്റുകൾ നിശ്ചയമായും തേങ്ങവെള്ളം കൂടി ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതായിരിക്കും. വിളഞ്ഞ തേങ്ങയുടെ വെള്ളത്തിനും നല്ല വിദേശ വിപണിയുള്ളതിനാൽ കയറ്റുമതി മുഖേന ലാഭമുയർത്താൻ കഴിയും.**




നീര സംസ്ക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കമ്പനികൾക്ക് നീരയെന്ന പാനീയത്തിനുപരി, നീരയിൽ നിന്നും ഉത്പാദിപ്പിക്കാവുന്ന നിരവധി ഉത്പന്നങ്ങളുടെ ഒരു നിര തന്നെ അണി നിരത്തുവാൻ കഴിയും. നീര ഹണിയും ശർക്കരയും, പഞ്ചസാരയും ഇവയുപയോഗിച്ചുണ്ടാക്കാവുന്ന നിരവധി ഭക്ഷണ പദാർത്ഥങ്ങളുമെല്ലാം നീര സംരംഭങ്ങളുടെ ലാഭക്ഷമത ഉയർത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കുവാൻ പര്യാപ്തമാണ്.

## പരിമിതികളില്ലാത്ത ചക്രവാളം

കമ്പനികളുടെ, കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് പരിമിതിയില്ലെന്ന് തന്നെ പറയാം. കമ്പനികൾ നാളികേര മേഖലയിലെ വ്യവസായ സംരംഭങ്ങളായി പ്രവർത്തിക്കുന്നതോടൊപ്പം തങ്ങളുടെ അംഗങ്ങൾക്ക് പ്രയോജനകരമായ കാർഷിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് പ്രാദേശിക ഉപഭോഗത്തിന് ഉപരിയായുള്ള ഉത്പ്പന്നങ്ങൾ സംഭരിക്കുവാനും മൂല്യവർദ്ധനവ് വരുത്തുവാനും വിപണനം നടത്തുവാനും കഴിയുമെന്നതിനാൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന ഒരു ചാലക ശക്തിയായി മാറുവാൻ കഴിയും.

വിത്തും, വളവും, കാർഷിക ഉപകരണങ്ങളും ഒക്കെ കർഷകർക്ക് ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളും കമ്പനികൾക്ക് അയഗ്നലളിതമായി ചെയ്യുവാൻ കഴിയും. കാര്യക്ഷമമായി പ്രവർത്തിച്ച് സർക്കാർ സർക്കാരേതര പദ്ധതികൾ കർഷകരിലേക്ക് നേരിട്ട് എത്തിക്കുവാൻ കമ്പനികൾക്ക് കഴിയുമെന്ന് തെങ്ങിന്റെ പുനരുദ്ധാരണ പദ്ധതിയിലൂടെ തെളിഞ്ഞ സാഹചര്യത്തിൽ ഭാവിയിലും ഇത്തരം പദ്ധതികൾ കമ്പനികളെ തേടിയെത്തുമെന്നതിൽ സംശയമില്ല.

## കമ്പനി പ്രവർത്തനം കാര്യക്ഷമമാക്കണം

നാളികേര കർഷക കൂട്ടായ്മകളായ നാളികേര ഉൽപാദക സൊസൈറ്റികളുടേയും ഫെഡറേഷന്റേയും കമ്പനികളുടേയും രൂപീകരണത്തിൽ കാണിച്ച ശുഷ്കാന്തി കർഷകർ ഈ സംവിധാനത്തിന്റെ തുടർ പ്രവർത്തനങ്ങളിലും കാണിക്കുമെന്ന് പ്രത്യാശിക്കാം. കാര്യക്ഷമമായി പ്രവർത്തിക്കുന്ന കമ്പനികൾക്കു കലവറയില്ലാത്ത സഹകരണം സർക്കാർ സംവിധാനത്തിലൂടെ ഉണ്ടാകുമെന്ന് ഉറപ്പായിരിക്കുകയാണ്. കമ്പനികൾക്ക് മൂലധന ഗ്രാന്റും, സംസ്ക്കരണ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായവും നൽകുവാൻ സംസ്ഥാന സർക്കാരുകളും, കേന്ദ്ര ഗവൺമെന്റ് സംവിധാനങ്ങളും ആവേശത്തോടെ മുന്നോട്ട് വന്നിരിക്കുന്ന സാഹചര്യത്തിൽ സുതാര്യവും, കാര്യക്ഷമവും, ഫലവപ്രദവുമായ പ്രവർത്തനങ്ങൾ കമ്പനിയുടെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്ന് കരുതുന്നു. കമ്പനികൾ യഥാർത്ഥ വ്യവസായ സംരംഭങ്ങൾ ആയതിനാൽ, വ്യവസായ സംരംഭങ്ങളെ നയിക്കുവാൻ ത്രാണിയുള്ളവരെ കണ്ടെത്തി യഥാ സ്ഥാനങ്ങളിൽ നിയോഗിക്കാൻ കാലവിളംബം ഉണ്ടാകരുത്.

ത്രിഭുവൻദാസ് പട്ടേലും, വർഗ്ഗീസ് കുര്യനും കൈകോർത്തപ്പോൾ രാജ്യാന്തര പ്രശസ്തമായ അമൂൽ മാതൃക ഉണ്ടായെങ്കിൽ, നാളികേര ഉത്പാദക കമ്പനികളുടെ രൂപീകരണത്തിന് കാരണഭൂതരായ അഭിനവ പ്രഭുവൻ ദാസ് പട്ടേലുമാർ കമ്പനികളെ വിജയത്തിന്റെ പാതയിലൂടെ കൈപിടിച്ചു നടത്തുവാൻ കാര്യപ്രാപ്തിയുള്ള, വർഗ്ഗീസ് കുര്യന്മാരെ കണ്ടെത്തുവാൻ കാലവിളംബം വരുത്താതിരുന്നാൽ ഇന്ത്യയിലെ നാളികേര കൃഷിയുടേയും സംസ്കരണത്തിന്റേയും രംഗങ്ങളിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഒരു കുതിച്ചു ചാട്ടമുണ്ടാകും. ■

# ഉത്പന്ന ശ്രേണിയുമായി കൊടുങ്ങല്ലൂർ കമ്പനി

• സാജൻ വർഗ്ഗീസ്
ചാർജ്ജ് ഓഫീസർ, തൃശൂർ




തൃശൂർ ജില്ലയിലെ ആദ്യത്തെയും കേരളത്തിലെ എട്ടാമത്തേതുമായി അഞ്ചു കോടിയുടെ അംഗീകൃത മൂലധനത്തോടുകൂടി കൊടുങ്ങല്ലൂർ നാളികേര കമ്പനി 2013 ഒക്ടോബർ 24-ാം തീയതി രജിസ്റ്റർ ചെയ്യപ്പെട്ടു. കൊടുങ്ങല്ലൂർ, മുകുന്ദപുരം താലൂക്കുകളിലെ പതിനൊന്ന് പഞ്ചായത്തുകളിൽ രൂപീകൃതമായ 180 നാളികേര ഉത്പാദക സംഘങ്ങളിലെ 15000 കർഷകരുടെ 6.5 ലക്ഷം തെങ്ങുകളിൽ നിന്ന് ലഭിക്കുന്ന മൂന്നു കോടി നാളികേരമാണ് കമ്പനിയുടെ ആസ്തി. കമ്പനിയുടെ ഔദ്യോഗികമായ ഉദ്ഘാടനം സംസ്ഥാന കൃഷി മന്ത്രി ശ്രീ. കെ. പി. മോഹനൻ 2014 ഫെബ്രുവരി 17 ന് പെരിഞ്ഞനത്ത് നിർവ്വഹിച്ചു.

പെരിഞ്ഞനം പഞ്ചായത്ത് പാട്ട വ്യവസ്ഥയിൽ നൽകിയ വ്യവസായ എസ്റ്റേറ്റ് കമ്പനിയുടെ താത്ക്കാലിക ആസ്ഥാനമായി വികസിപ്പിച്ച് കൊപ്ര, വെളിച്ചെണ്ണ, ഇളനീർ ചിപ്സ്, തേങ്ങാ വെള്ളത്തിൽ നിന്നുള്ള വിനാഗിരി, ഇളനീർ സോഡ, കോക്കനട്ട് ലെമണേഡ്, നാളികേര അച്ചാർ തുടങ്ങിയ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഇവിടെ നിർമ്മിക്കുന്നു. ദിനം പ്രതി 1000 ലിറ്റർ വരെ നീര ഇവിടുത്തെ ഈ പൈലറ്റ് പ്ലാന്റിൽ സംസ്ക്കരിക്കാം.

ചുരുങ്ങിയ കാലയളവിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനത്തിൽ നിന്നും ഒരു കോടി രൂപയുടെ വിറ്റു വരവ് കമ്പനിക്ക് നേടാനായി. അതിൽ തന്നെ 60 ലക്ഷത്തോളം രൂപ വെളിച്ചെണ്ണയുടേയും നാളികേരത്തിന്റേയും ചിപ്സിന്റേയും വിപണനത്തിൽ നിന്നാണ്.

ഗുണമേന്മയുള്ളതും വംശ ശുദ്ധിയുള്ളതുമായ നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി കമ്പനി കുറിയ ഇനം നാളികേര നഴ്സറി നടത്തുന്നുണ്ട്. എല്ലാ ഫെഡറേഷനുകളിലും നേഴ്സറി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

അഞ്ചു കോടി രൂപ അംഗീകൃത മൂലധനത്തോടു കൂടി ആരംഭിച്ച കമ്പനിക്ക് നാളിതുവരെ ഒരു കോടിയോളം രൂപ മാത്രമേ സമാഹരിക്കാൻ സാധിച്ചിട്ടുള്ളൂ. മൂന്നു കോടി രൂപയെങ്കിലും ഈ സാമ്പത്തിക വർഷത്തിന്റെ അർദ്ധ വർഷത്തിൽ സമാഹരിക്കാനുള്ള ഊർജ്ജിത ശ്രമത്തിലാണ് കമ്പനി.

നാളികേര വികസന ബോർഡ് വിവിധ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ നടത്തിയ പരിശീലന പരിപാടികളിൽ എല്ലാ ഡയറക്ടർമാരും, പരിശീലനം നേടിയിട്ടുണ്ട്. കമ്പനി ചെയർമാൻ നേരിട്ട് നിയന്ത്രിക്കുന്ന ഫിനാൻസ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിലൂടെയാണ് കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. ഓഹരി സമാഹരണം, നേഴ്സറി, നീര, കൊപ്ര, വെളിച്ചെണ്ണ, ഫിനാൻസ്, എക്സിക്യൂട്ടീവ് & കോ - ഓർഡിനേഷൻ, മാർക്കറ്റിംഗ്, ടെക്നിക്കൽ, ലേബർ & ലേബർ വെൽഫെയർ ഉൾപ്പെടെ 9 സബ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. പെരിഞ്ഞനം ഗ്രാമ പഞ്ചായത്തും മതിലകം ബ്ലോക്ക് പഞ്ചായത്തും കേര കൃഷിയുമായി ബന്ധപ്പെട്ട് തുടങ്ങിയ എല്ലാ പദ്ധതികളും കമ്പനി മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്.

പ്രദേശത്തെ എം.എൽ.എമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ കേന്ദ്ര വിള വിലനിർണ്ണയ കമ്മീഷന്റെ അധ്യക്ഷൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് (കൃഷി) യുടെ തലവൻ ശ്രീ. പി. രാജശേഖരൻ, കൃഷി ഡയറക്ടർ ശ്രീ. അനന്ത്കുമാർ, കേരള കാർഷിക സർവ്വകലാശാല ബാങ്കിംഗ് മാനേജ്മെന്റ് കോളേജ് ഡീൻ ഉൾപ്പെടെയുള്ള അദ്ധ്യാപകർ, കേരളത്തിലെ മറ്റു നാളികേര കമ്പനികളുടെ സാരഥികൾ തുടങ്ങിയവരുടെ സന്ദർശനം കമ്പനിക്കുള്ള അംഗീകാരമായി കാണാം.

പ്രവർത്തനങ്ങളിലൂടെ പ്രദേശത്തെ കേര കർഷക മേഖലക്കാകെ മാതൃകയാക്കാവുന്ന മൂല്യ വർദ്ധന ആശയങ്ങളും സുസ്ഥിര മാതൃകകളും സംയോജിപ്പിച്ചുകൊണ്ടുള്ള കാർഷിക സംസ്ക്കാരം ഉരുത്തിരിച്ചെടുക്കുവാൻ കമ്പനിക്ക് സാധിച്ചിട്ടുണ്ട്. സമൂഹത്തിന്റെ ഉന്നമനത്തിനുതകുന്ന കൊടുങ്ങല്ലൂർ കമ്പനിയുടെ പ്രവർത്തനങ്ങൾ അഭിമാനകരവും പ്രശംസനീയവും ആണ്. ■

# സർക്കാർ 10 കോടി വാഗ്ദാനം ചെയ്തപ്പോൾ നാളികേര കർഷകർ 20 കോടി സമാഹരിച്ചു

രൂപക് മാടശേരി
പ്രോജക്ട് മാനേജർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

നിത്യോപയോഗ സാധനവിപണിയിൽ വിലക്കയറ്റത്തിന്റെ കുത്തൊഴുക്കിനിടയിലും കേരളത്തിലെ നാളികേര കർഷകർ ഉത്പാദക കൂട്ടായ്മകളെ ചേർത്തു പിടിച്ചു. അവരുടെ വിശ്വാസവും കരുതലും ആ കൂട്ടായ്മകൾക്കുള്ള ഓഹരികളായി 20 കോടി രൂപയ്ക്കു മേൽ ഉയർന്നു. അതെ, കേരളത്തിലെ നാളികേര ഉത്പാദക കമ്പനികൾ മൂന്നു മാസം കൊണ്ട് സമാഹരിച്ചത് 20 കോടി രൂപയ്ക്കു മേൽ. കർഷകരുടെ ഉത്പാദക കമ്പനികൾ സമാഹരിക്കുന്ന ഓഹരികൾക്ക് ആനുപാതികമായി 25 ശതമാനം, പരമാവധി 50 ലക്ഷം രൂപ വരെ സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ മൂലധന സഹായധനമായി വകയിരുത്തിയിരുന്നു. ഗവൺമെന്റ് വിജ്ഞാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ 21 നാളികേര ഉത്പാദക കമ്പനികൾ ഊർജ്ജിത ഓഹരി സമാഹരണ യജ്ഞം നടത്തുകയായിരുന്നു.

ഗവൺമെന്റ് ഈ സഹായ ധനം പ്രഖ്യാപിക്കുന്നതിനും പാലക്കാട് നാളികേര ഉത്പാദക കമ്പനിയും കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയും രണ്ടര കോടി സമാഹരിച്ചു. രണ്ടു കോടി സമാഹരിച്ച മൂന്നാമത്തെ കമ്പനി കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയാണ്. ഓഹരി സമാഹരണത്തിൽ വൻ മുന്നേറ്റം നടത്തിയ മറ്റൊരു കമ്പനി തിരുക്കൊച്ചിയാണ്. 2015 ഏപ്രിൽ മാസത്തിൽ ഓഹരി സമാഹരണം ആരംഭിക്കുമ്പോൾ തിരുക്കൊച്ചിയുടെ മൊത്തം മൂലധനം 60 ലക്ഷം മാത്രമായിരുന്നു. എന്നാൽ ഊർജ്ജിത മൂലധന സമാഹരണത്തിന്റെ ഫലമായി ജൂലൈ 16-ന് അവരുടെ മൂലധന നിക്ഷേപം ഒന്നര കോടിക്ക് അടുത്ത് എത്തി. രണ്ടു മാസം കൊണ്ട് തൊണ്ണൂറ് ലക്ഷത്തോളം രൂപയാണ് കമ്പനിക്ക് കർഷകർ ഓഹരിയായി നല്കിയത്. ഓഗസ്റ്റ് മധ്യത്തോടെ മൂലധനം രണ്ടുകോടി രൂപയാക്കാൻ സാധിക്കുമെന്നാണ് ഭാരവാഹികളുടെ പ്രതീക്ഷ. സംഘങ്ങളും ഫെഡറേഷനുകളും അതിനുള്ള പരിശ്രമത്തിലാണ്.

കേരളത്തിലെ 19 -ാമത്തെ നാളികേര ഉത്പാദക കമ്പനിയായ തിരൂർ നാളികേ ഉത്പാദക കമ്പനിക്ക്, രജിസ്ട്രേഷനു വേണ്ടി മെയ് മാസത്തിൽ കർഷകർ സമാഹരിച്ച് നല്കിയ മൂലധനം അഞ്ചു ലക്ഷമായിരുന്നു. ജൂൺ -ജൂലൈ മാസങ്ങൾകൊണ്ട് കമ്പനിയിലെ അംഗങ്ങളായ കർഷകർ ഓഹരിയായി സമാഹരിച്ചത് ഒരു കോടി അഞ്ചു ലക്ഷം രൂപയാണ്. നാളികേര കമ്പനിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് വ്യാപകമായ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്ത കമ്പനി, ബോധവത്ക്കരണത്തിലൂടെ കർഷകരുടെ വിശ്വാസം ആർജ്ജിക്കുകയും ആ വിശ്വാസത്തെ മൂലധനമാക്കി മാറ്റുകയുമാണ് ചെയ്തത്. ഇത് വിജയം കണ്ട

## ഐഐഎമ്മിൽ നാളികേര കർഷകർക്ക് വിദഗ്ധ പരിശീലനം



*പേരാമ്പ്ര കമ്പനിയുടെ ആഭിമുഖ്യത്തിൽ ഐഐഎമ്മിൽ നടന്ന ശില്പ്പശാല.*

**ച**രിത്രത്തിലാദ്യമായി കേരളത്തിലെ ഒരു കർഷക കൂട്ടായ്മ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഉന്നത മാനേജ്മെന്റ് പരിശീലന സ്ഥാപനമായ കോഴിക്കോട് ഐഐഎമ്മിൽ പരിശീലനം നേടി. ഓഹരി സമാഹരണം ഉൾപ്പെടെയുള്ള സംരംഭങ്ങളിൽ കൂട്ടായ്മകളുടെ നേതൃത്വത്തെ ബോധവത്ക്കരിക്കുന്നതിന് പേരാമ്പ്ര കമ്പനിയാണ് ഈ പുത്തൻ തന്ത്രം സ്വീകരിച്ചത്. കമ്പനിയുടെ കീഴിലുള്ള 200 നാളികേര ഉത്പാദക സംഘങ്ങളുടെ പ്രസിഡന്റുമാർ ജൂലൈ 25ന് രാവിലെ 8 മുതൽ വൈകിട്ട് 5.30 വരെ നടന്ന ഏകദിന നേതൃ പരിശീലന ശില്പ ശാലയിൽ പങ്കെടുത്തു. അത് കോഴിക്കോട് ഐഐഎമ്മിന്റെ ചരിത്രത്തിലും പുതിയ അധ്യായം എഴുതി ചേർത്തു.

പേരാമ്പ്ര കമ്പനി ചെയർമാൻ ശ്രീ.ഇഎസ് ജെയിംസ്, സിഇഒ ഉണ്ണികൃഷ്ണൻ എന്നിവരാണ് നാളികേര കർഷകർക്ക് ശില്പ ശാല എന്ന ആശയവുമായി ഐഐഎമ്മിനെ സമീപിച്ചത്.

ഐഐഎമ്മിലെ ഡോ. ഓം കുമാർ കോർഡിനേറ്റർ എന്ന ഉത്തരവാദിത്വം സന്തോഷം ഏറ്റെടുത്ത് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ശ്രീമതി പ്രിയ സഹകരിച്ചു. മാർക്കറ്റിംങ്, മനുഷ്യവിഭവശേഷി വികസനം, നേതൃത്വ വികസനം എന്നീ വിഷയങ്ങളിലാണ് ശില്പശാല ഊന്നൽ നല്കിയത്. നേതൃത്വ വികസനം എന്ന വിഷയത്തിൽ ശ്രീ മനോജ് മേനോൻ ക്ലാസ് നയിച്ചു.

നബാർഡിന്റെ പിഒപിഐ പദ്ധതിയിൽ ചക്കിട്ടപ്പാറ സഹകരണ ബാങ്കു വഴിയാണ് ശില്പശാല സംഘടിപ്പിച്ചത്. ഐഐഎം ഡീൻ ഡോ. രാധാകൃഷ്ണൻ ശില്പശാല ഉദ്ഘാടനം ചെയ്തു. നബാർഡ് ജനറൽ മാനേജർ എൻ രമേശ്, അസിസ്റ്റന്റ് ജനറൽ മാനേജർ ജെയിംസ് പി ജോർജ് എന്നിവർ ആശംസകൾ നേർന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രവൻകൂർ ചീഫ് മാനേജർ ശ്രീ രാജഗോപാൽ കല്പകശ്രീ കോംബോ കാർഡ് സംബന്ധിച്ച് കർഷകരുമായി സംവദിച്ചു.

പ്പോൾ മൊത്തത്തിൽ അവരുടെ ഓഹരി മൂലധനം ഒരു കോടി പത്തുലക്ഷമായി ഉയർന്നു. ജൂലൈ അവസാന വാരത്തിൽ മൂലധന സമാഹരണം രണ്ടുകോടി തികയ്ക്കുകയാണ് ലക്ഷ്യമെന്ന് കമ്പനിയുടെ ഓഹരി സമാഹരണ സബ്കമ്മിറ്റി അറിയിച്ചു.

ഓഹരി സമാഹരണത്തിൽ വൻപുരോഗതി കൈവരിച്ച സ്ഥാപനമാണ് കോഴിക്കോട് ജില്ലയിലെ മൊകേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന കടത്തനാട് നാളികേര ഉത്പാദക കമ്പനി. 2015 മാർച്ചിൽ കമ്പനി രൂപീകൃതമകുമ്പോൾ 26 ലക്ഷമായിരുന്ന ഓഹരി മൂലധനം ജൂലൈ മധ്യവാരത്തിൽ ഒരു കോടിയായി. കമ്പനി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ഒരു ബജറ്റ് തയാറാക്കുകയും അതെക്കുറിച്ച് ലഘുലേഖ അച്ചടിച്ച് എല്ലാ ഫെഡറേഷനുകളിലും ഉത്പാദക സംഘങ്ങളിലും എത്തിക്കുകയുമാണ് ചെയ്തത്. കമ്പനിയുടെ പ്രവർത്തന പുരോഗതിയിൽ സന്തുഷ്ടരായ അംഗ കർഷകർ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി കൂടുതൽ ഓഹരി വാങ്ങുകയും അങ്ങനെ മൂലധനം ഒരു കോടിയോട് അടുക്കുകയുമായിരുന്നു.

രജിസ്റ്റർ ചെയ്യുന്ന സമയത്ത് ആറു ലക്ഷം രൂപ മൂലധനമായി പ്രവർത്തനം തുടങ്ങിയ ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര കമ്പനി ജൂലൈ മധ്യവാരത്തോടെ അത് 87 ലക്ഷമാക്കി ഉയർത്തി. സിപിഎഫ്, സിപിഎസ് തലങ്ങളിൽ കർഷകരുടെ യോഗങ്ങൾ വിളിച്ചു ചേർത്ത് ഓഹരി സമാഹരണത്തിന്റെ ആവശ്യകത അംഗങ്ങളെ നേരിട്ട് ബോധ്യപ്പെടുത്തിയാണ് കമ്പനി സംരംഭം വിജയിപ്പിച്ചത്. ഇതിന് ഓഹരി സമാഹരണ സബ്കമ്മിറ്റി അംഗങ്ങൾ മുന്നിട്ടിറങ്ങി.

എട്ടു ഫെഡറേഷനുകൾ മാത്രമുള്ള വടകര നാളികേര ഉത്പാദക കമ്പനി 2015 ഏപ്രിൽ മാസത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. ഓഹരി സമാഹരണത്തിനായി 12 അംഗ സബ് കമ്മിറ്റി രൂപീകരിച്ച് എല്ലാ വ്യാഴാഴ്ച്ചയും ഓഫീസിൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തിയിരുന്നു. കമ്പനി വൈസ് ചെയർമാൻ സദാനന്ദനാണ് സബ് കമ്മിറ്റി അധ്യക്ഷൻ. ഇതിനോടകം ഒരു കോടി അറുപത്തഞ്ച് ലക്ഷം രൂപ കമ്പനി ഓഹരി മൂലധനമായി സമാഹരിച്ചു കഴിഞ്ഞു. സബ് കമ്മിറ്റി അംഗങ്ങൾ ഓരോ അംഗത്തെയും വ്യക്തിപരമായി സന്ദർശിച്ച് ബോധവത്ക്കരണം നടത്തിയാണ് ഇത്രയും വേഗത്തിൽ ഈ തുക സമാഹരിക്കാൻ സാധിച്ചത്.

കേരളത്തിൽ 20-ാമത്തെ നാളികേര ഉത്പാദക കമ്പനിയായി രജിസട്രേഷന് ഒരുങ്ങുന്ന പൊന്നാനി മൂന്ന് ആഴ്ച്ച കൊണ്ട് 70 ലക്ഷം രൂപ ഓഹരിയായി സമാഹരിച്ചു കഴിഞ്ഞു.

വടക്കൻ കേരളത്തിലെ ആദ്യകമ്പനികളായ തേജസ്വിനി ഒരു കോടി പതിനഞ്ചു ലക്ഷം സമാഹരിച്ചപ്പോൾ കോഴിക്കോട് ഒരു കോടി പതിനൊന്നു ലക്ഷം സമാഹരിച്ചു. ഓഹരി സമാഹരണം തുടരുന്നു. വൈവിധ്യവത്ക്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനിയും ഒരു കോടിയോളം രൂപയുടെ ഓഹരി സമാഹരണം നടത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം നീര പ്ലാന്റ് കമ്മിഷൻ ചെയ്ത ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനി ഇതുവരെ 75 ലക്ഷം സമാഹരിച്ചു. ■

# ഫെഡറേഷനുകളിലൂടെ ഇടുക്കി കമ്പനി രൂപീകരണത്തിലേക്ക്

● പ്രമോദ് പി കുര്യൻ
അസിസ്റ്റന്റ് ഡയറക്ടർ, സിഡിബി, കൊച്ചി-11

**ഇ**ടുക്കി ജില്ലയിലെ കുടിയേറ്റ കർഷകൻ കുടിയേറ്റ സമയത്ത് തെങ്ങ് വെച്ച് അത് കായ്ച്ചു കിട്ടിയാൽ വിജയിച്ചു എന്നാണ് സങ്കല്പം. തെങ്ങ് കായ്ക്കാൻ 5- 6 വർഷം എടുക്കും. ആ കാലയളവിനുള്ളിൽ മറ്റു വിളകളും ഫലം തന്നു തുടങ്ങുമെന്ന് സാരം.

താരതമ്യേന നാളികേര കൃഷി കുറവായ ഇടുക്കി ജില്ലയിൽ കഴിഞ്ഞ ഒരു വർഷമായി നാളികേരത്തിന് കൂടുതൽ ശ്രദ്ധ ലഭിച്ചു തുടങ്ങിയിട്ട്. നാളികേര വികസന ബോർഡിന്റെ നാളികേര ഉത്പാദക സംഘങ്ങളിലൂടെയായിരുന്നു ഇതിനു തുടക്കം. ആദ്യമൊക്കെ ഉത്പാദക സംഘങ്ങൾ രൂപീകരിക്കാൻ വിമുഖരായിരുന്ന കർഷകർ നാളികേര വികസന ബോർഡിന്റെ നിരന്തരമായ പ്രോത്സാഹനത്തെ തുടർന്ന് സംഘ രൂപീകരണം ആരംഭിച്ചു. 2014 - 15 കാലഘട്ടത്തിൽ 39 സംഘങ്ങളും ഒരു ഫെഡറേഷനുമാണ് ഇടുക്കിയിൽ രൂപീകൃതമായത്. കഴിഞ്ഞ 8 മാസം കൊണ്ട് സംഘരൂപീകരണം, 124 ലേക്ക് ഉയർന്ന് 6 ഫെഡറേഷൻ രൂപികരണവും പൂർത്തികരിച്ചു. ഇടുക്കി ജില്ലയിലെ ഇദംപ്രദമായി രൂപീകരിച്ച ഇടുക്കി ബ്ലോക്ക് ഫെഡറേഷൻ, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനവും, നീര ഉത്പാദനവും ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. കൂടാതെ ഇടുക്കി ഫെഡറേഷന്റെ നേതൃത്വത്തിൽ കൊയർ ഡിഫൈബറിങ്ങ് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അടിമാലി കേന്ദ്രീകരിച്ച് ഒരു ഫെഡറേഷൻ രൂപീകരണം അന്തിമ ഘട്ടത്തിലാണ്.

ഇടുക്കി ജില്ലയിലെ ഫെഡറേഷനുകൾ ചേർന്ന് ഒരു മിനി കമ്പനി രൂപീകരിച്ച് നാളികേരത്തിന് സ്ഥിരമായി, നല്ല വില ലഭിക്കുന്ന സ്ഥിതി ഉണ്ടാവുക എന്നതാണ് അടുത്ത പടി. ഫെഡറേഷനുകളുടെ നേതൃത്വത്തിൽ ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക, നീര ഉത്പാദിപ്പിച്ച് സംസ്കരിച്ച് വിപണനം നടത്തുക, വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ശുദ്ധമായ വെളിച്ചെണ്ണ ഉപഭോക്താക്കളിൽ എത്തിക്കുക എന്നിവയാണ് കമ്പനിയുടെ ഇപ്പോഴത്തെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

ഇതിന് ഇടുക്കി ജില്ലയിലെ കേര കർഷകരുടെ നിസ്വാർത്ഥമായ സഹകരണം ആവശ്യമാണ്. സംഘങ്ങളുടെയും ഫെഡറേഷനുകളുടെയും നേതൃത്വത്തിൽ ജാതി, രാഷ്ട്രീയ, സാമൂഹിക അതിർ വരമ്പുകൾ ഭേദിച്ച് ഒരുമയോടെ തോളോട് തോള് ചേർന്ന പ്രവർത്തനവും സഹകരണവും വഴിയേ ഇടുക്കി ജില്ലയിലെ കമ്പനി രൂപീകരണം സാധിക്കുകയുള്ളു. കമ്പനി രൂപീകരണത്തിനു നേതൃത്വം കൊടുക്കാൻ കഴിവും ആത്മാർത്ഥതയുമുള്ള യുവജനങ്ങൾ മുന്നോട്ട് വരേണ്ടതുണ്ട്. നിലവിലുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് തെങ്ങിൽ നിന്നുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് ഫലവത്തായി മാർക്കറ്റ് ചെയ്യാൻ പുതുതലമുറയിലെ പക്വതയാർന്ന യുവജനങ്ങൾ നിസ്വാർത്ഥ സേവനത്തിനായി മുന്നോട്ട് കടന്നുവരണം.

ഈ ഉദ്ദേശ്യലക്ഷ്യത്തോടെ അടുത്ത മാസത്തിൽ ഇടുക്കി ജില്ലയിലെ നാളികേര ഫെഡറേഷനുകളുടെ യോഗം വിളിച്ചു ചേർക്കാനാണ് നാളികേര വികസന ബോർഡ് ഉദ്ദേശിക്കുന്നത്.



# നീരയെ തിടമ്പേറ്റി തിരുക്കൊച്ചി

● എം എ ലീനമോൾ
ചാർജ് ഓഫീസർ, എറണാകുളം

2014 മാർച്ചിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച എറണാകുളം ജില്ലയിലെ തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനി ചെറിയ കാലയളവിനുള്ളിൽ വൻ മുന്നേറ്റത്തിലാണ്. ഏറ്റവും വലിയ മുന്നേറ്റം കമ്പനി സ്വന്തം ബ്രാൻഡിൽ നീര ഉത്പാദനവും സംസ്കരണവും വിപണനവും ആരംഭിച്ചു എന്നതാണ്. ഏഴു ഫെഡറേഷനുകൾക്കാണ് കമ്പനിയുടെ കീഴിൽ നീര ടാപ്പിങ്ങിന് ലൈസൻസ് ലഭിച്ചത്. മൂന്നു ബാച്ച് നീര ടെക്നീഷ്യന്മാർക്ക് കമ്പനി നേരിട്ട് പരിശീലനവും നല്കി. കമ്പനി നിലവിൽ 36 കർഷകരുടെ 242 തെങ്ങുകൾ ടാപ്പുചെയ്ത് പ്രതിവാരം 2572 ലീറ്റർ നീര ഉത്പ്പാദിപ്പിക്കുന്നു. സ്വന്തം സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയാകും വരെ കളമശേരിയിലുള്ള എസ്. സി .എം. എസ് പ്ലാന്റിൽ നീര സംസ്കരിച്ച് തിരുക്കൊച്ചി പ്രീമിയം എന്ന പേരിൽ വിപണിയിൽ എത്തിക്കുകയാണ് ഇപ്പോൾ. കൂടാതെ നീര ഹണി, നീര കോൺസൺട്രേറ്റ്, നീര ചക്കര എന്നീ മൂല്യ വർധിത ഉത്പ്പന്നങ്ങളും കമ്പനി വിപണിയിൽ ഇറക്കിയിട്ടുണ്ട്. നീരയിൽ നിന്ന് വിനാഗരി ഉത്പാദിപ്പിക്കാനുള്ള പദ്ധതിയുടെ ട്രയൽ പുരോഗമിക്കുന്നു.

## നീര പ്രോജക്ട്

2014 ഡിസംബറിൽ നീര കേക്ക് നിർമ്മിച്ചുകൊണ്ടാണ് കമ്പനി പൊതു വിപണിയിൽ രംഗപ്രവേശം ചെയ്തത്. മൂവാറ്റുപുഴയിലെ പ്രമുഖ ബേക്കറിയുമായി സഹകരിച്ചായിരുന്നു പദ്ധതി. ഉത്പ്പന്നങ്ങളുടെ വില്പനാർത്ഥം രണ്ടു കോക്കനട്ട് പോയിന്റുകളും പ്രവർത്തിപ്പിക്കുന്നു. നീരയിൽ നിന്നുള്ള ഏറ്റവും ഒടുവിൽ ലഭിച്ച ഒരാഴ്ച്ചത്തെ വരുമാനം 1.63 ലക്ഷം രൂപയാണ്. പിറവത്തിനു സമീപം ഓണക്കൂറിലാണ് കമ്പനിയുടെ നീര പ്ലാന്റ് നിർമ്മാണം പൂർത്തിയായി വരുന്നത്. 2015 ഒക്ടോബറിൽ കമ്മീഷൻ ചെയ്യാമെന്നു പ്രതീക്ഷിക്കുന്ന പ്ലാന്റിൽ ആൽഫ ലാവ്ലിന്റെ യന്ത്രസാമഗ്രികളാണ് സ്ഥാപിക്കുക.

## കൊപ്രഡ്രയറും നഴ്സറിയും

കമ്പനിയുടെ കീഴിലുള്ള കൂത്താട്ടുകുളം രാമമംഗലം എന്നീ ഫെഡറേഷനുകൾ 10000 നാളികേരം സംസ്കരിക്കാൻ ശേഷിയുള്ള കൊപ്രഡ്രയറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉത്പാദനം വൈകാതെ തുടങ്ങും. നാളികേര മേഖലയുടെ വികസനം അത്യുത്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ നട്ടു വളർത്തുന്നതിലൂടെ മാത്രമെ സാധ്യമാകൂ എന്ന തിരിച്ചറവിൽ നിന്നാണ് കമ്പനി കുറിയ ഇനം തെങ്ങിൻ തൈകളുടെ നഴ്സറി ആരംഭിച്ചത്. നാളികേര ബോർഡിന്റെ വിത്തുത്പാന പ്രദർശന തോട്ടങ്ങളിൽനിന്നും, തമിഴ്നാട്ടിലെ ഡിജെ, ഡിബി ഫാമുകളിൽ നിന്നും ശേഖരിച്ച വിത്തു തേങ്ങ പാകി നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് അംഗങ്ങളായ കർഷകർക്ക് നല്കുന്നു. രാമമംഗലം ഫെഡറേഷൻ 10000 തൈകളും, കൂത്താട്ടുകുളം ഫെഡറേഷൻ 30000 തൈകളുമാണ് ഇപ്രകാരം തയാറാക്കിയിരിക്കുന്നത്.

**2014 മാർച്ചിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച എറണാകുളം ജില്ലയിലെ തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനിയുടെ മുന്നേറ്റത്തിന്റെ കഥ**

## നൈപുണ്യ വികസനവും പരിശീലനവും

വിവിധ ഫെഡറേഷനുകളിൽ നിന്ന് നാല്പ്പത്തിയൊന്ന് പരമ്പരാഗത ചെത്തുതൊഴിലാളികളെ കമ്പനി കണ്ടെത്തുകയും അവർക്ക് വാഴക്കുളം സിഐടി, കളമശേരി എസ്.സി.എം.എസ് എന്നീ സ്ഥാപനങ്ങളിൽ മാസ്റ്റർ ടെക്നീഷ്യന്മാരായി പരിശീലനം നല്കുകയും ചെയ്തു. ഇതു കൂടാതെ മൂന്നു ബാച്ചുകളിലായി 49 ടെക്നീഷ്യന്മാർക്കും കമ്പനി പരിശീലനം നല്കി. കമ്പനിയുടെ പരിസരങ്ങളിൽ നിന്ന് വേണ്ടത്ര യുവാക്കൾ ടെക്നീഷ്യൻ പരിശീലനത്തിന് മുന്നോട്ടു വരാത്തതിനാൽ അഭയാപുരി ഫാമിൽ നിന്ന് എഫ് ഒ സി ടി പരിശീലനം ലഭിച്ച ആസാമിൽ നിന്നുള്ള 42 യുവാക്കളെ നീര ടെക്നീഷ്യൻ ട്രെയിനികളായി



*ആസാമിൽ നിന്നെത്തിയ നീര ടെക്നീഷ്യൻമാർ തിരുകൊച്ചി കമ്പനിയുടെ സാരഥികൾക്കൊപ്പം.*

കമ്പനി തെരഞ്ഞെടുത്തിരിക്കുകയാണ്. ഇവരെ ഇപ്പോൾ കിഴക്കമ്പലത്ത് താമസിപ്പിച്ച് ടെക്നീഷ്യൻ പരിശീലനം നല്കി വരുന്നു. നേതൃത്വ പരിശീലനത്തിന്റെ ഭാഗമായി കമ്പനിയിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും സിപിഎഫ്, സിപിഎസ് ഭാരവാഹികൾക്കുമായി തട്ടേക്കാട് പക്ഷിസങ്കേതത്തിൽ 2015 മെയ് മാസത്തിൽ ദ്വിദിന വിഷൻ ഷെയറിംങ് ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. റഹിം ആപ്പാഞ്ചിറ, ഡോ. കെ കെ ജയൻ, ശ്രീമതി ടാനി തോമസ് എന്നിവർ നേതൃത്വം നല്കി. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി കെ ജോസ് മുഖ്യ പ്രഭാഷണം നടത്തി.

## സാമ്പത്തിക വികസനം

കമ്പനിയുടെ ഓഡിറ്റർമാരായി ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനമായ സുദീപ് തോമസ് ആൻഡ് കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇന്റേണൽ ഓഡിറ്ററായി മൂവാറ്റുപുഴ സിപിഎഫിലെ കെവി രാജു സേവനമനുഷ്ടിക്കുന്നു. പറവൂർ സിപിഎഫ് അംഗവും റിട്ടയേഡ് ജോയിന്റ് രജിസ്ട്രാറുമായ ശ്രീ. പികെ ഹരിഹരനാണ് കണക്കുകൾ സൂക്ഷിക്കുന്നതും സാമ്പത്തിക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതും.

## സബ്കമ്മിറ്റികൾ

ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതിന് തിരുക്കൊച്ചി കമ്പനി 2014 നവംബറിൽ തന്നെ ഏഴു സബ്കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഓഹരിയുടെ ഉത്തരവാദിത്വം പിപി മത്തായി അധ്യക്ഷനായുള്ള അഞ്ചംഗ കമ്മിറ്റിക്കാണ്. നീര പദ്ധതിയുടെ ചുമതല എംകെ മന്മഥൻ, ഏലിയാസ് ജോർജ് എന്നിവർ നേതൃത്വം നല്കുന്ന അഞ്ചംഗ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. നീര ടെക്നീഷ്യൻ പരിശീലനത്തിനു മേൽ നോട്ടം വഹിക്കുന്നത് പി കെ ഹരിഹരൻ നയിക്കുന്ന സബ്കമ്മിറ്റിക്കാണ്. പ്രോജക്ട് സബ്കമ്മിറ്റിയുടെ അധ്യക്ഷൻ സിഎസ്എൻ മേനോനാണ്. ഇവർക്കാണ് വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ തുടങ്ങിയ പ്രോജക്ടുകളുടെ ചുമതല. ശ്രീ.ജോർജ് തോമസിന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റിക്കാണ് മാർക്കറ്റിംങ് ചുമതല. ചെയർമാൻ ജോസഫ് ബാബുവിന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റിക്കാണ് സാമ്പത്തിക കാര്യങ്ങളുടെ ഉത്തരവാദിത്വവും പദ്ധതി നിർവഹണ ഉത്തരവാദിത്വവും. ടിപി സണ്ണിക്കാണ് നഴ്സറിയുടെ ചുമതല.

## പ്രൊഫഷണലുകളുടെ പങ്കാളിത്തം

തിരുക്കൊച്ചി കമ്പനി ഡയറക്ടർ ബോർഡിൽ പരിചയ സമ്പന്നരും പ്രവർത്തന യോഗ്യതയുള്ളവരുമായ പ്രൊഫഷണലുകളാണ് സന്നദ്ധസേവനം ചെയ്യുന്നത്. പറവൂർ സിപിഎഫിലെ ഹരിഹരൻ സഹകരണ വകുപ്പിൽ നിന്നു റിട്ടയർ ചെയ്ത ജോയിന്റ് രജസ്ട്രാർ ആണ്. അങ്കമാലി ഫെഡറേഷനിലെ സിഎസ്എൻ മേനോൻ ഡയറി വകുപ്പിൽ ഉന്നത തസ്തികയിൽ നിന്നു വിരമിച്ചയാളാണ്. ആലങ്ങാട് സിപിഎഫിലെ ജിഎസ് പിള്ള ചാർട്ടേഡ് എൻജിനിയർ ആണ്. റബർ ബോർഡിലെ ലാറ്റക്സ് പ്രോഡ്യൂസിംങ് കമ്പനിയിൽ എംഡി ആയിരുന്നു. പ്രോജക്ടുകൾ തയാറാക്കുക, മെഷിനറികൾ തെരഞ്ഞെടുക്കുക തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹമാണ് മാർഗ്ഗ ദർശി. എഫ് എ സി ടിയിൽ നിന്നു വിരമിച്ച മന്മഥൻ എം കെ ഇല്ക്ട്രിക്കൽ എൻജിനിയറാണ്. രാമമംഗലം ഫെഡറേഷനെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ സിടി ജോർജ് റിട്ടയേഡ് ടൗൺ പ്ലാനറാണ്. ചുരുക്കത്തിൽ പരിചയ സമ്പന്നരായ പ്രൊഫഷണലുകളുടെ ഒരു നിര തന്നെ തിരുക്കൊച്ചി കമ്പനിയുടെ അനുദിന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. ബിജുവാണ് ചീഫ് എക്സിക്കുട്ടിവ് ഓഫീസർ. ■

## കുടുംബശ്രീയും – തിരുക്കൊച്ചിയും കൈകോർക്കുന്നു

**തി**രുക്കൊച്ചി കമ്പനിയും എറണാകുളം ജില്ലാ കുടുംബശ്രീ മിഷനും കൈകോർക്കുന്നു. നീര ടെക്നീഷ്യന്മാരുടെ പരിശീലന രംഗത്താണ് ഈ സഹകരണം. നാളികേര വികസന ബോർഡ് ചെയർമാൻ, ജില്ലാ മിഷൻ കോർഡിനേറ്റർ, കമ്പനി പ്രതിനിധികൾ എന്നിവർ ഒന്നിച്ചിരുന്ന് ചർച്ച നടത്തിയ പ്രഥമ യോഗത്തിൽ തന്നെ ജില്ലയിലെ വിവിധ സിഡിഎസുകളിൽ നിന്ന് നീര ടെക്നീഷ്യൻ പരിശീലനത്തിനായി കുടുംബശ്രീ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ധാരണയായിരുന്നു.

തുടർന്ന് പറവൂരില ചേർന്ന ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീമതി ടാനി തോമസ്, പറവൂർ വൈപ്പിൻ സിഡിഎസ് പ്രസിഡന്റുമാർ, പറവൂർ ബ്ലോക്ക് നാളികേര ഉത്പാദക ഫെഡറേഷൻ പ്രതിനിധികൾ എന്നിവരുടെ യോഗത്തിൽ ഓരോ സിഡിഎസും താല്പര്യമുള്ള അംഗങ്ങളെ കണ്ടെത്തി പഞ്ചായത്ത് തല യോഗം ചേരുവാൻ തീരുമാനിച്ചു. ചേന്ദമംഗലം, ചിറ്റാട്ടുകര, ഏഴിക്കര, വടക്കേക്കര, വൈപ്പിൻ - പള്ളിപ്പുറം പഞ്ചായത്തുകളിലെ സിഡിഎസുകളിൽ നിന്ന് 50 അംഗങ്ങൾ പരിശീലനത്തിനു മുന്നോട്ടു വന്നു. ഇതിൽ 20 പേരുടെ ബാച്ചിന് പറവൂർ ഫെഡറേഷന്റെ നേതൃത്വത്തിൽ പരിശീലനം നല്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.




# കുറ്റ്യാടി തെങ്ങിന്റെ നാട്ടിൽ നീര സംസ്കരണ പ്ലാന്റ് ഉദ്ഘാടനം ഓഗസ്റ്റ് 9-ന്

● ബാബു മത്തത്ത്
ചെയർമാൻ, കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, മരുതോങ്കര

പ്രശസ്തമായ കുറ്റ്യാടി തെങ്ങിന്റെ നാട്ടിൽ കേര കർഷകരുടെ സ്വപ്നമായ നീര സംസ്കരണ പ്ലാന്റ് യാഥാർത്ഥ്യമാകുന്നു. 2015 ഓഗസ്റ്റ് 9 ന് മുഖ്യമന്ത്രി പ്ലാന്റ് നാടിനു സമർപ്പിക്കും. 2014 സെപ്തംബർ 2ന് മുഖ്യമന്ത്രി തന്നെ ശിലയിട്ട പ്ലാന്റിന്റെ നിർമാണത്തിന് ഒരു വർഷത്തോളം വേണ്ടി വന്നു. കോയമ്പത്തൂരിലുള്ള എക്യുപ്മെന്റ് ഏജൻസിയാണ് യന്ത്ര സാമഗ്രികൾ സ്ഥാപിച്ചിരിക്കുന്നത്. ദിവസം 8000 ലിറ്റർ നീര സംസ്കരിക്കാനുള്ള ശേഷി പ്ലാന്റിനുണ്ട്. 2 കോടിയോളം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവായി. നീര പ്ലാന്റിന്റെ ഉദ്ഘാടനത്തോടെ കുറ്റ്യാടി കമ്പനിയുടെ ഓരോ ഫെഡറേഷനുകളിലേയും നീര പ്ലാന്റിൽ സംസ്ക്കരിച്ച് വിപണിയിലെത്തിച്ചു തുടങ്ങും. കളമശേരിയിലുള്ള എസ്.സി.എം.എസിന്റെ സാങ്കേതിക വിദ്യയാണ് കുറ്റ്യാടി നീര പ്ലാന്റിൽ സംസ്കരണത്തിന് ഉപയോഗിക്കുന്നത്. നീര പ്ലാന്റിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നാളികേര പാർക്കിനു കൂടി തറക്കല്ലിടാനും കമ്പനി ഉദ്ദേശിക്കുന്നു.

വടകര താലൂക്കിലെ 30000 കേര കർഷകരും 300 നാളികേര ഉത്പാദക സംഘങ്ങളും അവയുടെ ഉന്നതതലമായ നാളികേര ഉൽപാദക ഫെഡറേഷനുകളും ചേർന്ന കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി 2013 ഡിസംബറിലാണ് രൂപീകൃതമായത്. കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയത് ഡയറക്ടർമാർ ഓഹരി എടുത്തുകൊണ്ടാണ്. കമ്പനിയിൽ 14 ഫെഡറേഷനുകളാണ് ആദ്യം അഫിലിയേറ്റ് ചെയ്തിരുന്നത്. പിന്നീട് വന്ന ഫെഡറേഷന്റെ പ്രസിഡന്റുമാരെ പ്രത്യേക ക്ഷണിതാക്കളാക്കി യോഗത്തിൽ പങ്കെടുപ്പിക്കുന്നു.

ആദ്യ ഘട്ടത്തിൽ തന്നെ നീര ഉത്പാദനം യാഥാർത്ഥ്യമാകുന്നതിന് വടകര താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ അനുയോജ്യമായ സ്ഥലത്തിനു വേണ്ടി കമ്പനി ശ്രമമാരംഭിച്ചു. തുടർന്ന് മുണ്ടവയലിൽ 2 ഏക്കർ 9 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി. കമ്പനിയുടെ സുഗമമായ നടത്തിപ്പിനായി ഫിനാൻസ് കമ്മിറ്റി, പർച്ചേസ് കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി, നീര ടെക്നീഷ്യൻ, ട്രെയിനിംഗ് കമ്മിറ്റി, പ്രോജക്റ്റ് കമ്മിറ്റി എന്നീ സബ് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കാൻ കുണ്ടുതോട്ടിലും ആയഞ്ചേരിയിലും കമ്പനി നാല് ട്രെയിനിംഗ് ക്യാമ്പുകൾ നടത്തി. നീര ഉത്പാദനത്തിനു ലൈസൻസ് ലഭിച്ച 14 ഫെഡറേഷനുകളിൽ നിന്ന് 400 റോളം നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കാൻ കമ്പനിക്ക് ഏകദേശം 25 ലക്ഷം രൂപ ചെലവായി. നാദാപുരത്ത് നടന്ന വാർഷിക ജനറൽ ബോഡിയിൽ കമ്പനി സൗജന്യമായി യൂണിഫോം വിതരണം ചെയ്യുകയും ചെയ്തു. നീര ടെക്നീഷ്യന്മാർ കർഷകരിൽ നിന്ന് നീര ശേഖരിച്ച് അവരുടെ പാസ്സ് ബുക്കിൽ രേഖപ്പെടുത്തുകയും ഫെഡറേഷന്റെ പാസ്സ് ബുക്കിൽ രേഖപ്പെടുത്തുകയും ഫെഡറേഷൻ ടെക്നീഷ്യന്മാരുടെ ബുക്കിൽ രേഖപ്പെടുത്തുകയും ഫെഡറേഷന്റെ പാസ്സ് ബുക്കിൽ കമ്പനി നീരയുടെ അളവ് രേഖപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് ഉദ്ദേശിക്കുന്നത്. നീര ടെക്നീഷ്യന്മാർക്ക് തെങ്ങ് ഒന്നിന് 38 രൂപ നൽകാനാണ് ധാരണ.

ആദ്യം നാലുകോടിയോളം ഓഹരി സമാഹരിച്ച കുറ്റ്യാടി കമ്പനിയിൽ ഇപ്പോൾ രണ്ടര കോടിയോളം ഓഹരി നിലവിലുണ്ട്. ആദ്യം സമാഹരിച്ച ഓഹരി സംഖ്യ തുടർന്ന് രൂപീകരിക്കപ്പെട്ട രണ്ട് കമ്പനികൾ തിരിച്ചു നൽകിയിട്ടുമുണ്ട്. കമ്പനിയുടെ രണ്ടാം ഘട്ട ഓഹരി സമാഹരണം പ്ലാന്റിന്റെ ഉദ്ഘാടനത്തോടെ ആരംഭിക്കും. രണ്ട് മാസം കൊണ്ട് 5 കോടി എന്ന ലക്ഷ്യം നേടാനാവുമെന്നാണ് പ്രതീക്ഷ.

പ്രശസ്തമായ കുറ്റ്യാടി തേങ്ങയുടെ ശുദ്ധി നിലനിർത്തുക എന്ന ലക്ഷ്യത്തോടെ കമ്പനി നെക്ടോ എന്ന ബ്രാൻഡിൽ വെളിച്ചെണ്ണ വിപണിയിലിറക്കിയിട്ടുണ്ട്. ഭാവിയിൽ നീര, ഇളനീർ, തേങ്ങ എന്നിവയുടെ ഉത്പാദനത്തിൽ വേണ്ടിവരുന്ന ജോലിഭാരം കുറയ്ക്കുന്നതിന് അത്യുത്പാദന ശേഷിയുള്ള കുറിയ ഇനം തൈകൾ കമ്പനിയുടെ നേതൃത്വത്തിൽ നാളികേര വികസന ബോർഡിന്റെ സഹായത്തോടെ വിവിധ ഫെഡറേഷനുകളിൽ വിതരണം ചെയ്തു വരുന്നു. ആറു ഫെഡറേഷനുകളുടെ നേതൃത്വത്തിൽ നഴ്സറി ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ കർഷകരെ സഹായിക്കാൻ ഒരു കാർഷിക നഴ്സറിയും കമ്പനിയുടെ നേതൃത്വത്തിൽ നടത്തുന്നു.

വടകര താലൂക്കിന്റെ കിഴക്കേ അറ്റ

# ഓണം ഊട്ടുകരയുടെ കുഴൽവിളി

അഡ്വ. തോമസ്സ് എം. മാത്തുണ്ണി
ഡയറക്ടർ, ഓണാട്ടുകര നാളികേര ഉൽപാദക കമ്പനി

പ്രകൃതിദത്തമായ പച്ചപ്പുകൊണ്ട് അനുഗ്രഹീതമാണ് മധ്യ തിരുവിതാംകൂറിന്റെ ഹൃദയ ഭാഗമായ ആലപ്പുഴ ജില്ല. ഹരിതാഭമായ കുട്ടനാടൻ വയൽ പ്രദേശങ്ങളും സമ്മിശ്ര കൃഷി കൊണ്ട് സമ്പുഷ്ടമായ ഓണാട്ടുകര ഭൂപ്രദേശങ്ങളും ഈ ജില്ലക്ക് സ്വന്തം. ഓണാട്ടുകരയുടെ തനത് സ്വത്തായ ഇടവിള കൃഷികൾക്ക് കമനീയത പകരാൻ കുടപോലെ തലയുയർത്തി നിൽക്കുന്ന കേരളത്തിന്റെ കല്പവൃക്ഷം തരുന്ന മനോഹാരിത അവർണ്ണനീയമാണ്. കല്പവൃക്ഷങ്ങളെ താലോലിച്ച് വളർത്തുന്ന കർഷർക്ക് താങ്ങും തണലുമായി നാളികേര വികസന ബോർഡ് പ്രവർത്തിക്കുമ്പോൾ കർഷക മനസിൽ ഉത്സാഹവും പ്രതീക്ഷയും വർധമാനമാകുന്നു. കർഷകർ സംഘടിച്ച് ക്ലസ്റ്ററിൽ തുടങ്ങി സംഘങ്ങളായി, പിന്നെ ഫെഡറേഷനുകളായി അതിന്റെ ഉപരിതലത്തിൽ കമ്പനികളായി രൂപപ്പെട്ടതിന്റെ പരിണത ഫലങ്ങളിലൊന്നാണ് ആലപ്പുഴ ജില്ലയുടെ തെക്കൻ ഭാഗങ്ങളിലെ നാളികേര ഫെഡറേഷനുകളുടെ കൂട്ടായ്മയായ ഓണാട്ടുകര നാളികേര ഉൽപാദക കമ്പനി.



*ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയുടെ കറ്റാനത്തുള്ള രജിസ്റ്റേർഡ് ഓഫീസിന്റെ ഉദ്ഘാടനം ആലപ്പുഴ ജില്ലാ കളക്ടർ കെ. പദ്മകുമാർ നിർവഹിക്കുന്നു.*

അഞ്ചുകോടി അംഗീകൃത മൂലധനമുള്ള ഈ സ്ഥാപനം ഇന്ത്യൻ കമ്പനി നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേരളത്തിലെ പതിമൂന്നാമത്തെ ഉൽപാദക കമ്പനിയാണ്. 2015 ഫെബ്രുവരി രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനിയിൽ നിലവിൽ മുതുകുളം, ഭരണിക്കാവ് ഓണാട്ടുകര, കറ്റാനം, ആറാട്ടുപുഴ, മഹാത്മാഗാന്ധി, കരുവാറ്റ, വേലൻചിറ, ചെട്ടികുളങ്ങര കേരഗ്രാമം, കായംകുളം, കൃഷ്ണപുരം, ദേവികുളങ്ങര, മാവേലിക്കര, വെണ്മണി എന്നീ പതിമൂന്ന് ഉത്പാദക ഫെഡറേഷനുകൾ പ്രവർത്തിക്കുന്നു. മാന്നാർ, പാണ്ടനാട്, ഫെഡറേഷനുകൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പതിമൂന്ന് ഫെഡറേഷനുകളിലായി 188 ഉൽപാദക സംഘങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ത്രിതല സംവിധാനത്തിൽ ഏറ്റവും താഴെ തട്ടിലുള്ള സംഘങ്ങൾ കമ്പനിയുടെ ഓഹരി സമാഹരണത്തിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് സംഘം, ഫെഡറേഷൻ, കമ്പനി ഭാരവാഹികൾ നേതൃത്വം നൽകി വരുന്നു.

കമ്പനിയുടെ ഔദ്യോഗിക കൃത്യനിർവഹണങ്ങൾക്കായി ഒരു ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓഫീസിന്റെ ഉദ്ഘാടനം ആലപ്പുഴ ജില്ലാ കളക്ടർ ശ്രീ. പത്മകുമാർ ഐ.എ.എസ്. 2015 ഏപ്രിൽ 22-ന് നിർവ്വഹിച്ചു. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും മറ്റ് മൂന്ന് ജീവനക്കാരേയും നിയമിച്ചിട്ടുണ്ട്.

തെങ്ങിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ നീര, നീര ഹണി, പഞ്ചസാര, വിനാഗിരി, ചിപ്സ്, വെളിച്ചെണ്ണ എന്നിവ വിപണനം ചെയ്യുന്നതിന് (കോക്കനട്ട് പോയിന്റ്) ഓഫീസ് അങ്കണത്തിൽ ജൂലൈ 16-ാം തീയതി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം തുടങ്ങി.

കമ്പനിയുടെ ബൃഹദ് പദ്ധതികളിലൊന്നായ ഓണാട്ടുകര വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒന്നര ഏക്കർ സ്ഥലം മുപ്പത് വർഷത്തേക്ക് പാട്ടത്തിന് എടുത്ത് നടപടികൾ ആരംഭിച്ചു. ഈ പ്ലാന്റിന്റെ ശിലാ സ്ഥാപനം ആഗസ്റ്റ് 19-ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിക്കും. ഓണാട്ടുകര പ്രദേശത്ത് നിന്ന് മാത്രം കൊപ്രാ ശേഖരിച്ച് ഓണാട്ടുകരയുടെ സ്വന്തം വെളിച്ചെണ്ണ വിപണിയിൽ എത്തിക്കുമ്പോൾ കമ്പനി ഇദം പ്രഥമമായി ഈ നാടിന് നൽകുന്ന കൈനീട്ടം ഓണാട്ടുകരക്കാരും കേരള ജനതയും രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

കാർഷികോത്പന്ന സംസ്ക്കരണ സംരംഭങ്ങളുടെ ചെറിയ ചെറിയ വ്യവസായ പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി കർഷകരുടെ അതിജീവന മാർഗ്ഗങ്ങൾ കണ്ടെത്തുവാനും അങ്ങനെ ഓണാട്ടുകര പ്രദേശത്തെ കാർഷിക വ്യവസായ കേന്ദ്രമാക്കി മാറ്റി ഗ്രാമങ്ങളുടെ അടിസ്ഥാനപരമായ വികസനം എന്ന മഹാത്മാവിന്റെ സ്പനം സാക്ഷാത്ക്കരിക്കാനുള്ള പ്രയത്നത്തിന് പൊതുസമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ ഞങ്ങൾക്കുണ്ടാകുമെന്ന് ഉറച്ച് വിശ്വസിക്കുന്നു. ■

ത്താണ് നീര പ്ലാന്റും അനുബന്ധ സ്ഥാപനങ്ങളും എന്നതിനാൽ താലൂക്കിന്റെ മധ്യഭാഗത്ത് അരൂരിൽ നാളികേരത്തിന്റെ മറ്റു മൂല്യ വർദ്ധിത ഉത്പന്ന യൂണിറ്റ് സ്ഥാപിക്കാനായി (സ്പ്രേഡ്രയിഡ് കോക്കനട്ട് പൗഡർ) ഒരു ഏക്കർ സ്ഥലം വിലക്ക് വാങ്ങിയിട്ടുണ്ട്. ആയഞ്ചേരി കുറ്റ്യാടി എന്നിവിടങ്ങളിൽ ഔട്ട്ലറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പതിനൊന്ന് ഫെഡറേഷനുകളിലും കോക്കനട്ട് പോയിന്റ് തുടങ്ങാനുള്ള ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്.

ഉദ്ഘാടനത്തോടെ കുറ്റ്യാടിയിലെ ബഹുഭൂരിപക്ഷം വരുന്ന കേര കർഷകർക്ക് ഒരു പുനർജ്ജനിയാകുമെന്ന പ്രതീക്ഷയിലാണ് കമ്പനിയും കർഷകരും. ■

# നാളികേര കർഷകരുടെ പ്രഥമ ഉത്പാദക കമ്പനി ബഹുദൂരം മുന്നിൽ

കെ.കെ സുഭാഷ്
ചാർജ് ഓഫീസർ, കണ്ണൂർ

നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ നാളികേര ഉത്പാദക കമ്പനിയായ തേജസ്വിനി, കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാളികേര ഉത്പ്പന്നങ്ങളുടെ മൂല്യ വർദ്ധനവിലൂടെ കർഷകരുടെ വരുമാന വർദ്ധനവിനായി വിപുലമായ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയത്.

ത്രിതല കർഷക കൂട്ടായ്മയിലൂടെയാണ് കമ്പനി ലക്ഷ്യങ്ങൾ കൈവരിക്കുന്നത്. തേർത്തല്ലി, കുടിയാൻമല, ഭീമനടി, മയൂരി തുടങ്ങിയ ഫെഡറേഷനുകളടക്കം കർഷക കൂട്ടായ്മകൾ പ്രോജക്ടുകളുമായി മുന്നോട്ടു വരികയും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാൻ ഊർജ്ജിത ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷത്തോടെ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾക്കും, ഫെഡറേഷനുകൾക്കും അവാർഡുകൾ നൽകുന്നതിനും കമ്പനി ലക്ഷ്യമിടുന്നു. നീരയുടേയും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടേയും വിപണി വിജയം കമ്പനിയ്ക്ക് കൂടുതൽ ശക്തി പകരുന്നു. വിപണിയിൽ കമ്പനിയുടെ നീര വൻതോതിൽ വിറ്റു പോകുന്നു. ആവശ്യത്തിന് നീര വിപണിയിലേക്ക് നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇതിനകം നീര ഷുഗർ, നീര ഹണി തുടങ്ങിയ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ബ്രാൻഡ് ഉണ്ടാക്കിയെടുക്കാനും കമ്പനിക്ക് കഴിഞ്ഞു.

അംഗ കർഷകരിൽ തന്നെയാണ് വെളിച്ചെണ്ണയുടെ വിപണി കമ്പനി കണ്ടെത്തിയിരിക്കുന്നത്. തേജസ്സ് എന്ന പേരിൽ പുറത്തിറക്കിയ വെളിച്ചെണ്ണയ്ക്ക് വൻ ഓർഡറുകൾ ഇതിനകം ലഭിച്ചു കഴിഞ്ഞു. സമൃദ്ധി എന്ന ബ്രാൻഡിൽ പുറത്തിറങ്ങുന്ന ജൈവവളം കമ്പനിയുടെ പ്രീമിയം ഉൽപ്പന്നങ്ങളിൽ ഒന്നാണ്. ഇതിനകം തന്നെ വലിയ ഓർഡറുകൾ നേടിയെടുക്കുനാൻ സമൃദ്ധിക്കായി. ഒരു മേജർ കൊപ്രാ ഡ്രയറിനുള്ള ധാരണാ പത്രത്തിൽ കമ്പനിയും തൃശൂരിലെ ആനന്ദ് ഡ്രയേഴ്സും ഒപ്പിട്ടു കഴിഞ്ഞു. 15000 തേങ്ങ പ്രതിദിനം



തേജസ്വിനിയുടെ മൊബൈൽ നീര വിൽപന യൂണിറ്റ്


തേജസ്വിനി വിപണിയിലിറക്കിയ തേജസ് വെളിച്ചെണ്ണ

കൊപ്രയാക്കി, ജൈവ വെളിച്ചെണ്ണ നിർമ്മിക്കുന്ന യൂണിറ്റാണിത്. ഇപ്പോൾ പുറത്തിറക്കുന്ന തേജസ് വെളിച്ചെണ്ണ കമ്പനിയുടെ പുളിങ്ങോം യൂണിറ്റിൽ ഉത്പാദിപ്പിക്കുന്നതാണ്

ആൽഫാ ലാവ്ൽ കമ്പനിയുമായി ചേർന്ന് വെർജിൻ കോക്കനട്ട് ഓയിലിന്റെ യൂണിറ്റ് സ്ഥാപിക്കാനും കമ്പനി ലക്ഷ്യമിടുന്നു. ഇന്ത്യയിൽ തന്നെ ആദ്യത്തെ എക്സ്പോർട്ട് ക്വാളിറ്റി വെർജിൻ കോക്കനട്ട് ഓയിൽ പ്രോജക്റ്റ് ആണ് വിഭാവനം ചെയ്യുന്നത്. നടപടികൾ ആരംഭിച്ചു.

ഓഹരിസമാഹരണം കൂടുതൽ ഊർജ്ജിതമാക്കി ഭാവി പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുവാൻ കമ്പനി മുന്നിട്ടിറങ്ങിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ജില്ലകളിലെ ഫെഡറേഷനുകൾ ഇതിനകം കമ്പനിയിൽ ഓഹരി എടുത്തിട്ടുണ്ട്. വിലത്തകർച്ചയും കാർഷിക വരുമാനക്കുറവും, ഷെയർ സമാഹരണത്തെ ബാധിച്ചിട്ടുണ്ടെങ്കിലും കമ്പനിക്ക് ഇതേവരെ 1.10 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞു. 2015 ആഗസ്റ്റ് മാസത്തോടുകൂടി ഓഹരി 2 കോടി തികയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടു പോകുന്നത്. രണ്ട് ജില്ലകളിലുമായി 12 ഫെഡറേഷനുകളാണ് കമ്പനിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. 110 സി.പി.എസുകളും 190 വ്യക്തികളും കമ്പനിയിൽ ഓഹരി എടുത്തിട്ടുണ്ട്. 2015 – 16 സാമ്പത്തിക വർഷത്തിൽ തന്നെ 5 കോടി രൂപ ഷെയർ സമാഹരിക്കുവാൻ കമ്പനി ഉദ്ദേശിക്കുന്നു. ഷെയർ സമാഹരണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനിക്കു കീഴിലെ മുഴുവൻ സംഘങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഏകദിന ശിൽപശാല 2015 ആഗസ്റ്റ് ആദ്യ വാരം കമ്പനി സൈറ്റിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു.

കർഷകർക്കും, ഫെഡറേഷൻ ലീഡർമാർക്കും കൂടാതെ ഡയറക്ടർ ബോർഡംഗങ്ങൾക്കും വിദഗ്ധ പരിശീലനം നൽകുന്ന കാര്യത്തിൽ കമ്പനി പ്രഥമ പരിഗണന നൽകുന്നു. കമ്പനി ഓഗസ്റ്റിൽ നടത്തുവാനുദ്ദേശിക്കുന്ന ശിൽപശാലയിൽ വിവിധ വർക്ക് ഷോപ്പുകളും, പ്രഗത്ഭരുടെ നേതൃത്വത്തിൽ ക്ലാസ്സുകളും സംഘടിപ്പിക്കും. സിപിസിആർഐ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾ വഴി വ്യത്യസ്ത പരിശീലന പരിപാടികൾ ഇതിനകം കമ്പനി നടത്തിയിട്ടുണ്ട്. നബാർഡിന്റെ ഫാർമർ ഓർഗനൈസേഷനുള്ള പ്രത്യേക പദ്ധതിയുടെ കീഴിൽ കർഷകർക്കും, നേതൃത്വത്തിനുമായി കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗുകളും, സ്കിൽ ഡെ

**നീര, നീരയിൽ നിന്നുള്ള മൂല്യ വർധിത ഉത്പന്നങ്ങൾ, വെളിച്ചെണ്ണ, ചകിരിച്ചോറിൽ നിന്നുള്ള ജൈവ വളം തുടങ്ങിയ വൈവിധ്യമാർന്ന വസ്തുക്കളാണ് തേജസ്വിനി പുറത്തിറക്കുന്നത്**

വലപ്മെന്റ് ക്ലാസ്സുകളും തൊട്ടടുത്ത വാരം നടത്തും. നീര ടെക്നീഷ്യൻ ട്രെയിനിംഗ്, ലീഡർഷിപ്പ് ട്രെയിനിംഗ് ചങ്ങാതിക്കൂട്ടം പരിശീലനം എന്നിവയുടെ 2015 – 16 വർഷത്തെ പരിശീലന പരിപാടികളും കമ്പനി നടത്തുന്നതാണ്. ഇതിനകം നീര ടെക്നീഷ്യൻ ട്രെയിനിംഗ് – 3 ബാച്ച് 68 പേർ. ചങ്ങാതിക്കൂട്ടം – 13 ബാച്ച് 365 പേർ. നേതൃപരിശീലനം – 4 ബാച്ച് 192 പേർ എന്നിവ നടത്തി കഴിഞ്ഞു.

സാമ്പത്തിക വിഭാഗത്തിന്റ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കമ്പനിയുടെ കീഴിൽ ഫിനാൻസ് കമ്മിറ്റി പ്രവർത്തിക്കുന്നു. ഇതിന്റെ തലവൻ മാനേജിംഗ് ഡയറക്ടർ ശ്രീ. തോമസ് ചെറുക്കാവിൽ ആണ്. വരവ് ചെലവ് കണക്കുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നതിന് എം. കോം യോഗ്യതയുള്ള ഒരു സ്റ്റാഫിനേയും, ചീഫ് അക്കൗണ്ടന്റിനേയും നിയമിച്ചിട്ടുണ്ട്. കമ്പനി സെക്രട്ടറിയും, ചാർട്ടേഡ് അക്കൗണ്ടന്റും സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വം, മികവ് പുലർത്തുവാൻ കമ്പനിയെ സഹായിക്കുന്നു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മേൽനോട്ടവും ഇക്കാര്യങ്ങളിലുണ്ട്. സാങ്കേതിക, മാനേജ്മെന്റ് സഹായങ്ങൾക്കായി കമ്പനി വിവിധ സ്ഥാപനങ്ങളേയും, വ്യക്തികളേയും ആശ്രയിക്കുന്നുണ്ട്. കമ്പനി ഉത്പാദിപ്പിക്കുന്ന നീരയ്ക്ക് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. നീരയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവ നല്ല രീതിയിൽ വിപണനം ചെയ്യുന്നതിനും സി.പി.സി.ആർ.ഐ സഹായിക്കുന്നുണ്ട്. മാനേജ്മെന്റ് യോഗ്യതയും വൈദഗ്ധ്യവുമുള്ള മൂന്നു പേരെ സിഇഒ, ഇഒ എന്നീ തസ്തികകളിൽ കമ്പനി ഇതിനകം നിയമിച്ചു കഴിഞ്ഞു.

വ്യത്യസ്ത ഘട്ടങ്ങളിൽ കമ്പനിയുടെ സഹായത്തിനായി ജില്ലയിലേയും സമീപ ജില്ലകളിലേയും വിദഗ്ധന്മാരെ കമ്പനി യഥാക്രമം സമീപിക്കുകയും അവരുടെ സേവനങ്ങൾ ഉപയോഗിക്കുകയും ചെയ്യാറുണ്ട്. ഐ.ഐ.എം., കാർഷിക കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി കമ്പനി സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനോടകം കേരളത്തിലേയും,മറ്റു സംസ്ഥാനങ്ങളിലേയും വ്യത്യസ്ത സ്ഥാപനങ്ങളുമായി ചേർന്ന് കർമ്മ പരിപാടികൾക്ക് കമ്പനി തുടക്കമിട്ടിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ പദ്ധതികളും കമ്പനി ഏറ്റെടുത്തു നടപ്പിലാക്കുകയുണ്ടായി. ചങ്ങാതിക്കൂട്ടം പരിശീലനം, നീര ടെക്നീഷ്യൻ പരിശീലനം, നേതൃത്വ പരിശീലനങ്ങൾ, ഇടവിള കൃഷിക്കാവശ്യമായ വിത്തുകളുടെ വിതരണം, തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കാൻ കമ്പനിക്കു കഴിഞ്ഞു.

കൊക്കോ – കശുവണ്ടി വികസന ഡയറക്ടറേറ്റിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുവാനും മികച്ച ബന്ധം സ്ഥാപിക്കുവാനും കമ്പനിക്കായിട്ടുണ്ട്. കൊക്കോ തൈകളുടെ വിതരണത്തിലൂടെയും, സെമിനാറുകൾ സംഘടിപ്പിക്കുന്നതിലൂടെയും ജില്ലയിൽ കൊക്കോ കൃഷി വ്യാപനത്തിന് കമ്പനി മുൻ കൈ എടുത്തിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ കമ്പനിക്കായി. വിവിധ പരിശീലന പരിപാടികൾ നടത്താനും സാങ്കേതിക വിദ്യ കൈമാറാനും, മികച്ച ഉൽപ്പന്നങ്ങൾ പുറത്തിറക്കുവാനും ഇതുവഴി കഴിഞ്ഞു. സി.പി.സി.ആർ.ഐ യിലെ ഇ.ഡി.പി. അംഗത്വമുള്ള സ്ഥാപനമാണ് തേജസ്വിനി. വിവിധ പരിപാടികളിലും പദ്ധതികളിലും കമ്പനിക്ക് സജീവ പങ്കാളിത്തമുണ്ട്.

തളിപ്പറമ്പ് ആസ്ഥാനമായി ചക്ക സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണം ചെയ്യുന്ന സ്ഥാപനവുമായി തേജസ്വിനി ബന്ധം സ്ഥാപിക്കുകയും കർഷകരിൽ നിന്നും ചക്ക ശേഖരിച്ച് നൽകുകയും ചെയ്യുന്നു. ഇതിലൂടെ കർഷകർക്ക് അധിക വരുമാനമുണ്ടാക്കി കൊടുക്കുവാൻ കഴിയുന്നുണ്ട്. വിപണന തന്ത്രങ്ങളിലും മറ്റും ഈ കമ്പനി ഉപദേശങ്ങളും നൽകി വരുന്നുണ്ട്.

ജൈവ സർട്ടിഫിക്കേഷൻ രംഗത്തെ കേരളത്തിലെ മികച്ച സ്ഥാപനമായ ഇൻഡോസർട്ടുമായി കൈകോർത്ത് പ്രവർത്തിക്കുവാൻ കമ്പനിക്കായിട്ടുണ്ട്. സമ്പൂർണ്ണ ജൈവ സർട്ടിഫിക്കേഷൻ നേടിയ കർഷകരാണ് കമ്പനിയുടെ ലക്ഷ്യം. ഇതിനായി പദ്ധതി തയ്യാറാക്കുകയും ഇൻഡോസർട്ടുമായി ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ടെക്നോളജി ട്രാൻസ്ഫർ, ട്രെയിനിംഗുകൾ, ഇന്റേൺഷിപ്പ്, വിദഗ്ധ സേവനങ്ങൾ എന്നിവ നടപ്പിലാക്കുവാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ■

## തിരുവനന്തപുരം ജില്ലയിൽ നിഷ്ക്രിയമായ അനന്തപുരിക്ക് പുറമേ, പുതിയ കമ്പനി നിലവിൽ വരുന്നു

ആകാശത്തോളം പ്രതീക്ഷയും ഏറെ സ്വപ്നങ്ങളുമായി 2014 ജനുവരി 6–ാം തീയതി തിരുവനന്തപുരം ജില്ലയിലെ 12 ഫെഡറേഷനുകളുടെ കൂട്ടായ്മയായ അനന്തപുരി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി നിലവിൽ വന്നു. 2015 ജൂലൈ 6 ന് ഒന്നര വർഷം പിന്നിട്ടിട്ടും ഒരു മൊട്ടുസൂചിയുടെ അത്രയും വിലയുള്ള ഉത്പന്നമോ ഒരു രൂപ പോലും വരുമാനമോ സ്വന്തമായി അവകാശപ്പെടാൻ ഈ കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല, ഒരു പക്ഷേ കമ്പനി നിലവിൽ വന്നതു മുതൽ നീരയും മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളും കമ്പനിയുടെ നിയന്ത്രണത്തിൽ ഉത്പാദിപ്പിച്ചിരുന്നെങ്കിൽ കോടിക്കണക്കിന് രൂപ ആസ്ഥിയുള്ള സ്ഥാപനമായി കമ്പനിക്ക് ഉയരാമായിരുന്നു. ഒപ്പം ഓരോ കർഷകനും ലക്ഷക്കണക്കിന് രൂപയുടെ വരുമാനവും നേടാമായിരുന്നു. ചുരുക്കത്തിൽ കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ് കമ്പനിയുടെ നിഷ്ക്രിയത്വവും കെടുകാര്യസ്ഥതയും മൂലം നഷ്ടമായിരിക്കുന്നത്. ഈ നഷ്ടം ഒരിക്കലും നികത്താൻ ആകുന്നതല്ല എന്ന് മനസിലാക്കി ചില ഫെഡറേഷനുകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും സ്വയം പര്യാപ്തതയ്ക്കുള്ള അവസരം കമ്പനി നഷ്ടപ്പെടുത്തി.

ഈ സാഹചര്യത്തിൽ ഡയറക്ടർ ബോർഡ് അംഗത്വം രാജിവച്ച 3 ഫെഡറേഷനുകളും പെരുമ്പഴുതൂർ ചെങ്കൽ, കുന്നത്തുകാൽ, കാരോട്, കുളത്തൂർ, പൂവാർ പഞ്ചായത്തുകളിൽ ഫെഡറേഷനുകൾ രൂപീകരിച്ച് പുതിയ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിൽ നാളികേര മേഖലയിൽ തങ്കലിപികളാൽ പുതിയ അധ്യായം എഴുതി ചേർക്കാനും നാളികേര കർഷകന്റെ എക്കാലത്തേയും സ്വപ്നമായിരുന്ന നീര ഉത്പാദിപ്പിച്ച് സംസ്കരിച്ച് വിതരണം നടത്താനുമുള്ള ദൃഢവിശ്വാസത്തോടെ പുതിയ കമ്പനിക്കായി ആവേശത്തോടെ മുന്നേറുകയാണ് ഈ ഫെഡറേഷനുകൾ.

*പ്രമോദ് പി കുര്യൻ*

**കുറ്റ്യാടിയിൽ 13 ലിറ്റർ നീര ലഭിക്കുന്ന തെങ്ങിനെ കുറിച്ച്**



*കുഞ്ഞികൃഷ്ണനും രതീഷും*

# ഇത് വെറും തെങ്ങല്ല, തെങ്ങുകളുടെ തെങ്ങ്

**ആബെ ജേക്കബ്**
നാളികേര വികസന ബോർഡ്, കൊച്ചി – 11

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി വീണ്ടും ജനശ്രദ്ധ നേടുന്നു. ഒരു കാലത്ത് ഏറ്റവും മികച്ച തെങ്ങിനത്തിനു ഖ്യാതി നേടിയ കുറ്റ്യാടി ഇക്കുറി ഒരു കുടം നീര ചുരത്തുന്ന തെങ്ങിന്റെ പേരിലാണ് കാർഷിക കേരളത്തിന്റെ ശ്രദ്ധയാകർഷിക്കുന്നത്. ഒരു തെങ്ങിൽ നിന്ന് ദിവസം 13 ലിറ്റർ നീര! വിശ്വസിക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്. പക്ഷെ, സത്യമാണ്. മാസങ്ങൾക്കു മുമ്പ് പാലക്കാട് ജില്ലയിലെ മുതലമട, ചപ്പക്കാട്ട് ദിവസം 20 ലീറ്ററിൽ കൂടുതൽ കള്ള് ചെത്തി എടുത്തിരുന്ന രണ്ടു തെങ്ങുകൾ കണ്ടു. പാലക്കാട് നാളികേര ഉത്പാദക കമ്പനി തുടങ്ങുന്നതിനും മുമ്പാണിത്. പക്ഷെ ഉടമ ഇടപെട്ട് പിന്നീട് ആ തെങ്ങിൽനിന്നുള്ള കള്ളുത്പാദനം നിറുത്തി. ആ തെങ്ങുകൾ ഇനി ചെത്തുകയേ വേണ്ട എന്നായിരുന്നു തെങ്ങുടമയുടെ തീരുമാനം.

ഇവിടെയും കഥ സമാനമാണ്. കഥാപാത്രം മാറി. കള്ളിന്റെ സ്ഥാനത്ത് നീരയാണെന്നു മാത്രം.

തെങ്ങിനു പേരു കേട്ട കുറ്റ്യാടി മേഖലയിലെ ആയഞ്ചേരിയിൽ നിന്നാണ് നീരയുടെ ഈ അനുബന്ധ കഥയും. കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയുടെ കീഴിൽ ഫെഡറേറ്റ് ചെയ്ത ആയഞ്ചേരി ഐശ്വര്യയുടെ പരിധിയിലാണ് ദിവസം 13 ലിറ്റർ നീര അളക്കുന്ന ഈ കല്പവൃക്ഷം. കൃത്യമായി പറഞ്ഞാൽ പൊന്നേലിപ്പറമ്പിൽ ഹരിതാ നാളികേര ഉത്പാദക സംഘത്തിലെ അംഗമായ രായരോത്ത് (അഭിലാഷ്) വീട്ടിൽ കുഞ്ഞുകൃഷ്ണന്റെ വക.

കുഞ്ഞുകൃഷ്ണൻ പരമ്പരാഗത കൃഷിക്കാരനാണ്. ഇപ്പോൾ 72 വയസുണ്ട്. രണ്ടു പെൺമക്കളാണ്. ഇരുവരും വിവാഹിതർ. വെല്യാപ്പള്ളി – തണ്ണീർപന്തൽ റോഡിൽ കച്ചേരിപ്പറമ്പിലാണ് കുഞ്ഞികൃഷ്ണന്റെ വീട്. അമ്പതു സെന്റു പുരയിടം. അതിൽ മുഖ്യ വിള 20 തെങ്ങുകൾ. പിന്നെ പച്ചക്കറികളും മറ്റ് ഫലവൃക്ഷങ്ങളും. ഈ പുരയിടത്തിൽ തന്നെ ഉണ്ടായിരുന്ന ഒരു തെങ്ങിന്റെ വിത്തു തേങ്ങ ശേഖരിച്ച് നട്ട തെങ്ങുകളാണ് ഇപ്പോൾ ഫലം തരുന്നവ. അതിന്റെ ഇനം ഏതെന്നോ, ഗുണമേന്മ എന്തന്നോ കുഞ്ഞികൃഷ്മന് അന്നും ഇന്നും അറിയില്ല. ഒരുവിധം ലക്ഷണമൊത്ത നാളികേരങ്ങൾ പാകി കിളിർപ്പിച്ച് നട്ടു. അത്ര തന്നെ. അതിൽ രണ്ടു തെങ്ങുകളാണ് ആയഞ്ചേരി നാളികേര ഫെഡറേഷനു കീഴിൽ നീര ഉത്പാദനത്തിനു നല്കിയത്. ഇതിൽ വീടിനു മുന്നിൽ മുറ്റത്തോട് ചേർന്നു നിൽക്കുന്ന ഒരു തെങ്ങാണ് 13 ലിറ്റർ നീര നല്കി ഉടമയെയും ടെക്നീഷ്യനെയും അമ്പരപ്പിച്ചത്.

കഴിഞ്ഞ മൂന്നു നാലു വർഷമേ ആയുള്ളു കുഞ്ഞികൃഷ്ണൻ തന്റെ പുരയിടത്തിലെ തെങ്ങുകൾക്ക് പ്രത്യേക പരിചരണം നല്കി തുടങ്ങിയിട്ട്. നാളികേരത്തിന് വില കുറവായിരുന്നു എങ്കിലും എല്ലാ വർഷവും കാലിവളം, പച്ചിലവളം, വേപ്പിൻ പിണ്ണാക്ക് ഇത്യാദി ജൈവവളങ്ങളും ആവശ്യത്തിനു നല്കിയിരുന്നു. നാളികേര വികസന ബോർഡിൽ നിന്ന് തെങ്ങു പുനരുദ്ധാരണ പദ്ധതി വഴി ലഭിച്ചതോടെയാണ് രാസ വളങ്ങൾ

തെങ്ങുകൾക്ക് നല്കാൻ ആരംഭിച്ചത്. നല്ല കായ്ഫലമുള്ളവയാണ് തെങ്ങുകൾ. ഇതിൽ 13 ലിറ്റർ നീര നല്കുന്ന തെങ്ങ് വീടിനോട് അടുത്ത് നില്ക്കുന്നതാകയാൽ എപ്പോഴും വെള്ളം ധാരാളം ലഭിച്ചിരുന്നു. അതാകാം നീരയുടെ അളവു കൂടാൻ കാരണമെന്ന് രതീഷും കുഞ്ഞികൃഷ്ണനും ഒരേ സ്വരത്തിൽ പറയുന്നു. ഇതിനൊപ്പം ചെത്തിയ രണ്ടാമത്തെ തെങ്ങും നീര ഉത്പാദനത്തിൻ അത്ര മോശമല്ല. ആറു ലിറ്റർ വരെ നീര അതിൽ നിന്നും രതീഷ് ടാപ്പ് ചെയ്ത് എടുത്തു. പക്ഷെ അതിന് ഇത്ര വെള്ളം ലഭിക്കുന്നില്ല. വളപ്രയോഗവും ജലസേചനവും മറ്റും പുരയിടത്തിലെ എല്ലാ തെങ്ങുകൾക്കും ഒന്നു പോലെ.

ഇത്ര അളവിൽ നീര ലഭിച്ചെങ്കിലും സംസ്കരണ പ്ലാന്റ് അന്ന് പ്രവർത്തനം ആരംഭിച്ചിട്ടാതിരുന്നതിനാൽ ഇതിന്റെ സാമ്പത്തികമായ ആനുകൂല്യമോ പ്രയോജനമോ കൃഷിക്കാരനായ കുഞ്ഞികൃഷ്ണനു ലഭിച്ചില്ല എന്നതാണ് ദുഖം.

ഈ തെങ്ങിൽ വച്ച് കെട്ടി, നാലാം ദിവസമാണ് ടാപ്പിംങ് തുടങ്ങി മാട്ടം വച്ചത്. അന്നു തന്നെ അര ലിറ്റർ നീര ലഭിച്ചതായി ടെക്നീഷ്യൻ രതീഷ് സാക്ഷ്യപ്പെടുത്തുന്നു. രണ്ടാം ദിവസം ഒരു ലിറ്റർ പിന്നെ ദിവസവും നീരയുടെ അളവ് ക്രമേണ കൂടി കൂടി വന്നു. 42 ദിവസമേ ഈ തെങ്ങു ടാപ്പു ചെയ്തുള്ളു. അവസാന ദിവസവും കിട്ടി 13 ലിറ്റർ നീര. കുറ്റ്യാടി കമ്പനിക്ക് നീര സംസ്കരണ യൂണിറ്റ് ഇല്ലാതിരുന്നതിനാൽ തെങ്ങുകളുടെ ടാപ്പിങ് താതക്കാലികമായി അവസാനിപ്പിക്കുകയായിരുന്നു എന്ന് ടെക്നീഷ്യൻ രതീഷ്. അല്ലായിരുന്നെങ്കിൽ ഈ തെങ്ങിൽ നിന്ന് 15 –16 ലിറ്റർ നീരയെങ്കിലും ലഭിക്കുമായിരുന്നു. അതിനുള്ള അവസരം ലഭിച്ചില്ല. ആ ഇഛാഭംഗം രതീഷും മറച്ചു വച്ചില്ല. ഇപ്പോൾ കുറ്റ്യാടി കമ്പനിയുടെ മാസ്റ്റർ ടെക്നീഷ്യനായ രതീഷ് അരൂരിൽ നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുകയാണ്.

**നാലാം ദിവസമാണ് മാട്ടം വച്ചത്. അന്നു തന്നെ അര ലിറ്റർ നീര ലഭിച്ചതായി ടെക്നീഷ്യൻ രതീഷ്. രണ്ടാം ദിവസം ഒരു ലിറ്റർ, പിന്നെ ദിവസവും നീരയുടെ അളവ് ക്രമേണ കൂടി കൂടി വന്നു. 42 ദിവസമേ ടാപ്പു ചെയ്തുള്ളു. അവസാന ദിവസവും കിട്ടി 13 ലിറ്റർ നീര. ടാപ്പിംങ് താത്ക്കാലികമായി അവസാനിപ്പിച്ചില്ലായിരുന്നെങ്കിൽ 15 –16 ലിറ്റർ നീരയെങ്കിലും ലഭിക്കുമായിരുന്നു.**

വടകര അരൂർ സ്വദേശിയായ രതീഷ് 16-ാമത്തെ വയസിൽ തെങ്ങു ചെത്ത് ആരംഭിച്ചതാണ്. കഴിഞ്ഞ 18 വർഷമായി ഈ മേഖലയിലുണ്ട്. അഛൻ രാജൻ തെങ്ങുകയറ്റ തൊഴിലാളിയാണ്. അമ്മ, ഭാര്യ ഒരു മകൻ എന്നിവരടങ്ങുന്ന കുടുംബം രതീഷിനെ ആശ്രയിച്ചാണ് കഴിയുന്നത്. ആയഞ്ചേരി ഫെഡറേഷനിൽ അന്ന് അഞ്ച് നീര ടെക്നീഷ്യന്മാർ ജോലി ചെയ്തിരുന്നു. എല്ലാവരും ഒരു വിധം നല്ല അളവിൽ നീര ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സംസ്കരണ പ്ലാന്റ് ഇല്ലാതിരുന്നതിനാൽ കർഷകരുടെ തെങ്ങിൽ നിന്നു ശേഖരിക്കുന്ന നീര കുപ്പികളിലാക്കി വിപണിയിൽ എത്തിക്കുന്നതിനോ, മൂല്യവർധിത ഉത്പ്പന്നങ്ങളാക്കി മാറ്റുന്നതിനോ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ പ്ലാന്റ് പ്രവർത്തന ക്ഷമമാകുന്നവരെ നീരയുടെ ഉതപാദനം നിയന്ത്രിക്കുന്നതിന് കമ്പനി തീരുമാനിക്കുകയായിരുന്നത്രെ. ഇതോ തുടർന്നാണ് കുഞ്ഞികൃഷ്ണന്റെ തെങ്ങുകളിലെ ടാപ്പിംങ്ങും നിറുത്തി വച്ചത്.

രതീഷിന്റെ ടാപ്പിംങ് ശൈലിക്കും ചില പ്രത്യേകതകൾ ഉണ്ട്. നാളികേര ബോർഡിന്റെ ആലുവയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ശാസ്ത്രീയമായ നീര ഉത്പാദനത്തിൽ പരിശീലനം നേടിയ ടെക്നീഷ്യനാണ് രതീഷ്. പരിശീലന സമയത്ത് ലഭിച്ച നിർദ്ദേശങ്ങൾ രതീഷ് പാലിക്കുന്നുണ്ട് എങ്കിലും ഇവിടെ പിന്തുടരുന്നത് നാടൻ ചെത്ത് ശൈലി തന്നെ. ഏറ്റവും പ്രധാനം കരുവി ഉപയോഗിക്കുന്നില്ല എന്നതാണ്. ടാപ്പിംങ് കത്തിയുടെ കൈപ്പിടിയാണ് കുല തല്ലുന്നതിന് ഉപയോഗിക്കുന്നത്. അതിന്റെ ആവശ്യമേ ഉള്ളു എന്നാണ് രതീഷിന്റെ അഭിപ്രായം. തന്റെ ശിഷ്യന്മാരെയും രതീഷ് പരിശീലിപ്പിക്കുന്നത് ഈ മുറയാണ്. ഇതിനോടകം 350 ടെക്നീഷ്യന്മാരെ രതീഷ് ടാപ്പിംങ് പഠിപ്പിച്ചു കഴിഞ്ഞു. ചില ബാച്ചിൽ 35 പേർ വരെ ഉണ്ടായിരുന്നു.

രാവിലെ ആറിനും ഉച്ചയ്ക്ക് 11 നും ഉച്ചകഴിഞ്ഞ് 4.30 നുമാണ് രതീഷ് നീര ടാപ്പിംങ് തുടങ്ങുക. കള്ളുചെത്തിൽ നിന്നു മാറിയതോടെ സമൂഹത്തിൽ ഒരു മാന്യത ലഭിച്ചു തുടങ്ങി- ഇപ്പോഴത്തെ ജോലിയെക്കുറിച്ച് രതീഷ് അഭിപ്രായപ്പെട്ടു.

കുറ്റ്യാടി നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞതായി ആയഞ്ചേരി ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. വേണു പറഞ്ഞു. ഓഗസ്റ്റിൽ ഔപചാരികമായ ഉദ്ഘാടനം നടക്കും. അതിന്റെ വെളിച്ചത്തിൽ അംഗങ്ങളായ കർഷകരുടെ തെങ്ങുകളിൽ നിന്നു വീണ്ടും നീര ടാപ്പിംങ് പുനരാരംഭിച്ചതായും അദ്ദേഹം വെളിപ്പെടുത്തി. ■






*മംഗലാപുരം ഫിഷറീസ് കോളെജിൽ ജൂലൈ 11ന് നടന്ന നാളികേ കർഷക സംരംഭക സംഗമം നാളികേര വികസന ബോർഡ് അംഗവ വിജയ് ആൽഫ്രഡ്, സിപിസിആർഐ ഡയറക്ടർ ഡോ. ചൗഡപ്പ, സൗത്ത് മംഗലാപുരം എംഎൽഎ ജെ ആർ ലോബോ, നാളികേര വി വർ സമീപം. 2.സംഗമത്തിൽ പങ്കെടുക്കാനെത്തിയ സദസ് (വലത്ത്)*

# മംഗലാപുരത്ത് നാളികേര കർഷക,

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ മംഗലാപുരത്ത് നാളികേര കർഷകരുടെയും സംരംഭകരുടെയും സംഗമം നടത്തി. മംഗലാപുരം ഫിഷറീസ് കോളജിൽ ജൂലൈ 11 ന് സംഘടിപ്പിച്ച സംഗമത്തിൽ നാളികേര ഉത്പാദക സംഘങ്ങൾ,ഫെഡറേഷനുകൾ, കമ്പനികൾ, നാളികേര വ്യവസായ മേഖലയിൽനിന്നുള്ള സംരംഭകർ ഉൾപ്പെടെ 250 പേർ പങ്കെടുത്തു. നാളികേര വികസന ബോർഡ് അംഗവും എം പിയുമായ ശ്രീ നളിൻകുമാർ കട്ടീൽ സംഗമം ഉദ്ഘാടനം ചെയ്തു. ജില്ലയിൽ നാളികേര പാർക്ക് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രീ കട്ടീൽ ഉദ്ഘാടന പ്രസംഗത്തിൽ എടുത്തു പറഞ്ഞു. നാളികേര മേഖലയുടെ വികസനത്തിനും ഉത്പാദക സംഘങ്ങളുടെ രൂപീകരണത്തിനും എല്ലാ വിധ സഹായ സഹകരണങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു.




*ശ്രീ. ടികെ. ജോസ് ആമുഖ പ്രഭാഷണം നടത്തുന്നു.*

നാളികേര വികസന ബോർഡ് അധ്യക്ഷൻ ശ്രീ.ടികെ ജോസ് ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി. നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണ വിപണനരംഗത്ത് അനന്തമായ സാധ്യതകളാണ് നാളികേര കർഷകരുടെ കമ്പനികളെ കാത്തിരിക്കുന്നത് എന്ന് ശ്രീ. ജോസ് തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. നാളികേര പാൽ, ക്രീം തുടങ്ങിയ മൂല്യവർധിത ഉത്പ്പന്നങ്ങൾ ഇന്ന് ഇന്തോനേഷ്യ, തായ്ലന്റ് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്ന് വൻതോതിൽ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. നീര ഉത്പാദനാർത്ഥം കേരളം, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ തെങ്ങുകൾ ടാപ്പ് ചെയ്യാൻ അവിടങ്ങളിലെ ഗവൺമെന്റ് അനുമതി നല്കി കഴിഞ്ഞു. പക്ഷെ കർണാടക ഗവൺമെന്റ് നീര ഉത്പാദനത്തിനുവേണ്ടി എക്സൈസ് നിയമം ഇനിയും ഭേദഗതി ചെയ്തിട്ടില്ല. നീര ടാപ്പിംങ്ങും അതിന്റെ മൂല്യ വർധനവും നാളികേര കർഷകരുടെ വരുമാനം ഉയർത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. കർണാടകത്തിലെ തുംകുർ, ഹസ്സൻ, ചിത്രദുർഗ എന്നീ മൂന്നു ജില്ലകളിലെ നാളികേര കൃഷി മേഖല ശ്രീലങ്കയിലെ മൊത്തം നാളികേര നാളികേര കൃഷിമേഖലയ്ക്കു തുല്യമാണ്. എന്നിട്ടും ഇന്ത്യയെ പിന്നിലാക്കി ശ്രീലങ്കയിൽ നിന്ന് വൈവിധ്യമാർന്ന മൂല്യവർധിത ഉത്പ്പന്നങ്ങൾ ലോക വിപണിയിൽ എത്തുന്നു.

മംഗലാപുരം സൗത്ത് എം എൽ എ ശ്രീ. ജെ ആർ ലോബോ ചടങ്ങിൽ അധ്യക്ഷനായിരുന്നു. സംസ്ഥാനത്തെ നാളികേര മേഖലയിൽ നാളികേര വികസന ബോർഡ് നടത്തുന്ന പ്രവർത്തനങ്ങളിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു. കർണാടകത്തിലെ നാളികേര കർഷകർക്ക് നീര ടാപ്പിങ്ങിനുള്ള അനുമതി ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം ഉറപ്പു നല്കി.





*ും എം പിയുമായ ശ്രീ നളിൻകുമാർ കട്ടീൽ ഉദ്ഘാടനം ചെയ്യുന്നു. ശ്രീ.സിദ്ധ രാമേശ്വര സ്വാമി, മംഗലാപുരം മേയർ ശ്രീമതി ജസീന്ത*
*കസനബോർഡ് ചെയർമാൻ ശ്രീ. ടികെ. ജോസ്, ശ്രീമതി. ആഷാ തിമ്മപ്പ, ശ്രീ.ഹേമചന്ദ്ര, കുമാരി സിമി തോമസ്, കുമാരി ഗീതു എന്നി*

# സംരംഭക സംഗമം

ദക്ഷിണ കന്നട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആഷാ തിമ്മപ്പ, മംഗലാപുരം മേയർ ശ്രീമതി ജസീന്ത വിജയ് ആൽഫ്രഡ്, കാസർഗോഡ് സിപിസിആർഐ ഡയറക്ടർ ഡോ.ചൗഡപ്പ തുടങ്ങിയവരും പ്രസംഗിച്ചു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ഹേമ ചന്ദ്ര സ്വാഗതവും അസിസ്റ്റന്റ് മാർക്കറ്റിംങ് ഓഫീസർ സിദ്ധ രാമേശ്വര സ്വാമി നന്ദിയും പറഞ്ഞു.

ഉദ്ഘാടനത്തിനു ശേഷം സിപിസിആർഐ ഡയറക്ടർ ഡോ. ചൗഡപ്പയുടെ അധ്യക്ഷതയിൽ നാളികേര സെമിനാർ നടന്നു. സിപിസിആർഐയിലെ ഡോ. കെബിഹെബ്ബാർ നാളികേരത്തിലെ പ്രത്യേകിച്ച് നീരയിലെ മൂല്യവർധിത ഉത്പ്പന്നങ്ങളെ കുറിച്ച് ക്ലാസ് എടുത്തു. നീരയിൽ നിന്ന് മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് സിപിസിആർഐ നല്കുന്ന പരിശീലനത്തെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. കർണാടകത്തിന്റെ തീരപ്രദേശങ്ങളിൽ നാളികേര കൃഷിയുടെ ആധുനിക സങ്കേതങ്ങൾ, നാളികേരാവശിഷ്ടങ്ങൾ ഉപയോഗിച്ചുള്ള മണ്ണിന്റെ ആരോഗ്യപരിപാലനം എന്നിവയെ കുറിച്ച് ഡോ.രവി ഭട്ടും വിശദീകരിച്ചു.



*വിശിഷ്ട അതിഥികൾ നാളികേര വികസനബോർഡിന്റെ സ്റ്റാളിൽ.*

നാളികേര വികസന ബോർഡിന്റെ ടിഎംഒസി പ്രോജക്ടുകളെ കുറിച്ച് ബാംഗളൂർ റീജണൽ ഓഫീസിലെ ഡപ്യൂട്ടി ഡയറക്ടർ ശ്രീ.ഹേമചന്ദ്രയും നീരസംസ്കരണത്തെ കുറിച്ച് ബോർഡിന്റെ വാഴക്കുളം സിഐടിയിലെ ഫുഡ് പ്രോസസിങ് എൻജിനിയർ കുമാരി ഗീതുവും കർണാടകത്തിലെ നാളികേര ഉത്പാദക സംഘങ്ങളുടെ രൂപീകരണത്തിന് നാളികേര വികസന ബോർഡ് നല്കുന്ന സഹായങ്ങളെകുറിച്ച് ബാംഗളൂർ ഓഫീസിലെ ടെക്നിക്കൽ ഓഫീസർ കുമാരി സിമി തോമസും സെമിനാറിൽ വിശദീകരിച്ചു. ആൽഫാ ലാവൽ, ടീക്രാഫ്റ്റ് തുടങ്ങിയ യന്ത്രനിർമ്മാണ സ്ഥാപനങ്ങളുടെ പ്രതിനിധികളും സംസാരിച്ചു. പരിപാടിയോടനുബന്ധിച്ച് ഒരു പ്രദർശനവും സംഘടിപ്പിച്ചിരുന്നു. നാളികേര വികസന ബോർഡ്, കേരടെക്, ഇൻഡസ് ബയോ പ്രോഡക്ട്സ്, പാലക്കാട് കോക്കനട് പ്രൊഡ്യൂസർ കമ്പനി, തേജസ്വിനി കോക്കനട് പ്രൊഡ്യൂസർ കമ്പനി തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുത്തു. ■

## 2015 ജൂണിൽ മാത്രം

# നാലു തെങ്ങിൽ നിന്ന് ₹ 16800 നേടി ഹരിദാസും നീര ടാപ്പ് ചെയ്ത് ₹ 36400 നേടി അനുവും

ടി. എസ്. വിശ്വൻ
ചിന്ത, കരിക്കാട്, തണ്ണീർമുക്കം



*ജി. ഹരിദാസ്*

കഞ്ഞിക്കുഴി പഞ്ചായത്തിലെ എസ്. എൻ. പുരത്ത് കരിമുറ്റത്ത് വീട്ടിൽ ജി. ഹരിദാസ് എന്ന റിട്ടയേർഡ് പോലീസ് സബ് ഇൻസ്പെക്ടർ കേര കർഷകർക്കിടയിൽ അഭിമാന താരമായി മാറിയിരിക്കുന്നു. നീര ഉത്പാദനത്തിനായി തന്റെ നാലു തെങ്ങുകൾ നൽകിയതിന്റെ പ്രതിഫലമായി ജൂൺ മാസത്തിൽ അദ്ദേഹത്തിനു ലഭിച്ചത് 16800 രൂപയാണ്. തൊട്ടു മുമ്പത്തെ മാസം 16320 രൂപയായിരുന്നു. കഞ്ഞിക്കുഴി നാളികേര ഉത്പാദക ഫെഡറേഷനിലെ അംഗമായ ഹരിദാസിനെ കരപ്പുറം നാളികേര ഉത്പാദക കമ്പനി, നീര പ്ലാന്റ് ഉദ്ഘാടന വേദിയിലെ പ്രൗഢ ഗംഭീര സദസ്സിൽ ആദരിക്കുകയും ചെയ്തു. 8 വർഷം മുമ്പ് വീട്ടുവളപ്പിൽ 12 കുറിയയിനം തെങ്ങുകൾ നട്ടു വളർത്തി കൃഷി ആരംഭിക്കുമ്പോൾ ഹരിദാസും വിചാരിച്ചില്ല ഇപ്രകാരമൊരു ആദരവും അംഗീകാരവും തന്നെ കാത്തിരിക്കുന്നു എന്ന്. തന്റെ 12 തെങ്ങുകളും നന്നായി സംരക്ഷിച്ച് നീരയ്ക്ക് സമർപ്പിക്കാനാണ് ഹരിദാസ് ലക്ഷ്യമിടുന്നത്.

സർവ്വീസിലിരുന്നപ്പോഴും കൃഷിയെ സ്നേഹിച്ച ഒട്ടേറെ അനുഭവങ്ങൾ ഹരിദാസിനുണ്ട്. കഞ്ഞിക്കുഴി പഞ്ചായത്തിലെ ജനകീയ പച്ചക്കറി കൃഷി സംരംഭങ്ങളാണ് കൃഷിയുമായി അടുപ്പിച്ചത്. വീട്ടുവളപ്പിലെ പച്ചക്കറി, വയലുകളിൽ വേനൽക്കാല കൃഷി, തെങ്ങിൻ ചുവട്ടിൽ കരനെൽ കൃഷി തുടങ്ങിയ സംരംഭങ്ങളിൽ അംഗീകാരങ്ങളും അനുമോദനങ്ങളും ഹരിദാസിനെ തേടിയെത്തി. പോലീസ് സേനയിൽ പ്രവർത്തിക്കുമ്പോഴും ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാൻ അദ്ദേഹം മടിച്ചില്ല. ഒട്ടേറെ പോലീസ്-പൊതുജന സൗഹൃദ സദസ്സുകൾ സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലാ പോലീസ് അസോസിയേഷൻ പ്രസിഡന്റ്, ഓഫീസ് അസോസിയേഷൻ സെക്രട്ടറി തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. രണ്ടു മക്കളെയും സർക്കാർ സ്കൂളായ ചാരമംഗലം ഡി. വി. എച്ച്. എസ്സിലാണ് പഠിപ്പിച്ചത്. 10 വർഷക്കാലം ഈ സ്കൂളിലെ പി. റ്റി. എ. പ്രസിഡന്റായിരുന്നു ഹരിദാസ്. കഞ്ഞിക്കുഴിയിലെ ഏക ഹൈസ്കൂളായ ചാരമംഗലം ഡി. വി. എച്ച്. എസ്സിലെ കാർഷിക വിജയങ്ങളുടെ പിന്നിലും ഹരിദാസിന്റെ സംഭാവനകളുണ്ട്.

2015 ഏപ്രിൽ മാസത്തിൽ പോലീസ് സേനയിൽ നിന്ന് വിരമിക്കുമ്പോൾ അഴിമതിക്കറ പുരളാത്ത അപൂർവ്വം പേരിൽ ഒരാളായിരുന്നു ഹരിദാസ്. പ്രായമായ അമ്മയും വീട്ടമ്മയായ ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന കുടുംബത്തെ അല്ലലില്ലാതെ സംരക്ഷിക്കാൻ കൃഷിയിലെ വരുമാനവും സഹായകമായി. ഒപ്പം ഭാര്യ നടത്തിയിരുന്ന നാട്ടുംപുറത്തെ ചകിരി-കയർ ബിസിനസും.

ഏത് സംരംഭവും ആത്മാർത്ഥതയോടെ ചെയ്യണമെന്ന് നിർബന്ധമുള്ള ഹരിദാസിന്റെ നീരത്തെങ്ങ് സംരക്ഷണവും ഏറെ പഠിക്കാനുണ്ട്. തന്റെ ഒരു തെങ്ങിൽ നിന്നും 4-5 ലിറ്റർ നീര പ്രതിദിനം ലഭിക്കുന്നത് കൃത്യമായ സംരക്ഷണം മൂലമാണെന്ന് ഹരിദാസ് പറയുന്നു.

ബയോഗ്യാസ് സ്വന്തമായുള്ളതിനാൽ അതിലെ സ്ലറി ആഴ്ചയിലൊരിക്കൽ ബക്കറ്റിൽ ശേഖരിച്ച് തെങ്ങിന് നൽകും. കൂടാതെ രണ്ട് മാസം കൂടുമ്പോൾ രണ്ട് കിലോ വീതം വേപ്പിൻപിണ്ണാക്കും, എല്ലുപൊടിയും. പച്ചിലയും കരിയിലയും കളകളും ശേഖരിച്ച് തെങ്ങിൻ ചുവട്ടിൽ പുതയിടൽ നടത്തും. വർഷത്തിൽ രണ്ട് തവണ കുമ്മായം ചേർക്കും. രണ്ട് തവണയായി ഒരു ചാക്ക് കോഴിവളവും തെങ്ങുകൾക്കെല്ലാം നൽകും. ജലസേചനം ദിവസം രണ്ടു നേരം. മഴയുള്ളപ്പോൾ മാത്രമേ ഇതു മുടക്കൂ. ടെക്നീഷ്യൻ അനു ആയതിനാൽ തെങ്ങിന്റെ കീടസംരക്ഷണത്തിന് ഹരിദാസിന് ആശങ്കയില്ല. ദിവസവും മൂന്നു തവണ കയറി ഇറങ്ങുന്നതുമൂലം കീടബാധകൾ യഥാസമയം നിയന്ത്രണ വിധേയമാകുന്നു.

**ബയോഗ്യാസ് സ്ലറി ആഴ്ചയിലൊരിക്കൽ തെങ്ങിന് നൽകും. കൂടാതെ രണ്ട് മാസം കൂടുമ്പോൾ രണ്ട് കിലോ വീതം വേപ്പിൻപിണ്ണാക്കും, എല്ലുപൊടിയും. പച്ചിലയും കരിയിലയും കളകളും ശേഖരിച്ച് തെങ്ങിൻ ചുവട്ടിൽ പുതയിടൽ നടത്തും. വർഷത്തിൽ രണ്ട് തവണ കുമ്മായം ചേർക്കും. രണ്ട് തവണയായി ഒരു ചാക്ക് കോഴിവളവും തെങ്ങുകൾക്കെല്ലാം നൽകും. ജലസേചനം ദിവസം രണ്ടു നേരം.**

പുതുതായി തെങ്ങു കൃഷിയിലേയ്ക്ക് കടന്നു വരുന്നവരോട് ഹരിദാസിന് പറയാനുള്ളതുകൂടി കേൾക്കാം. കുറിയയിനങ്ങളും സങ്കരയിനങ്ങളും സംഘടിപ്പിച്ച് കൃഷി ചെയ്യുന്നതിന് മുൻഗണന കൊടുക്കണം. 3-4 വർഷം കൊണ്ട് വിളവുണ്ടാക്കും. നീരയായും കരിക്കായും തേങ്ങയായും ആദായം ഉണ്ടാക്കാം. വിളവെടുക്കാനും പ്രയാസമുണ്ടാകില്ല. തെങ്ങിൽ കയറി സംരക്ഷിക്കാനും സാധിക്കും. പ്രായോഗിക തടസ്സങ്ങൾ പലതും നേരിടാൻ കുറിയ തെങ്ങുകളുടെ കൃഷി ഏറ്റവും യോജിച്ചതാണ്. നമ്മുടെ സ്ത്രീജനങ്ങൾക്കുപോലും നാളികേരമോ കരിക്കോ ആവശ്യത്തിന് അടർത്തിയെടുക്കാൻ ഉയരം കുറഞ്ഞ തെങ്ങുകൾ ഉപകരിക്കും

സർക്കാർ സർവ്വീസിന്റെ സുരക്ഷിത കവചം ഊരി വയ്ക്കേണ്ടി വരുമ്പോൾ പോലും മണ്ണിലേയ്ക്കിറങ്ങാൻ മടിച്ചു നിൽക്കുന്ന അനേകായിരം പേർ പക്ഷേ ഈ വാക്കുകൾ ശ്രദ്ധിച്ചെന്നു വരില്ല! അവർ തെങ്ങിനെക്കുറിച്ചുള്ള പരാതികളുടെ ഭാണ്ഡവും പേറി നടക്കാൻ മടിക്കാത്തവരാണെന്നു മാത്രം!

പ്രതിദിനം ഏറ്റവും കൂടുതൽ നീര ഉത്പാദിപ്പിക്കുന്ന നീര ടെക്നീഷ്യനെ കരപ്പുറം നാളികേര ഉത്പാദക കമ്പനിയുടെ നീര പ്ലാന്റ് ഉദ്ഘാടന വേദിയിൽ ആദരിച്ചു. കഞ്ഞിക്കുഴി നാളികേര ഉത്പാദക ഫെഡറേഷനിലെ സി. ബി. അനു എന്ന ടെക്നീഷ്യനെയാണ് ഇതിനായി കമ്പനി കണ്ടെത്തിയത്. ജൂൺ മാസത്തിൽ 36400 രൂപയാണ് നീര ഉത്പാദനത്തിന്റെ കൂലി ഇനത്തിൽ അനു കൈപ്പറ്റിയത്. ഒരു ദിവസത്തെ ശരാശരി വരുമാനം 1200 രൂപയിലധികം. ഇതിനെക്കാൾ അധികം പ്രതിഫലം കൈപ്പറ്റിയ ടെക്നീഷ്യന്മാർ മറ്റ് ജില്ലകളിലോ ഫെഡറേഷനുകളിലോ കണ്ടേക്കാം. പക്ഷേ കഞ്ഞിക്കുഴിയിലെ ചൊരിമണലിൽ നിൽക്കുന്ന തെങ്ങുകൾ കണ്ടെത്തുകയും കഠിന പ്രയത്നവും സ്ഥിരോത്സാഹവും മൂലം വളരെ കുറഞ്ഞ സമയംകൊണ്ട് നീര ഉത്പാദനത്തിൽ മുന്നിലെത്തുകയും ചെയ്ത അനുവിനെ തെരഞ്ഞെടുക്കാൻ സംഘാടകർക്ക് അധികം ആലോചിക്കേണ്ടി വന്നില്ല! അനുവിന് ഇനിയും കൂടുതൽ നീര ഉത്പാദിപ്പിക്കാനും വരുമാനമുണ്ടാക്കാനും സാധിക്കും. ഒരു നല്ല കർഷകനും കർഷക തൊഴിലാളിയുമായ ഈ അമ്പത്തിമൂന്നുകാരനെ നേരിട്ടറിയാവുന്നവർക്ക് അത് എളുപ്പത്തിൽ ബോദ്ധ്യപ്പെടും. സ്വന്തമായി 17 സെന്റ് സ്ഥലമേയുള്ളൂവെങ്കിലും തരിശുകിടക്കുന്ന അയൽ പുരയിടങ്ങളിൽ വാഴയും പച്ചക്കറികളും കൃഷി ചെയ്യും. അഞ്ചു പശുക്കളെ സംരക്ഷിക്കുന്നു. പാൽ കറന്നെടുക്കുന്നതും അനു തന്നെയാണ്. ഇതിനിടയിൽ ചങ്ങാതിക്കൂട്ടം പരിശീലനം നേടിയ അനു ഒഴിവുള്ളപ്പോൾ യന്ത്രമുപയോഗിച്ച് തെങ്ങു കയറാനും തയാർ. കർഷക തൊഴിലാളിയുടെ ആവശ്യം ചുറ്റുവട്ടത്തുണ്ടായാൽ അനുവിനെയാണ് പലരും ആശ്രയിക്കുന്നത്. ഇതിനൊക്കെ സമയമെവിടെ എന്നു ചോദിച്ചാൽ അനുവിന്റെ ഉത്തരം ഇതാവും. 'സമയമല്ല സാറേ മനസ്സാണ് വേണ്ടത്. മനസ്സുണ്ടായാൽ സമയമുണ്ടാവും'.

**തരിശുകിടക്കുന്ന അയൽ പുരയിടങ്ങളിൽ വാഴയും പച്ചക്കറികളും കൃഷി ചെയ്യും. അഞ്ചു പശുക്കളെ സംരക്ഷിക്കുന്നു. കറക്കുന്നതും അനു തന്നെ. ചങ്ങാതിക്കൂട്ടം പരിശീലനം നേടിയ അനു ഒഴിവുള്ളപ്പോൾ തെങ്ങു കയറാനും തയാർ. കർഷക തൊഴിലാളിയുടെ ആവശ്യം വന്നാൽ അനുവിനെയാണ് പലരും ആശ്രയിക്കുന്നത്.**

നാളികേര വികസന ബോർഡിന്റെ വാഴക്കുളത്തെ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് രണ്ടാഴ്ചത്തെ നീര പരിശീലനം നേടിയത്. ഒരു വർഷം കാത്തുനിന്ന ശേഷമാണ് നീര ടെക്നീഷ്യനായത്. നീര ഉത്പാദനത്തിന് ലൈസൻസ് കഞ്ഞിക്കുഴി ഫെഡറേഷന് ലഭിക്കാൻ വൈകിയതാണ് കാരണം. സി. പി. എസ്., സി. പി. എഫ്. ഭാരവാഹികളും ടെക്നീഷ്യന്മാരും ചേർന്നാണ് നീരയക്ക് പറ്റിയ തെങ്ങുകൾ ഓരോ പുരയിടവും സന്ദർശിച്ച് കണ്ടെത്തിയത്. ചാലുങ്കൽ സി. പി. എസ്സിനു കീഴിൽ കരിമറ്റത്തിൽ ഹരിദാസിന്റെ പുരയിടത്തിലെ കുറിയയിനം നാല് തെങ്ങുകളാണ് അനു ടാപ്പു ചെയ്യുന്നത്. തെങ്ങുടമകളുടെ നല്ല സഹകരണവും അനുവിന് ലഭിക്കുന്നു. എത്ര നല്ല തെങ്ങ് ലഭിച്ചാലും ടെക്നീഷ്യന്റെ പ്രയത്നം കൊണ്ടേ പരമാവധി ഉത്പാദനം ലഭിക്കൂ. പ്രയത്നിച്ചാൽ മാത്രം പോരാ ഭാഗ്യവും വേണമെന്ന് അനു പറയുന്നു. നല്ല തെങ്ങുകൾ ലഭിച്ചിട്ടും ഒന്നും ഒന്നരയും ലിറ്റർ നീര ലഭിക്കുന്ന അനുഭവങ്ങളുണ്ട്. പൂങ്കുലയുടെ യഥാർത്ഥ പരുവം കണ്ടെത്തുന്നതിലും അത് കെട്ടിമുറുക്കി, തടവി, തട്ടി, മുറിച്ച്, ഓലവളച്ച്, ചെളിതേച്ച്, കന്നാസ് കമഴ്ത്തി നീര ശേഖരിക്കുന്ന വിദ്യകൾ ശ്രദ്ധയോടെ ചെയ്യണം. കുലയും കന്നാസുകളും കഴുകാൻ തിളപ്പിച്ചാറിയ വെള്ളമോ ശുദ്ധമായ ജലമോ മാത്രം ഉപയോഗിക്കണം. അണുവിമുക്തമാക്കിയ ചെളി തന്നെ ഉപയോഗിക്കണം. കന്നാസുകൾ കഴുകിയ ശേഷം ഉണങ്ങിയ തുണികൊണ്ട് അകവശം നന്നായി തുടയ്ക്കണം. ഉയരം കുറഞ്ഞ തെങ്ങുകളായിട്ടും അരമണിക്കൂറിലേറെ താൻ ഒരു തെങ്ങിൽ ചെലവഴിക്കുന്നുണ്ട് എന്ന് അനു. തലേന്നത്തെ വസ്ത്രങ്ങൾ ഉപയോഗിക്കാറില്ല. പരമാവധി ശുചിത്വമാണ് നീര ഉത്പാദനത്തിന്റെ വിജയം. അനുവിന്റെ നീരയ്ക്ക് എന്നും പി. എച്ച്. 5.5 ന് മുകളിൽ തന്നെയാണ്. പി. എച്ച്. കുറഞ്ഞതിന്റെ പേരിൽ അനുവിന് കൂലി കുറഞ്ഞിട്ടുമില്ല.

ഇനി പറയൂ ഈ കർഷകനെയും ഈ നീര ടെക്നീഷ്യനെയും ആദരിക്കാതിരിക്കാൻ കഴിയുമോ? ■



*അനുവിന് കരപ്പുറം കമ്പനിയുടെ ആദരം*

ഹരിദാസ് ഫോൺ: 9400864669
അനു ഫോൺ: 9961412672

# നീര സ്വപ്ന പദ്ധതി പൂവണിയുന്നു; വാഗ്ദാനങ്ങ









**മറ്റു തൊഴിൽ മേഖലകൾ തേടിപ്പോയ നിരവധി ചെത്തു തൊഴിലാളികളുടെ തിരിച്ചു വരവിന് സുവർണ്ണാവസരമാണ് നീര ടെക്നീഷ്യൻ പരിശീലന പരിപാടി**

● **മിനി മാത്യു**
പബ്ലിസിറ്റി ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

ദൈവത്തിന്റെ സ്വന്തം നാടിന്റെ സ്വന്തം ആരോഗ്യപാനീയമായി നീരയെ അംഗീകരിച്ചുകഴിഞ്ഞു എന്നതിനു തെളിവാണ് ഇന്ന് കേരളത്തിലങ്ങോളമിങ്ങോളമായി സ്ഥാപിച്ചിരിക്കുന്ന നീര പാർലറുകളും അവിടെ മണിക്കൂറുകൾക്കകം വിറ്റഴിയുന്ന നീരയും നീരയുൽപന്നങ്ങളും. ഡിമാന്റിനനുസരിച്ച് ഉല്പന്നം വിപണിയിലെത്തിക്കാനുള്ള ത്രിതല കൂട്ടായ്മകളുടെ നിതാന്ത പരിശ്രമമാണ് ഇനി വേണ്ടത്. നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും മെച്ചപ്പെട്ട സ്വപ്ന പദ്ധതിയായി കണ്ട് നീര പ്രാബല്യത്തിലാക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ശ്രമം കേരള ചരിത്രത്തിൽ അവിസ്മരണീയമായി. നീര നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളികേര ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ ഭഗീരഥ പ്രയത്നം നടത്തിയ കേരകർഷക കൂട്ടായ്മകൾ കേരള സർക്കാരിന്റെ വാഗ്ദാനങ്ങളിൽ ഏറെ പ്രതീക്ഷയർപ്പിച്ചിട്ടുണ്ട്. കർഷകർക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാനാണ് ഇനി ശ്രമിക്കേണ്ടത്. നീരയുൽപാദനത്തിന് തടസ്സമായി നിന്ന 112 വർഷം പഴക്കമുള്ള അബ്കാരി നിയമത്തിന് എക്സൈസ് വകുപ്പിന്റെ പൂർണ്ണ പിന്തുണയോടെ ഭേദഗതി വരുത്തി സംസ്ഥാന സർക്കാർ നീരയുൽപാദനത്തിനും സംസ്ക്കരണത്തിനും അനുബന്ധ മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിനും പൈലറ്റ് അടിസ്ഥാനത്തിൽ അനുമതി നൽകി. പിന്നീട് പൈലറ്റ് പദ്ധതിയുടെ വിജയം മനസ്സിലാക്കി നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കൃഷിവകുപ്പ് 22.6.2013-ൽ ഇറക്കിയ കേരള സർക്കാർ ഉത്തരവിൽ മറ്റ് ആറ് ഏജൻസികൾക്കൊപ്പം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സൊസൈറ്റികൾക്കും ഫെഡറേഷനുകൾക്കും ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കാൻ നികുതി വകുപ്പിനോടാവശ്യപ്പെട്ടത് തീർത്തും സ്വാഗതാർഹമായി. പൈലറ്റ് അടിസ്ഥാനത്തിൽ 1500 തെങ്ങുകൾ ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകിയത് പുതിയ ഉത്തരവിൽ 5000 ആയി വർദ്ധിപ്പിച്ചു. അടുത്തതായി നാളികേരത്തിന്റെ ഏറ്റവും മൂല്യമുള്ള ഉല്പന്നങ്ങളിലൊന്നായി കരുതുന്ന നീരയും അനുബന്ധ ഉൽപ്പന്നങ്ങളും നാട്ടിലും വിദേശത്തും ഏറെ പ്രചാരത്തിലെത്തിക്കുകയും നാടിന്റെ സമ്പദ് വ്യവസ്ഥയുടെ ഉന്നമനം ഉറപ്പാക്കുകയുമാണ് വേണ്ടത്. കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ശ്രീ. കെ.എം. ചന്ദ്രശേഖർ പറഞ്ഞ പ്രകാരം കേരളത്തിലെ 18 കോടി തെങ്ങുകളിൽ 1% മാത്രം നീരയുൽപാദനത്തിനായി പ്രയോജനപ്പെടുത്തിയാൽ 5400 കോടി രൂപയുടെ വരുമാനമുണ്ടാകുമെന്നും ഇതിൽ കർഷകർക്ക് 2700 കോടി രൂപയും നീര ടെക്നീഷ്യന്മാർക്ക് 1350 കോടി രൂപയുടെ വരുമാനവും സർക്കാരിന് നികുതിയിനത്തിൽ 405 കോടി രൂപയും ലഭിക്കുമെന്നും അറിയിച്ചിരുന്നു. എന്നാലീ കണക്കുകൾക്കും മുകളിലാണ് ഇപ്പോഴത്തെ വരുമാനകണക്കുകൾ വെളിപ്പെടുത്തുന്നത്. നീര പദ്ധതിയ്ക്ക് ശക്തമായ അടിത്തറ പാകാൻ തക്കതായ നടപടികളാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവേണ്ടത്.

## ഉത്തരവുകൾ നിറവേറ്റണം

പുതിയ ഉത്തരവിൽ നീര ഉത്പാദനത്തിനും സംസ്ക്കരണത്തിനും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചെലവിന്റെ 25



*ആലപ്പുഴ കരപ്പുറം കമ്പനിയുടെ നീര ടെക്നീഷ്യ*

# ദളിൽ പ്രതീക്ഷയർപ്പിച്ച് കർഷക കൂട്ടായ്മകളും











ശതമാനം അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് അത് ഗവൺമെന്റ് സബ്സിഡിയായി കേരോത്പാദക കമ്പനികൾക്ക് അനുവദിക്കും. സബ്സിഡി ക്രഡിറ്റ് ലിങ്ക്ഡ് /ബാക്ക് എൻഡഡ് ആയിരിക്കും. കെട്ടിട നിർമ്മാണ ചെലവ് മൊത്തം തുകയുടെ 25 ശതമാനമോ അതിൽ താഴെയോ ആയിരിക്കണം. ഈ വിവരങ്ങൾ ഉൾപ്പെടുത്തി നാളികേര വികസന ബോർഡിന്റെ ശുപാർശ സഹിതം അപേക്ഷ നൽകണമെന്നാണ് പറഞ്ഞിരിക്കുന്നത്.

കർഷക കൂട്ടായ്മകൾ സ്വയം കണ്ടെത്തുന്ന ഓഹരിയുടെ 25 ശതമാനം മൂലധന സഹായമായി ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ഗവൺമെന്റ് നൽകും. ഇതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തും. നീരയുടെ പ്രോത്സാഹനത്തിനായി ഈ സാമ്പത്തിക വർഷം മൊത്തം 32 കോടി രൂപ കേരള സർക്കാർ ചെലവഴിക്കും. ഇതിന് ധനവകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടാണ് സർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. 2013-14 ബഡ്ജറ്റിൽ നീരയ്ക്കായി വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാന്റ് ലാപ്സായ സാഹചര്യത്തിൽ പുതിയ ഉത്തരവിലെ വാഗ്ദാനങ്ങൾ നിറവേറ്റി നീരയിലൂടെ കേരകർഷക രക്ഷ ഉറപ്പാക്കുകയാണ് വേണ്ടത്.



ൻമാർ

## പ്രതിബന്ധങ്ങളും പ്രതിസന്ധികളുമേറെ

നീര ചെത്താൻ ആവശ്യത്തിന് തെങ്ങുകളും സംസ്ക്കരിച്ച് വിപണിയിലെത്തിക്കാൻ പര്യാപ്തമായ സാങ്കേതിക വിദ്യകളുമുണ്ടെങ്കിലും പദ്ധതിക്കുവേണ്ട മുതൽ മുടക്കാൻ ആദ്യഘട്ടത്തിൽ കമ്പനികൾ വൈമുഖ്യം കാട്ടിയതും വൈദഗ്ധ്യം നേടിയ നീര ടെക്നീഷ്യന്മാരുടെ അപര്യാപ്തതയും മൂലം ഡിമാന്റിനനുസരിച്ച് വിപണിയിൽ നീരയെത്തിക്കാൻ കഴിയാത്തതുമാണ് പ്രാരംഭമായി നീര ഉത്പാദനത്തിൽ നേരിടുന്ന പ്രതിസന്ധി. എന്നാൽ പാലക്കാട് കേരോൽപ്പാദക കമ്പനിയും കൊല്ലം കൈപ്പുഴ കമ്പനിയും ശുഭ പ്രതീക്ഷയോടെ മുന്നേറിയത് മറ്റ് കമ്പനികൾക്ക് മാർഗ്ഗ ദർശകമായി. ഈ കമ്പനികൾ തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും വിവിധ കോക്കനട്ട് പോയിന്റുകൾ ആരംഭിച്ച് നീര വിപണിയിലെത്തിക്കുന്നു. യഥാർത്ഥത്തിൽ കേരള ജനതയ്ക്ക് നീരയുടെ രുചി ആസ്വദിക്കുവാൻ കഴിഞ്ഞത് ഈ കമ്പനികൾ തങ്ങളാൽ കഴിയും വിധം നീര കോക്കനട്ട് പോയിന്റുകളിലൂടെ വിപണിയിലെത്തിച്ചതു കൊണ്ടാണ്. ഇവരുടെ പിന്നാലെ ആലപ്പുഴയിലെ കരപ്പുറം കമ്പനിയും എറണാകുളം തിരുക്കൊച്ചി കമ്പനിയുമുണ്ട്. ഇന്ത്യയിലെ പ്രഥമ നീരപ്ലാന്റ് സ്ഥാപിച്ച് ഉത്പാദനമാരംഭിച്ച് കൊല്ലം കൈപ്പുഴ കമ്പനി ആവശ്യത്തിനനുസരിച്ച് നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുകയും ഈ മേഖലയിൽ നീര ടെക്നീഷ്യൻമാരുടെ പ്രസക്തിയെന്താണെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. കൊല്ലം കമ്പനിയിൽ അരലക്ഷം രൂപ വരെ മാസ വരുമാനം ലഭിച്ച നീര ടെക്നീഷ്യനുണ്ട്. നീര ടാപ്പിംഗിലൂടെ സൃഷ്ടിക്കപ്പെടുന്ന ഗ്രീൻ കോളർ ജോലിയ്ക്കായി കൊല്ലം കമ്പനി നാടിന്റെ വിവിധ മേഖലകളിൽ നിന്ന് നീര ടെക്നീഷ്യന്മാരെ പുറത്തിറക്കി കഴിഞ്ഞു. ഛത്തീസ്ഗഢിൽ നിന്നും, ആസ്സാമിൽ നിന്നും തമിഴ്നാട്ടിൽ നിന്നും എന്തിനേറെ ലക്ഷദ്വീപിൽ നിന്നു വരെ ടാപ്പിംഗ് തൊഴിലാളികളെത്തി പരിശീലനം നേടി നീര ടാപ്പു ചെയ്യുന്നു. കേരളത്തിൽ മാത്രം ഒരു ശതമാനം നീര ടാപ്പ് ചെയ്താൽ 1 ലക്ഷം തൊഴിലവസരങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മറ്റു തൊഴിൽ മേഖലകൾ തേടിപ്പോയ



നിരവധി ചെത്തു തൊഴിലാളികളുടെ തിരിച്ചു വരവിന് ഇതൊരു സുവർണ്ണാവസരമാണ്. നീര വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാനുള്ള ശ്രമം കള്ള് ചെത്ത് വ്യവസായ മേഖലയെ അപ്പാടെ നശിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണെന്നും കള്ളു ചെത്തു മേഖലയ്ക്കു ചരമക്കുറിപ്പെഴുതും എന്നൊക്കെ ഒരിക്കൽ കേരളത്തിലെ പ്രമുഖ പത്രം എഴുതിയിരുന്നു. ഇവരൊക്കെ ഇന്ന് നീരയെ സഹർഷം വരവേറ്റു കഴിഞ്ഞു. ഇതോടൊപ്പം കള്ള് ചെത്ത് മേഖലയിൽ നിന്നും നിരവധി തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നു വരുന്നു. അങ്ങനെ നീര ടാപ്പിംഗ് സംബന്ധിച്ച് ചെത്തു തൊഴിലാളി സംഘടനകളുടെ ഭയാശങ്കകളും അടിസ്ഥാന രഹിതമായി. നീര ടാപ്പിംഗ് വ്യാപകമാകുന്നതോടെ നിലവിലുള്ള ചെത്തു തൊഴിലാളികൾക്ക് അവരവരുടെ പ്രദേശങ്ങളിൽ നീര ചെത്താനുള്ള സാഹചര്യമാണൊരുങ്ങുന്നത്. ചെത്തു തൊഴിലാളി മേഖലയിൽ നിന്നെത്തിയ 345 മാസ്റ്റർ ടെക്നീഷ്യന്മാരാണ് നാളികേര ബോർഡിന്റെ 15 ദിവസത്തെ പരിശീലനം നേടിയത്. ഇവരാണ് പുതിയ നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകുന്നത്.

## നീര ടെക്നീഷ്യൻമാർക്ക് പരിശീലനം


നീര ഉത്പാദനവുമായി ബന്ധപ്പെട്ട് നീര ടെക്നീഷ്യൻമാർക്ക്, പരിശീലനത്തിനായി ഒരാൾക്ക് 10000 രൂപ വീതം സബ്സിഡി അനുവദിക്കുമെന്ന് ജൂൺ 22ന് ഇറക്കിയ സംസ്ഥാനസർക്കാർ ഉത്തരവിൽ പറയുന്നു. ട്രെയിനിംഗിന് കൃഷിവകുപ്പ് ഏജൻസികളേയും നാളികേര വികസന ബോർഡിനേയും ഉൾപ്പെടുത്തി മൊത്തം 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്. നാളികേര വികസന ബോർഡ് തയ്യാറാക്കിയ ഏകീകൃത കരിക്കുലം അനുസരിച്ച് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ എന്നിവയുടെ ട്രെയിനിംഗ് നാളികേര വികസന ബോർഡ് വിലയിരുത്തേണ്ടതാണെന്ന് ഉത്തരവിൽ പറയുന്നു. ഈ വാഗ്ദാനം പാലിച്ചുകൊണ്ട് കമ്പനികൾക്ക് കൂടുതൽ നീര ടെക്നിഷ്യൻമാരെ പരിശീലിപ്പിക്കാനായി സംസ്ഥാന സർക്കാർ സംവിധാനമൊരുക്കണം.

നാളികേര വികസന ബോർഡ് ഇതുവരെ 1559 നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകി കഴിഞ്ഞു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു കേരോൽപ്പാദക കമ്പനിയ്ക്ക് 6 ബാച്ചെന്ന കണക്കിൽ ഈ സാമ്പത്തിക വർഷം 3360 നീര ടെക്നീഷ്യന്മാർക്ക് 8 ആഴ്ചത്തെ പരിശീനം നൽകാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഒരു ബാച്ചിന് 2.06,600 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതോടൊപ്പം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത പരമ്പരാഗത ചെത്തു തൊഴിലാളികൾക്ക് മാസ്റ്റർ ടെക്നീഷ്യനാവാനുള്ള പരിശീലനവും ഈ സാമ്പത്തിക വർഷം നൽകുന്നുണ്ട്. പരിശീലനം നേടുന്ന നീര ടെക്നീഷ്യന്മാരെ കമ്പനിയുടെ കീഴിൽ നിലനിർത്തേണ്ടതും അവർക്ക് മെച്ചപ്പെട്ട വരുമാനമുണ്ടാക്കാനുള്ള സാഹചര്യമുണ്ടാക്കേണ്ടതും കേരോൽപാദക കമ്പനികളാണ്. ഏറെ അർപ്പണ മനോഭാവവും ആത്മാർത്ഥതയും വേണ്ട ജോലിയാണ് നീര ടെക്നീഷ്യൻമാരുടേത്. ഏറെ സാദ്ധ്യതയുള്ള ഈ ഗ്രീൻ കോളർ തൊഴിൽ മേഖലയിലേക്ക് കൂടുതൽ വനിതകളെ തെരഞ്ഞെടുത്തയയ്ക്കാൻ സംസ്ഥാന കുടുംബശ്രീമിഷൻ തയ്യാറായിട്ടുണ്ട്. സ്ത്രീകൾ മാത്രമുൾപ്പെട്ട ആദ്യ ബാച്ചിന്റെ പരിശീലനം എറണാകുളം ജില്ലയിലെ പറവൂർ കേരോത്പാദക ഫെഡറേഷൻ ഉടനെ ആരംഭിക്കും. പരിശീലനത്തിൽ പങ്കെടുക്കുന്ന ടെക്നീഷ്യന്മാരുമായി ഈ രംഗത്ത് ഉറച്ചു നിൽക്കുമെന്ന കരാറിലെത്തുകയും ഇതു സംബന്ധിച്ച് ധാരണാ പത്രം ഒപ്പിടേണ്ടതും ഉത്പാദക കമ്പനികളുടെ ചുമതലയാണ്.

## വിപണി കണ്ടെത്തൽ

കേരളത്തിലും വിദേശ വിപണിയിലും എക്സിബിഷനുകളിലും മറ്റു മേളകളിലും നാളികേര വികസന ബോർഡിനൊപ്പം ഉത്പാദക കമ്പനികൾ പങ്കെടുക്കുന്നതിലൂടെ നീരയ്ക്ക് വൻ വിപണിയാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. കൃത്രിമ ശീതള പാനീയം കുടിച്ച് ഒരു വർഷം മരിക്കുന്നത് 184000 പേരാണത്രെ. ഇത്തരം പാനീയങ്ങൾ കുടിക്കുന്നതിലൂടെ മാരക രോഗങ്ങൾ പിടിപെട്ടാണ് ഈ മരണനിരക്ക് എന്നത് പ്രകൃതിദത്ത പാനീയങ്ങളിലേക്ക് ജനങ്ങളെ തിരിച്ചുകൊണ്ടുവരുന്നു. ബോർഡ് പങ്കെടുക്കുന്ന മിക്ക എക്സിബിഷനുകളിലും നീര രുചിയ്ക്കാനെത്തുന്നവരുടെ നീണ്ട നിര കാണാം. ഇതോടൊപ്പം നീര ചോക്ലേറ്റ്, നീരഹണി, നീര ഹൽവ, നീര ജാം, നീര വിനാഗിരി എന്നിവയെല്ലാം ഇവിടെ വിറ്റഴിക്കപ്പെടുന്നു. കൊല്ലം കൈപ്പുഴ, പാലക്കാട്, തിരുക്കൊച്ചി, കരപ്പുറം, തേജസ്വിനി, കോഴിക്കോട് കമ്പനികൾ അവരുടെ വിവിധ നീര ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചു കഴിഞ്ഞു. പാലക്കാട് കേരോത്പാദക കമ്പനിയുടെ കീഴിൽ 28 കോക്കനട്ട് പോയിന്റുകളാണുള്ളത്. കൈപ്പുഴ കമ്പനിയ്ക്ക് ഇപ്പോൾ 5 നീര ഔട്ട്ലറ്റുകളാണുള്ളത്. കൂടുതൽ ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുന്ന കമ്പനി ഒരു മാസത്തിനകം പ്രതിദിനം 5000 ലിറ്റർ നീര ഉൽപ്പാദിപ്പിച്ച് സംസ്കരിച്ച് വിപണിയിലെത്തിക്കും. കെടിഡി.സി ഔട്ട്ലെറ്റുകൾ വഴിയും ഹോർട്ടി കോർപ്പ് വഴിയും നീരയും നീരയുൽപ്പന്നങ്ങളും വിപണനം നടത്താനുള്ള ശ്രമം ഉടനെ ഫലവത്താകുമെന്ന് കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു. പുനലൂർ ജംങ്ഷൻ, തേവലക്കര ജംങ്ഷൻ, ഭരണിക്കാവ് ജംങ്ഷൻ, കൊല്ലം കെ.എസ്.ആർ.ടി.സി സ്റ്റാന്റ് എന്നിവിടങ്ങളിൽ കൈപ്പുഴ കമ്പനിയുടെ കോക്കനട്ട് പോയിന്റുകൾ ആരംഭിക്കും. ശബരിമലയിൽ

## വ്യാജ പ്രചരണങ്ങളിൽ കുടുങ്ങരുത്



നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളിൽ ഏറ്റവും മൂല്യം ലഭിക്കുന്ന നീര ഷുഗറിന്റെ പേരിൽ ഒരു ഇംഗ്ലീഷ് പത്രത്തിന്റെ ഒന്നാം പേജിൽ ലക്ഷങ്ങൾ മുടക്കിയാണ് കേരള പീപ്പിൾസ് ഫോറം എന്ന സംഘടന അരപേജ് പരസ്യം പ്രസിദ്ധീകരിച്ചത്. ഇത്തരം പരസ്യങ്ങളിൽ പ്രലോഭിതരാവാതിരിക്കാൻ കേര കർഷകർ ജാഗ്രത പാലിക്കേണ്ടതുണ്ട്. നീര ഷുഗർ പ്രോജക്ടിൽ വസ്തുവായോ, പണമായോ മുതൽ മുടക്കിയാൽ, വാഗ്ദാനമായി ആറക്കത്തുക പ്രതിമാസ പ്രതിഫലവും, ഇതോടൊപ്പം നീര ഷുഗർ പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനം അൻപത് ലക്ഷം രൂപ വരെ സബ്സിഡി നൽകുമെന്ന് തലക്കെട്ടും; പൊതുജനത്തേയും സാധാരണക്കാരായ കേര കർഷകരേയും വഞ്ചിക്കാനുള്ള ശ്രമമാണിത്. ഇത്തരം തട്ടിപ്പുകളുമായി ആരെങ്കിലും കർഷകരെ സമീപിച്ചാൽ കേരോൽപാദക കമ്പനികളുടെ കൺസോർഷ്യവുമായും നാളികേര വികസന ബോർഡുമായും ബന്ധപ്പെട്ട് നിജസ്ഥിതി മനസ്സിലാക്കേണ്ടതാണ്.

പമ്പയിലും, കൊല്ലത്ത് ചവറയിൽ KMML ഔട്ട്‌ലെറ്റ് വഴിയും നീരയും നീരയുൽപന്നങ്ങളും വിപണിയിൽ എത്തിക്കാൻ ധാരണയായിട്ടുണ്ട്. നീരയുൾപ്പെടെ വിവിധ നാളികേര മൂല്യ വർദ്ധിത ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിയിൽപ്പെടുത്തി 50 ശതമാനം സബ്സിഡിയോടെ 1.5 ലക്ഷം രൂപ വീതം 70 കോക്കനട്ട് പോയിന്റുകൾക്ക് പ്രോജക്ട് അപ്രൂവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 1000 ഔട്ട്‌ലെറ്റുകൾ തുടങ്ങാനാണ് നാളികേര ബോർഡ് ലക്ഷ്യമിടുന്നത്.

നീരയുൽപാദന ശൃംഖലയിൽ തിരുക്കൊച്ചി കമ്പനി ആദായകരമായി പുറത്തിറക്കുന്ന ഉത്പന്നമാണ് നാളികേര വിനാഗിരി. അര ലിറ്റർ ബോട്ടിലിന് 60 രൂപയാണ് വില. ഓണത്തോടനുബന്ധിച്ച് നീര ചേർത്ത് പായസമുണ്ടാക്കി വിപണിയിലെത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുക്കൊച്ചി കമ്പനി. ക്രിസ്തുമസ്സിന് കമ്പനിയുടെ നീര കേക്ക് ചൂടപ്പം പോലെ വിറ്റഴിഞ്ഞിരുന്നു. തിരുക്കൊച്ചി കമ്പനിയ്ക്ക് എറണാകുളം ജില്ലയിൽ രണ്ട് കോക്കനട്ട് പോയിന്റുകളാണുള്ളത്. തിരുകൊച്ചി കമ്പനിയും, നാളികേര ബോർഡിന്റെ സി.ഐ.ടി. വാഴക്കുളവും സംസ്ക്കരിച്ച് വിപണിയിലിറക്കിയ 200 മില്ലി നീരയ്ക്ക് 35 രൂപയാണ് വില. ഇത് നാളികേര വികസന ബോർഡിന്റെ മുൻവശത്തുള്ള സിഡിബി - നാഫെഡ് സ്റ്റാളിൽ ലഭ്യമാണ്.

കുറ്റ്യാടി, മലപ്പുറം കമ്പനികൾ കോക്കനട്ട് പോയിന്റുകളിൽ ചിൽഡ് ഡിസ്പെൻസറുകൾ സ്ഥാപിച്ച് നീര വിറ്റഴിക്കുന്നു. ആലപ്പുഴ കരപ്പുറം കമ്പനി നീര ചോക്ലേറ്റ്, നീര ഹണി, നീര സിറപ്പ് എന്നിവ വിപണിയിലെത്തിച്ചിട്ടുണ്ട്. കമ്പനി ഉൽപാദിപ്പിക്കുന്ന നീര ചോക്ലേറ്റിന്റെ വില 10 രൂപയാണ്. 300 മി.ലി. നീര 50 രൂപയ്ക്കും; അരലിറ്റർ നീര 80 രൂപയ്ക്കും വിൽക്കുന്നു. കരപ്പുറം കമ്പനിയുടെ 250 മി.ലി. നീര ഹണിയ്ക്ക് 100 രൂപയാണ് വില. കൊല്ലം കൈപ്പുഴ കമ്പനിയുടെ ഒരു കിലോ ഹൽവയ്ക്ക് 600 രൂപയാണ് വില. വടകര കമ്പനി 5 രൂപയുടേയും 10 രൂപയുടേയും നീര ചോക്കളേറ്റ് വിപണിയിലെത്തിക്കുന്നു. പാലക്കാട് കമ്പനിയുടെ നീര ഹണിക്ക് 1 ലിറ്ററിന് 750 രൂപയാണ് വില. തേജസ്വിനി കമ്പനിയുടെ നീര ഷുഗറിന് കിലോ 1400 രൂപയും നീര ഹണിക്ക് ലിറ്ററിന് 1000 രൂപയുമാണ് വില.

നാളികേര ബോർഡിന്റെ ആലുവ, വാഴക്കുളത്തുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പരിശീലനം



*ബോർഡിന്റെ നീരയുടെ ലോഞ്ചിങ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി (തമിഴ്നാട്) ശ്രീ. പി.സി. സിറിയക് ഐഎഎസ് (റിട്ട.) എറണാകുളം റസിഡന്റ്സ് അസോസിയേഷൻ അപ്പെക്സ് കൗൺസിൽ മുൻ പ്രസിഡന്റ് എസ്. ബാലകൃഷ്ണന് നൽകിക്കൊണ്ട് നിർവഹിക്കുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, എസ്ആർവി ഹൈസ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ജിജോ ജോൺ, മുഖ്യ നാളികേര വികസന ഓഫിസർ ശ്രീ. സുഗതാ ഘോഷ്, സിഡിബി സെക്രട്ടറി ശ്രീ. എ.കെ. നന്ദി എന്നിവർ സമീപം.*

നേടിയ ശേഷമാണ് കമ്പനികൾ സ്വാദിഷ്ടമായ മധുരപലഹാരങ്ങൾ ഉണ്ടാക്കി വിപണിയിലെത്തിക്കുന്നത്.

28.3.2015 ൽ ഇറക്കിയ കേരള സർക്കാർ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ്, നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസുകൾ നിർമ്മിക്കുന്ന നീര പാനീയവുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കമ്പനികൾ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സ്ക്കൂൾ, കോളേജ് തലത്തിൽ ഡിപ്പാർട്ടുമെന്റ് സ്റ്റോറുകൾ വഴി നീരയും നീരയുൽപ്പന്നങ്ങളും വിൽപ്പന നടത്താൻ സർക്കാർ സാഹചര്യമൊരുക്കണം. അയൺ, കാൽസ്യം, പൊട്ടാസ്യം, എന്നിവയുടെ അഭാവം പരിഹരിക്കുന്ന ഫുഡ് സപ്ലിമെന്റാണിത്. മറ്റൊരു ഫ്രൂട്ട് ജ്യൂസിലും ഇല്ലാത്തവിധം വിറ്റാമിൻ എ, ബി, സി തുടങ്ങിയ മൂന്നു വിറ്റാമിനുകളും ഒരുമിച്ചടങ്ങിയ ഔഷധ പാനീയമാണ് നീര. ആയതിനാൽ സ്ക്കൂൾ ഉച്ചഭക്ഷണത്തോടൊപ്പം ഉണർവും ഉന്മേഷവും നൽകുന്ന നീര നൽകാൻ സാഹചര്യമൊരുക്കണം. തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി) ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, ജൂബിലി ഹോസ്പിറ്റൽ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നീര വിതരണം ചെയ്യാനുള്ള ഓർഡർ ലഭിച്ചത് ആരോഗ്യ മേഖല, നീരയെന്ന ആരോഗ്യ-ഔഷധ പാനീയത്തെ അംഗീകരിച്ചതിനുള്ള തെളിവാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് കേരളത്തിൽ നീരയുൽപാദനം ആഴ്ചയിൽ 26000 ലിറ്റർ മാത്രമാണ്. ഇത് ആഴ്ചയിൽ ഒരു ലക്ഷം ലിറ്റർ എന്ന തോതിൽ ഉത്പാദനമാരംഭിച്ചാൽ ആഭ്യന്തര വിപണിയുടെ ആവശ്യമനുസരിച്ച് നീരയും നീരയുത്പന്നങ്ങളും വിൽക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇതിന് കമ്പനികളുടെ കൂട്ടായ സഹകരണമാണ് വേണ്ടത്.

ആത്മാർത്ഥതയും സത്യസന്ധതയും കഠിനാധ്വാനവും കൈമുതലാക്കി മുൻ നിരയിലേക്കെത്തി ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി പിടിച്ചെടുക്കാനാണ് കമ്പനികൾ ശ്രമിക്കേണ്ടത്. ഉൽപന്നങ്ങളുടെ ഗുണമേന്മ നിലനിർത്തുന്നതിന് പ്രത്യേകിച്ച് ട്രേഡ് മാർക്ക്, പാക്കേജിംഗ്, മാർക്കറ്റിംഗ്, ലേബലിംഗ് എന്നിവയിൽ കമ്പനികൾ കൂടുതൽ ശ്രദ്ധയൂന്നണം. ശൈശവ ദശയിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുന്ന നീരയ്ക്കും നീരയുൽപ്പന്നങ്ങൾക്കും ആഭ്യന്തര വിപണിക്കൊപ്പം വിദേശ വിപണിയിലും വൻ ഡിമാന്റുണ്ട്. അമേരിക്കയും കാനഡയും, ജപ്പാനും, ഫ്രാൻസും, ജർമ്മനിയും, ഗൾഫ് രാജ്യങ്ങളുമുൾപ്പെടെ വൻ വിപണിയാണ് നീരയെ കാത്തിരിക്കുന്നതെന്ന് ഫെബ്രുവരിയിൽ നടന്ന 51-ാമത് എ.പി.സി.സി. യോഗത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. വിദേശ വിപണിയിൽ വൻ സാധ്യതയാണ് നീര ഷുഗറിനുള്ളത്. കഴിഞ്ഞ വർഷം ഇന്തോനേഷ്യ ഉത്പാദിപ്പിച്ചത് 10 ലക്ഷം മെട്രിക് ടൺ പാം ഷുഗറാണ്. പ്രകൃതിദത്ത ആരോഗ്യ പാനീയമായ നീരയ്ക്ക് വിപണി കണ്ടെത്താൻ കമ്പനികളുടേയും കൺസോർഷ്യത്തിന്റേയും യോജിച്ച ശ്രമത്തിലൂടെ നിഷ്പ്രയാസം കഴിയും. ഇതോടൊപ്പം വിവിധ കമ്പനികൾക്ക് നഷ്ടം വരാത്ത വിധം ഉൽപ്പന്നങ്ങളുടെ വിലയിലുള്ള ഏകോപനവും ആവശ്യമാണ്. ■

# നാളികേര കർഷകർ ഉത്പന്ന വൈവിധ്യത്തിലേയ്ക്ക് നീങ്ങണം, ഗുണമേന്മ ഉറപ്പു വരുത്തണം: മന്ത്രി രമേശ് ചെന്നിത്തല

സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി-11



*കരപ്പുറം കമ്പനിയുടെ നീര സംസ്കരണ പ്ലാന്റ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു*

**കരപ്പുറം നാളികേര ഉത്പാദക കമ്പനി നിർമാണം പൂർത്തിയാക്കിയ നീര സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് 2015 ജൂലൈ 10ന് നടന്ന ചടങ്ങിന്റെ റിപ്പോർട്ട്.**

നാളികേര കർഷകർ ഉത്പന്ന വൈവിധ്യത്തിലേയ്ക്ക് നീങ്ങണമെന്നും നിർമ്മിക്കുന്ന ഉത്പ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പു വരുത്തണമെന്നും സംസ്ഥാന ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക എന്നതാണ് എറ്റവും പ്രധാനപ്പെട്ട കാര്യം. ഉത്പ്പന്നങ്ങൾ വിറ്റഴിച്ചാൽ മാത്രമെ ഉത്പാദനം തുടരാനും പ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടു പോകാനും സാധിക്കുകയുള്ളു. അതിനു വേണ്ടത് ഗുണമേന്മയാണ്. ഗുണമേന്മയുണ്ടെങ്കിൽ വിദേശവിപണി പോലും കൈപ്പിടിയിലൊതുക്കാൻ ഏത് ഉത്പന്നത്തിനും സാധിക്കും. മന്ത്രി തുടർന്നു. ആലപ്പുഴ ജില്ലയിലെ നാളികേര കൃഷിയുടെയും കർഷകരുടെയും ഭാഗധേയം തിരുത്തിക്കുറിക്കാൻ നിയോഗം ഏറ്റുവാങ്ങിയ കരപ്പുറം ഫാർമർ പ്രൊഡ്യൂസർ കമ്പനി, കഞ്ഞിക്കുഴി പഞ്ചായത്തിലെ അയ്യപ്പൻചേരിയിൽ നിർമ്മാണം പൂർത്തിയാക്കിയ നീരപ്ലാന്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ, സംസ്ഥാന എക്സൈസ് വകുപ്പിന്റെ മേൽ നോട്ടത്തിൽ നീര വളരെ വലിയ സംരംഭമായി കേരളത്തിൽ വ്യാപിക്കുകയാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഇതിന്റെ പ്രയോജനം ആത്യന്തികമായി ലഭിക്കുക കർഷക സമൂഹത്തിനാണ്. ഇക്കാര്യത്തിൽ നാളികേര വികസന ബോർഡും അതിന്റെ ചെയർമാൻ ശ്രീ.ടികെ ജോസും സ്വീകരിച്ച നടപടികളെ അഭിനന്ദിക്കാതിരിക്കാനാവില്ല – മന്ത്രി തുടർന്നു.

നാളികേരത്തിന്റെ നാടാണ് കേരളം. നാളികേര കർഷകരെ താങ്ങി നിറുത്തുവാനും സഹായിക്കുവാനും തെങ്ങു കൃഷി ആദായകരമാക്കി മാറ്റുവാനും നമുക്കു സാധിക്കണം. പണ്ടു പുരാതന കാലം മുതൽ നാം തേങ്ങ വെട്ടി കൊപ്രയാക്കി കൊച്ചിയിലും ആലപ്പുഴയിലും വിറ്റു വന്നിരുന്നു. പക്ഷെ ഇതിന്റെ അനന്തമായ മൂല്യവർധന സാധ്യതകൾ നാം മനസിലാക്കുകയോ ഇത്തരം ഉദ്യമങ്ങളിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല എന്നതാണ് സത്യം. വെളിച്ചെണ്ണയ്ക്ക് എതിരെ ചില കുപ്രചാരണങ്ങൾ



*കരപ്പുറം കമ്പനിയുടെ സംസ്കരിച്ച നീര ശ്രീ തോമസ് ഐസക് എംഎൽഎക്ക് നൽകി മന്ത്രി രമേശ് ചെന്നിത്തല വിപണിയിലിറക്കുന്നു.*

അടുത്ത കാലത്ത് ഉണ്ടായി. ഇതെല്ലാം വിദേശത്തും ഇന്ത്യയിലും വിപണികളിൽ വെളിച്ചെണ്ണ വില്ക്കപ്പെടാതിരിക്കാനുള്ള വൻ തന്ത്രങ്ങളായിരുന്നു. ആ അവസ്ഥ ഇപ്പോൾ മാറി.

ഇന്ന് നാളികേരത്തിൽ നിന്ന് നിരവധിയായ ഉത്പ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ നമുക്കു സാധിക്കുന്നുണ്ട്. ആത്യന്തികമായി നാളികേര മേഖലയുടെ വികസനവും നാളികേര കർഷകരുടെ പുരോഗതിയുമാണ് നമ്മുടെ ലക്ഷ്യം. അതിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കഴിയുന്നത്ര സാമ്പത്തിക സഹായം ചെയ്യുന്നുണ്ട് എന്നും മന്ത്രി കൂട്ടി ചേർത്തു. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നീര കൂടുതൽ വ്യാപകമായി ഉത്പ്പാദിപ്പിക്കുവാനും വിപണിയിൽ എത്തിക്കുവാനും ഗവൺമെന്റ് ശ്രമിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട ചില ആശങ്കകൾ നിലനിന്നിരുന്നു. അതെല്ലാം പരിഹരിച്ചു കഴിഞ്ഞു. നല്ല സോഫ്റ്റ് ഡ്രിങ്ക് എന്ന നിലയിൽ നീരയെ ജനകീയമാക്കണം. അതിനുള്ള വൻ സാധ്യത ഇവിടെ ഉണ്ട്. അതിനു വിപണി കണ്ടെത്താനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടാകണം– മന്ത്രി അഭ്യർത്ഥിച്ചു. ഡൽഹിയിലായതിനാൽ ചടങ്ങിൽ പങ്കെടുക്കാൻ സാധിക്കാതെ പോയ ശ്രീ. കെ. വേണുഗോപാൽ എംപിയുടെ ആശംസയും മന്ത്രി സദസിനെ അറിയിച്ചു.

കരപ്പുറം നാളികേര ഉത്പാദക കമ്പനിയുടെ മുഖ്യ സാരഥിയും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ അഡ്വ.പ്രിയേഷ്കുമാറാണ് സ്വാഗതം പറഞ്ഞത്. ഈ കമ്പനിക്ക് കഞ്ഞിക്കുഴി കമ്പനി എന്നു പേരിടാമായിരുന്നു. പക്ഷെ, വളരെ ദീർഘ വീക്ഷണത്തോടു കൂടി കരപ്പുറം കമ്പനി എന്ന പേര് നല്കുകയായിരുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അരൂർ മുതൽ തോട്ടപ്പിള്ളി വരെയുള്ള കായലും കടലും കരയുമുള്ള മേഖലയിലെ മുഴുവൻ കർഷകരുടെയും പ്രസ്ഥാനമായി ഇതു മാറണം എന്ന് ആഗ്രഹിച്ചു തന്നെയാണ് കരപ്പുറം കമ്പനി എന്ന പേരു നല്കിയതും അത് അംഗീകരിച്ചതും. ഈ മേഖലയിലെ മുഴുവൻ കർഷകരുടെയും പ്രതീക്ഷയായി ഈ പ്രസ്ഥാനം മാറാൻ പോവുകയാണ്. കയർ വ്യവസായത്തിന് ഏറ്റവും പ്രശസ്തമായിരുന്നു കരപ്പുറം. പക്ഷെ ഇടക്കാലത്ത് ആ പ്രതാപത്തിനു മങ്ങലേറ്റു. തെങ്ങിന്റെ പ്രസക്തി പോലും നഷ്ടപ്പെട്ടു. വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കും അപ്പുറത്ത് നാളികേരത്തിന്റെ സാധ്യതകൾ കണ്ടെത്താൻ കഴിയാതെ പോയതാണ് നാളികേര മേഖലയുടെ യഥാർത്ഥ പ്രശ്നം എന്ന് തിരിച്ചറിഞ്ഞ നാളികേര വികസന ബോർഡ് ആ സന്ദർഭത്തിലാണ് ഇതിൽ ഇടപെടുന്നത്. ഉത്പാദനത്തിൽ മാത്രം ഒതുങ്ങി നിന്ന കർഷകനെ നാളികേര സംഭരണത്തിലും സംസ്കരണത്തിലും മൂല്യ വർധനവിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും അതുവഴി വിപണിയിൽ ഇടപെടുന്നതിനും ശക്തനാക്കിയത് നാളികേര വികസന ബോർഡാണ്. കൃഷിക്കാർ സംഘടിക്കണമെന്ന് നിർദ്ദേശിച്ചതും ബോർഡാണ്. അങ്ങനെ അസംഘടിതരായിരുന്ന 42 ലക്ഷത്തോളം നാളികേര കൃഷിക്കാർ സംഘടിച്ച് കേരളത്തിൽ ഒരു ഉജ്വല ശക്തിയായി മാറിയിരിക്കുന്നു. കർഷകരെ ചൂഷണം ചെയ്തിരുന്ന ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കരപ്പുറം പോലെ നാളികേര കർഷകരുടെ 20 ഉത്പാദക കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തം ഉത്പ്പന്നത്തിന് വില നിശ്ചയിക്കുന്നതിന് ശേഷിയുള്ള സംരംഭകരാക്കി സംസ്ഥാനത്തെ നാളികേര കർഷകരെ മാറ്റിയത് നാളികേര വികസന ബോർഡിന്റെ ആദരണീയനായ ചെയർമാൻ ശ്രീ. ടി.കെ ജോസ് സാറാണ്. കേരളത്തിന്റെ മുഖഛായ തന്നെ മാറാൻ പോവുകയാണ്. ഇത് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിൽ ഉണ്ടാക്കാൻ പോകുന്ന ചലനം വലുതായിരിക്കും – പ്രിയേഷ് കുമാർ വ്യക്തമാക്കി.

ഈ ഉദ്യമത്തിൽ ഞങ്ങളെ നിരവധി പേർ സഹായിച്ചു. സങ്കുചിത ചിന്താഗതികൾ വെടിഞ്ഞ്, കക്ഷിരാഷ്ട്രിയങ്ങൾ മറന്ന് എല്ലാവരും ഒന്നിച്ചു. നാളികേര കർഷകന് ഒരു വേദിയുണ്ടാക്കാൻ എല്ലാവരും അണിനിരന്നു. അതുകൊണ്ടു മാത്രമാണ് ഈ നേട്ടമുണ്ടാക്കാൻ ഞങ്ങൾക്കു സാധിച്ചത്. ഞങ്ങളോടു സഹകരിച്ച, ഞങ്ങളെ ചേർത്തു പിടിച്ച എല്ലാ സുമനസുകളെയും ഞങ്ങൾ സ്മരിക്കുന്നു. പ്രത്യേകിച്ച് എം എൽ എമാരായ ഡോ.തോമസ് ഐസക്, ശ്രീ.ജി സുധാകരൻ, ശ്രീ പി തിലോത്തമൻ, ശ്രീ. ആരിഫ്, എം പി ശ്രീ. കെ വേണുഗോ




*നീര സംസ്കരണ യൂണിറ്റിന്റെ ശിലാഫലകം അനാച്ഛാദനം*



*ഉദ്ഘാടനവേദിയിൽ.. നാളികേര വികസനബോർഡ് ചെയർമാൻ ശ്രീ.ടി.കെ. ജോസും ആലപ്പുഴ എംഎൽഎ ഡോ. ടി.എം. തോമസ് ഐസക്കും.*

പാൽ, നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി കെ ജോസ് ഐഎഎസ്, കെഎഫ്സി ജില്ലാ മാനേജർ വിനോദ്, കൃഷി ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ സാമൂഹിക രാഷ്ട്രിയ നേതാക്കൾ, ജനപ്രതിനിധികൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അൻപതിനായിരം രൂപ മൂലധനവുമായി ആരംഭിച്ച കമ്പനിയുടെ പക്കൽ ഇന്ന് 80 ലക്ഷം രൂപയുടെ ഓഹരിയുണ്ട്. തന്റെ ഒരു മാസത്തെ വരുമാനമായ 500 രൂപ തന്നിട്ട്, ബാക്കി അടുത്ത മാസം തരാം.എനിക്കും നൂറ് ഓഹരി തരൂ - എന്നു പറഞ്ഞ് പണം നല്കിയ ഓഹരി ഉടമ വരെ എന്റെ മുമ്പിൽ ഇരിക്കുന്നുണ്ട്. അങ്ങനെ നൂറു കണക്കിനു കർഷകരിൽ നിന്നു സമാഹരിച്ച തുകയാണിത്. അഡ്വ.പ്രിയേഷ് കുമാർ പറഞ്ഞു.

മാറുന്ന കാലത്തിന്റെ ചിന്തകളിലേയ്ക്കും സ്വപ്നങ്ങളിലേയ്ക്കും വെളിച്ചം പകർന്ന് നാളികേര കർഷകരുടെ ചാലക ശക്തിയായി മാറിയ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി.കെ ജോസ് ഐഎഎസ് തുടർന്ന് ആമുഖ പ്രസംഗം നടത്തി. നീര മാത്രമല്ല ശുദ്ധമായ വെളിച്ചണ്ണ ഉൾപ്പെടെയുള്ള എല്ലാ നാളികേര ഉത്പ്പന്നങ്ങളും നിർമ്മിച്ച് വിപണിയിലിറക്കുക എന്നതാണ് നാളികേര ഉത്പാദക കമ്പനികളുടെ ലക്ഷ്യമെന്ന് ശ്രീ.ജോസ് വ്യക്തമാക്കി.

അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്ന്...

നീര ഉത്പാദിപ്പിക്കുന്നതിനു മുമ്പെ നാളികേരത്തിൽ നിന്ന് ഉരുക്കു വെളിച്ചെണ്ണ ഉൾപ്പെടെ ആറിനം മൂല്യ വർധിത ഉത്പ്പന്നങ്ങൾ നിർമ്മിച്ചുകൊണ്ടാണ് കരപ്പുറം കമ്പനി വിപണിയിലേയ്ക്ക് രംഗപ്രവേശം ചെയ്തത്. കേരളത്തിന്റെ പേരിനു കാരണമായ നാളികേരത്തിന്റെ ഈ നാട്ടിൽ മായവും മാലിന്യവുമില്ലാത്ത വെളിച്ചെണ്ണ പോലും അപ്രാപ്യമായിരുന്ന കാലത്താണ് കരപ്പുറം കമ്പനി നല്ലവെളിച്ചെണ്ണയുമായി രംഗത്ത് എത്തിയത്. ഇന്ത്യയിലെ 20 ജില്ലകളിൽ മാത്രമാണ് വെളിച്ചെണ്ണ ഭക്ഷ്യ ആവശ്യത്തിന് ഉപയോഗിക്കുന്നത് . പക്ഷെ, രാജ്യത്തെ 612 ജില്ലകളിലും തേങ്ങാപ്പാൽ പാചക ആവശ്യത്തിന് ഉപയോഗിക്കുന്നു. ഇത്രയും നാൾ നാം കണ്ടു പഠിച്ചത് കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വേണ്ടി മാത്രമുള്ള കൃഷിയാണ് തെങ്ങ് എന്ന നിലയിലാണ്. അതിൽനിന്നു നാം മാറുകയാണ്. കാരണം ലോകം മാറിക്കൊണ്ടിരിക്കുന്നു. ശ്രീനഗറിലെ ബാരമുള്ള മുതൽ കന്യാകുമാരി വരെയും കച്ച് മുതൽ നാംസായി വരെയുമുള്ള 612 ജില്ലകളിലും തേങ്ങാപ്പാൽ ഉപയോഗിക്കുന്നു. പക്ഷെ രാജ്യത്ത് ആവശ്യമുള്ള തേങ്ങാപ്പാൽ അധികവും മാഗി കമ്പനി ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ഇന്ത്യയിൽ രണ്ടു കമ്പനികളെ തേങ്ങാപ്പാൽ ഉത്പ്പാദിപ്പിക്കുന്നുള്ളു. ശ്രീറാം ഇൻഡസ്ട്രീസ് തമിഴ്നാട്ടിലും രണ്ടാമത്തേത് കണ്ണൂരുള്ള ദിനേശ് കോഓപ്പറേറ്റിവ് ഫുഡ് ഇൻഡസ്ടിയും. ബാംഗളൂരിൽ മുഴുവൻ വിറ്റു പോകുന്നത് ദിനേശിന്റെ തേങ്ങാപ്പാലാണ്. അവർക്ക് നല്ല കയറ്റുമതി ഓർഡറും ലഭിച്ചിട്ടുണ്ട്. അതിനാൽ അടുത്തതായി വിപണിയിൽ ഇറക്കേണ്ട നാളികേര ഉത്പ്പന്നങ്ങളുടെ ഒരു ലിസ്റ്റ് കൂടി കരപ്പുറം കമ്പനിയുടെ ഭാരവാഹികൾക്കു മുന്നിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നാളികേരത്തിൽ നിന്ന് ലോകത്തിൽ എവിടെയും നിർമ്മിക്കാൻ സാധിക്കുന്ന ഏതു മികച്ച ഉത്പ്പന്നവും നമുക്ക് ഇവിടെ ഉണ്ടാക്കാൻ സാധിക്കും. സാധിക്കണം. അതു വേഗത്തിൽ വേണം. അതിനുള്ള എല്ലാ സാങ്കേതിക വിദ്യയും ഇന്ന് ഇന്ത്യയിൽ ലഭ്യമാണ്. സാങ്കേതിക സഹായവും ചെറിയ സാമ്പത്തിക സഹായവും ആണ് നാളികേര വികസന ബോർഡിൽനിന്നു ലഭിക്കുക. അതായത് ടെക്നോളജി മിഷൻ ഓഫ് കോക്കനട് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംരംഭ ചെലവിന്റെ 25 ശതമാനം, പരമാവധി 50 ലക്ഷം രൂപ സഹായം. കേരള ധനകാര്യ കോർപ്പറേഷനാണ് നീര പ്ലാന്റുകൾക്കെല്ലാം നിലവിൽ വായ്പ നല്കിയിരിക്കുന്നത്. ഓരോ തെങ്ങിൽ നിന്നും ഓരോ വിളവെടുപ്പിനും ഒരുനാളികേരം വീതം ഒരു വർഷത്തേയ്ക്ക് ഓഹരിയായി നല്കുക എന്നതാണ് കർഷകരിൽ നിന്നു പ്രതീക്ഷിക്കുന്നത്. ഒരു ഓഹരിക്ക് പത്തു രൂപ. ഈ ഓഹരിയുടെ മാത്രം ബലത്തിലാണ് കോർപ്പറേഷൻ വായ്പ നല്കുന്നത് അതും രണ്ടു ശതമാനം പലിശ ഇളവിൽ.

ഭാവിയിലേയ്ക്ക് നാം ചെയ്യേണ്ട ഒന്നു രണ്ടു കാര്യങ്ങൾ കൂടി സൂചിപ്പിക്കട്ടെ. ഒന്ന് അഡ്വ.പ്രിയേഷ് കുമാർ ഇവിടെ പറഞ്ഞു.. കഴിഞ്ഞ ജൂൺ 30 വരെ നാം തീവ്ര ഓഹരി സമാഹരണ യജ്ഞം നടത്തുകയായിരുന്നു. ഈ സംസ്ഥാന ബജറ്റിൽ പത്തു കോടി രൂപ കർഷകരുടെ ഉത്പാദക കമ്പനികൾക്ക് സമാഹരിക്കുന്ന ഓഹരിയുടെ നാലിൽ ഒന്ന് 20 ശതമാനം പരമാവധി 50 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്. രണ്ടു ലക്ഷം മൂലധനം സമാഹരിച്ചാൽ സർക്കാരിന്റെ 50 ലക്ഷം കൂടി ഈ കമ്പനികൾക്കു ലഭിക്കും. നമ്മുടെ ആറു കമ്പനികൾ രണ്ടു കോടിയുടെയും 12 കമ്പനികൾ ഒരു കോടിയുടെയും മുകളിൽ എത്തി. ഇക്കാര്യത്തിൽ കൂടി കരപ്പുറം കമ്പനിയെ നിങ്ങൾ സഹായിക്കണം. അതിനുള്ള തീവ്രമായ പരിശ്രമം നിങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടാവണം.

നമുക്ക് നീരയുത്പാദനത്തിന് തെങ്ങുകൾ ധാരാളം ഉണ്ടെങ്കിലും ഉയരം കുറഞ്ഞതും ഉത്പാദന ശേഷി കൂടിയതുമായ തെങ്ങുകൾ ധാരാളമായി നട്ടു വളർത്തേണ്ടതുണ്ട്. നല്ല തൈകൾ കിട്ടാനില്ല എന്നതാണ് കേരളത്തിൽ നാളികേര മേഖല നേരിടുന്ന പ്രശ്നം. നാളികേര ബോർഡും കാർഷിക സർവകലാശാലയും സിപിസിആർ ഐയും കൃഷിവകുപ്പും എല്ലാവരും കൂടി പരിശ്രമിച്ചാലും കേരളത്തിൽ പരമാവധി നാലു ലക്ഷം തൈകളാണ് ഉത്പാദിപ്പിക്കുന്നത്. അതുകൊണ്ട് എല്ലാ ഫെഡറേഷനുകളിലും ഗുണമേന്മയുള്ള പതിനായിരം



*മൂല്യ വർധിത ഉത്പന്നങ്ങളുടെ ലോഞ്ചിങ്*

വിത്തു തേങ്ങയെങ്കിലും സമാഹരിച്ച് പാകി ചെറിയ നഴ്സറി ഉണ്ടാക്കണമെന്നു പറഞ്ഞിരുന്നു. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ആദ്യം തന്നെ ഒരു ലക്ഷം വിത്തു തേങ്ങ സമാഹരിച്ച് നഴ്സറി സ്ഥാപിച്ചിരുന്നു. 2015 ൽ നല്ല തെങ്ങിൻ തൈ നട്ടാൽ മാത്രമെ 2019 – 20 ൽ നിലത്തു നിന്ന് നീര ടാപ്പു ചെയ്യാൻ സാധിക്കുന്ന തെങ്ങുകൾ വളർത്തിയെടുക്കാനാവൂ.

മൂന്നാമത് വെളിച്ചെണ്ണ, കൊപ്ര എന്നിവയ്ക്കപ്പുറം നീര, മനുഷ്യർക്ക് ഭക്ഷ്യാവശ്യങ്ങൾക്ക് തേങ്ങപ്പാൽ തുടങ്ങി, തേങ്ങയിൽനിന്നു നിർമ്മിക്കാവുന്ന മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിലേയ്ക്കും നാം മാറണം. തേങ്ങയുടെ കാമ്പുമാത്രമല്ല, അതിന്റെ



ആമുഖ പ്രസംഗം: ശ്രീ.ടി.കെ. ജോസ്



ആശംസ: ശ്രീ. സുരേഷ് റിച്ചാർഡ്

ചിരട്ടയും ചകിരിയും തേങ്ങവെള്ളവും പോലും പാഴാക്കാതെ മൂല്യവർധിത ഉത്പ്പന്നങ്ങളാക്കി മാറ്റാൻ സാധിക്കണം. കോഴിക്കോട്ട് കുടുംബശ്രീ യൂണിറ്റിലെ രണ്ടു സ്ത്രീകൾ ഒരു തേങ്ങയുടെ വെള്ളത്തിൽ നിന്ന് ഇള എന്ന പേരിൽ പത്തു രൂപ വിലയുള്ള സോഡ ഉത്പാദിപ്പിച്ചിരുന്നു. ഒരു തേങ്ങയ്ക്ക് നാലു രൂപ പോലും വിലയില്ലാതിരുന്ന കാലത്താണ് ഇതെന്ന് ഓർക്കണം. മൂന്നു ലക്ഷത്തോളം കയർ തൊഴിലാളികൾ ആലപ്പുഴ ജില്ലയിൽ തൊഴിലില്ലാതെ കഷ്ടപ്പെടുന്നത് ചകിരി നാരിന്റെ അപര്യാപ്തത കൊണ്ടാണ്. കേരളത്തിൽ തേങ്ങ ഇല്ലാത്തതു കൊണ്ടല്ല. മറിച്ച് തേങ്ങയുടെ സംഭരണം നടക്കാത്തതു കൊണ്ടാണ് ഈ സ്ഥിതിവിശേഷം. തേങ്ങ കൊണ്ടുവന്ന് സംസ്കരിക്കുന്ന യൂണിറ്റുകൾ ഉണ്ടായാൽ അവിടെ ആദ്യം ലഭിക്കുന്ന ഉപോത്പ്പന്നമാണ് ചകിരി. അതിനാൽ ഇവിടെയുള്ള 12 ഫെഡറേഷനുകളും ഇനി ഉണ്ടാകാൻ പോകുന്ന ഫെഡറേഷനുകളും നഴ്സറിയും കൊപ്രഡ്രയറുകളും ഡിഫൈബറിംങ് യൂണിറ്റുകളും സ്ഥാപിക്കണം.

മായമില്ലാത്ത വെളിച്ചെണ്ണയാണ് നമ്മുടെ അടുത്ത ലക്ഷ്യം. ആറ് ഏഴ് ഫെഡറേഷനുകളിലെങ്കിലും ഓരോ കൊപ്ര ഡ്രയർ സ്ഥാപിച്ച് 10000 നാളികേരം സംസ്കരിച്ചാൽ ഒരു മില്ല് കമ്പനിയുടെ ഉടമസ്ഥതയിൽ ഉണ്ടാവണം. ആ ഫെഡറേഷനുകൾ കൊപ്ര കൂടാതെ നാരും ചിരട്ടയും തേങ്ങാ വെള്ളവും ഉപയോഗിച്ചുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കണം. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും എം എൽ എ മാരുടെയും വികസന ഫണ്ടിൽ നിന്നും ഇതിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായം കൂടി അഭ്യർത്ഥിക്കുകയാണ്. കൊല്ലം എറണാകുളം ജില്ലകളിൽ നാളികേര ഉത്പാദക കമ്പനികൾക്ക് എംപി മാരുടെയും എംഎൽഎ മാരുടെയും വികസന ഫണ്ടിൽ നിന്ന് ധനസഹായം ലഭിച്ചു.

വീട്ടുമുറ്റത്തെ വിള എന്ന പേരിൽ നാം തെങ്ങിനെ അവഗണിക്കുമ്പോൾ വിദേശങ്ങളിൽ നാളികേരത്തോട് തീവ്രമായ ആഭിമുഖ്യം വളരുകയാണ്. അമേരിക്കയിലും മറ്റും കോക്കനട്ട് ക്രേസ് എന്നാണ് പറയുന്നത്. കഴിഞ്ഞ 12 വർഷമായി അമേരിക്കൻ ശീതള പാനീയ വിപണിയിൽ 100 ശതമാനം വളർച്ച പ്രതിവർഷം രേഖപ്പെടുത്തുന്ന ഏക ഉത്പ്പന്നം കരിക്കിൻ വെള്ളമാണ്. 2011 – ൽ ഒരു കമ്പനി മാത്രമായിരുന്നു നമ്മുടെ നാട്ടിൽ കരിക്കിൻ വെള്ളം സംസ്കരിച്ചിരുന്നത്. ഇപ്പോൾ 23 കമ്പനികൾ ഈ രംഗത്ത് ഉണ്ട്. നിർഭാഗ്യവശാൽ ഇതിൽ ഒന്നു പോലും കേരളത്തിലില്ല. ഇളനീരിനു പറ്റിയ തെങ്ങുകൾ നട്ടു വളർത്തി കരിക്കിൻ വെള്ളം സംസ്കരിക്കുന്ന യൂണിറ്റുകൾ ഇവിടെ ഉണ്ടാകണം. അതുപോലെ തന്നെ ഞാൻ നേരത്തെ സൂചിപ്പിച്ച വെർജിൻ കോക്കനട് ഓയിൽ, ഡസിക്കേറ്റഡ് കോക്കനട്, തേങ്ങാ പാൽ, ക്രീം, പൗഡർ എന്നിവയുടെ ഉത്പാദനവും. തെങ്ങു കൃഷി ഇല്ലാത്ത അമേരിക്കയിലെ സൊ ഡെലീഷ്യസ് ഡയറി ഫ്രീ എന്ന ഒരു കമ്പനി തേങ്ങാപാലിൽ നിന്ന് 65 ഇനം വൈവിധ്യമാർന്ന ഭക്ഷ്യ ഉത്പ്പന്നങ്ങൾ നിർമ്മിച്ച് ലോക വിപണിയിൽ



അധ്യക്ഷ പ്രസംഗം: ശ്രീ.പി. തിലോത്തമൻ എംഎൽഎ



ആശംസ: ശ്രീ. ടി.എം. തോമസ് ഐസക് എംഎൽഎ

വില്പന നടത്തുന്നുണ്ട്. ഇതുപോലെ ഓസ്ട്രേലിയയിലെ കോയോ കമ്പനി കോക്കനട് യോഗർട്ടും കോക്കനട്ട് ഐസ് ക്രീമും നിർമ്മിച്ച് 12 രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നു. ഇന്തോനേഷ്യയിലെ ബിഗ്ട്രീ ഫാംസ് ആണ് ലോകത്തിൽ ഏറ്റവും കൂടുതൽ നീര പഞ്ചസാര ഉണ്ടാക്കി വില്പന നടത്തുന്നത്. കഴിഞ്ഞ വർഷം മാത്രം 12000 കോടി രൂപയ്ക്കുള്ള പഞ്ചസാരയാണ് അവർ അമേരിക്കയിലേയ്ക്ക് കയറ്റി അയച്ചത്. ബഹുമാന്യനായ പ്ലാനിംങ് ബോർഡ് വൈസ് ചെയർമാൻ ഡോ. ചന്ദ്രശേ



ആശംസ: ശ്രീമതി പ്രതിഭാ ഹരി



സ്വാഗതം: അഡ്വ. പ്രിയേഷ് കുമാർ

ഖർ സാറിന്റെ വാക്കുകൾ കടമെടുത്ത് പറഞ്ഞാൽ കേരളത്തിലെ തെങ്ങുകളുടെ പത്തു ശതമാനം നീര ഉത്പാദനത്തിന് ഉപയോഗിച്ചാൽ 54000 കോടി രൂപ നമ്മുടെ സംസ്ഥാനത്ത് അധിക വരുമാനം ഉണ്ടാക്കാൻ സാധിക്കും. ഒരു ലക്ഷത്തോളം ഗ്രീൻ കോളർ തൊഴിൽ അവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടും. തൊഴിലുറപ്പു പദ്ധതി വഴി ഒരു വർഷം ലഭിച്ച വരുമാനത്തെക്കാൾ ഒരു മാസം നീര ടെക്നീഷ്യനായി ജോലി ചെയ്ത് സമ്പാദിച്ച കുടുംബശ്രീ അംഗങ്ങൾ കോഴിക്കോട്ട് പായിമ്പ്രയിൽ ഉണ്ട്. പക്ഷെ, കേരളത്തിൽ ആവശ്യത്തിന് നീര ടെക്നീഷ്യന്മാർ ഇന്ന് ഇല്ല. കൊല്ലത്തും എറണാകുളത്തും അന്യ സംസ്ഥാന തൊഴിലാളികൾ നീര ഉത്പാദിപ്പിക്കാൻ എത്തിയിരിക്കുന്നു. മുപ്പതിനായിരവും നാല്പതിനായിരവും രൂപ മാസശമ്പളമായി സമ്പാദിക്കുന്ന നീര ടെക്നീഷ്യന്മാരുടെ കഥകളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ ജില്ലയിലെ പരമാവധി ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നു വരട്ടെ.

പോഷക സമൃദ്ധമായ പാനീയമാണ് നീര. വൈറ്റമിൻ എബിസി എന്നിവ ഒന്നിച്ചു ലഭിക്കുന്ന ഏക പ്രകൃതിദത്ത പാനീയമാണ് ഫോസ്ഫറസ്, പൊട്ടാസിയം, സോഡിയം ഇരുമ്പ് എന്നിവ അടങ്ങിയ നീര. തിരുവനന്തപുരത്ത് ശ്രീചിത്ര മെഡിക്കൽ സെന്ററിലെ ന്യൂറോ സർജിക്കൽ പോസ്റ്റ് ഓപ്പറേഷൻ വാർഡിൽ രോഗികൾക്കു കൊടുക്കുന്നത് ഈ പാനീയമാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിലെ ദൈവത്തിന്റെ സ്വന്തം ആരോഗ്യ പാനീയം എന്നാണ് നാളികേര ബോർഡ് ഇതിനെ നിർവചിക്കുന്നത്. ഗ്ലൈസിമിക് ഇൻഡക്സ് 35 മാത്രമുള്ള നീര പഞ്ചസാര ചേർത്ത് പ്രമേഹ രോഗികൾക്കു കൂടി കുറ്റബോധമില്ലാതെ ഉപയോഗിക്കാൻ സാധിക്കുന്ന കേയ്ക്കും ഹൽവയും നിർമ്മിക്കാൻ ബേക്കറികളോട് ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്. അമേരിക്കയിൽ നീര പഞ്ചസാരയുടെ വിപണിയും പ്രതിവർഷം 100 ശതമാനം വളർച്ച രേഖപ്പെടുത്തുന്നു. ഇതൊക്കെ മനസിലാക്കാൻ നാം വൈകിപ്പോയി.

എക്സൈസ് വകുപ്പിന്റെ നിയമങ്ങളിൽ ഇളവു വരുത്തി നീരയ്ക്കു മാത്രമായി സംസ്ഥാന ഗവൺമെന്റ് നിയമ നിർമ്മാണം നടത്തി നീര ഉത്പാദനം സാധ്യമാക്കിയിരിക്കുകയാണ്. ഇതിനു വേണ്ടി പരിശ്രമിച്ച ഡോ. ഐസക്കിനെ പോലുള്ള എംഎൽഎ മാരെ ഞാൻ കൃതജ്ഞതാ പൂർവം ഓർമ്മിക്കുന്നു. ഓരോ ഫെഡറേഷനും ചെത്താവുന്ന തെങ്ങുകളുടെ എണ്ണം 5000 ആയി ഉയർത്തിക്കൊണ്ട് ഒരു ഗവൺമെന്റ് ഉത്തരവു കൂടി ഇറങ്ങിയിട്ടുണ്ട്. ഇതിൽ എല്ലാ ഫെഡറേഷനുകൾക്കും ലൈസൻസും ലഭ്യമാക്കിയിട്ടുണ്ട്. നീര പ്ലാന്റിന് 50 ലക്ഷം വരെ സബ്സിഡി സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 10000 നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനു 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ മൂന്നു കാര്യങ്ങളും നിങ്ങൾ വേഗത്തിൽ പ്രയോജനപ്പെടുത്തണം - ശ്രീ. ജോസ് പറഞ്ഞു.

ഇന്ത്യയിൽ ഇനി ഉണ്ടാകാൻ പോകുന്ന എല്ലാ നീര പ്ലാന്റുകൾക്കും മാതൃകയാക്കാവുന്ന സംസ്കരണ പ്ലാന്റ് സ്ഥാപിച്ച കരപ്പുറം കമ്പനിയുടെ ചെയർമാനെയും ഡയറക്ടർ ബോർഡ് അംഗങ്ങളെയും സിഇഒ ഡോ.മാണിയെയും, ഓഹരി ഉമകളായ എല്ലാ കർഷകരെയും ശ്രീ. ജോസ് അഭിനന്ദിച്ചു.

യോഗത്തിൽ കരപ്പുറം കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. പി.കെ മാണി റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണം നടന്നു. ഡോ.ടിഎം തോമസ് ഐസക്ക് എം എൽ എ യാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. കരപ്പുറം കമ്പനിയുടെ മൂല്യവർധിത ഉത്പ്പന്നങ്ങളുടെ വിപണനോദ്ഘാടനം നാളികേര വികസന ബോർഡ് അധ്യക്ഷൻ ശ്രീ. ടി.കെ ജോസും, വെർജിൻ കോക്കനട് ഓയിലിന്റെ വിപണനോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.യു പ്രതിഭാ ഹരിയും നിർവഹിച്ചു. മികച്ച കർഷകൻ അപ്പുക്കുട്ടൻ നായർ, മികച്ച നീര കർഷകൻ ഹരിദാസ്, മികച്ച ടെക്നീഷ്യൻ അനു, നീര ടെക്നീഷ്യൻ പരിശീലന ക്യാമ്പിനു സൗകര്യമൊരുക്കിയ ഫാ. ജോഷി എന്നിവരെയും ചടങ്ങിൽ ആദരിച്ചു. സപ്ലിമെന്റ് പ്രകാശനം കയർ കോർപ്പറേഷൻ കെ.ആർ രാജേന്ദ്രപ്രസാദ് നിർവഹിച്ചു.

നാളികേര മേഖലയുടെ തകർച്ച മൂലം കഷ്ടപ്പെട്ടിരുന്ന കരപ്പുറത്തെ നാളികേര കൃഷിക്കാർക്ക് ഒരു പുത്തൻ പ്രതീക്ഷ, അവരുടെ ജീവിതങ്ങളിൽ പുതിയ ഉണർത്തുപാട്ടിന്റെ ഈണം സമ്മാനിക്കുക എന്നത് കരപ്പുറം കമ്പനിയുടെ ഏറ്റവും പ്രധാന ദൗത്യമായി താൻ കാണുന്നതായി അധ്യക്ഷ പ്രസംഗം നടത്തിയ ശ്രീ.പി തിലോത്തമൻ എം എൽ എ വ്യക്തമാക്കി. അർത്ഥപൂർണമായ ജീവിതത്തിലേയ്ക്ക് അവരെ കൈപിടിച്ചുയർത്താൻ ഒരു കൂട്ടായ്മയ്ക്ക് രൂപം നല്കിയ നാളികേര വികസന ബോർഡിനെ അദ്ദേഹം അഭിനന്ദിച്ചു. ചേർത്തല താലൂക്കിലെ എല്ലാ കർഷകരുടെയും പിന്തുണയോടെ കരപ്പുറം നാളികേര ഉത്പാദക കമ്പനി അഭിവൃദ്ധിയുടെ ചുവടുകൾ മുമ്പോട്ടു വയ്ക്കട്ടെ എന്ന് ശ്രീ.തിലോത്തമൻ ആശംസിച്ചു.

നേരത്തെ നമ്മുടെ വിളകൾക്കെല്ലാം വില സുരക്ഷിതത്വം ഉണ്ടായിരുന്നു എന്ന് ആശംസാപ്രസംഗവേളയിൽ ഡോ. തോമസ് ഐസക് എം എൽ എ ചൂണ്ടിക്കാട്ടി. ഇന്ന് വിദേശവിപണിയിലെ ചാഞ്ചാട്ടങ്ങൾക്കനുസരിച്ച് നമ്മുടെ ഉത്പ്പന്നങ്ങളുടെ വിലകൾ തകിടം മറിയുന്നു. ഈ സ്ഥതിവിശേഷത്തിൽ നിന്ന്




*നീര പ്ലാന്റ് പുറംകാഴ്ച*



*നാളികേര വികസനബോർഡ് ചെയർമാൻ ശ്രീ. ടി.കെ.ജോസ് ഐഎഎസ് നീര പ്ലാന്റിൽ*

കരപ്പുറം മേഖലയിലെ നാളികേര കർഷകരെ രക്ഷിക്കാനുള്ള സംവിധാനമാണ് കർഷകരുടെ ഈ കമ്പനി - ഡോ. ഐസക് വ്യക്തമാക്കി. ഇന്ന് കാർഷിക ഉത്പ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് വാങ്ങുന്നവനാണ്. എന്നാൽ വ്യവസായ ഉത്പ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് വിൽക്കുന്നവനും. അതുകൊണ്ട് നാളെ നാളികേരത്തിന്റെ വില ഒരു കോഴിമുട്ടയായി ഇടിഞ്ഞാലും നീരയുടെ വില ഇടിയില്ല. കാരണം അത് ഒരു വ്യാവസായിക ഉത്പ്പന്നമാകുന്നു. അതിനാൽ കാപ്പുകടയിലെ കയർ ഫാക്ടറി കൂടി നിങ്ങളെ അങ്ങ് ഏല്പ്പിച്ചു തരികയാണ്. അതിന്റെ വിശദാംശങ്ങൾ നമുക്കു പിന്നീടു സംസാരിക്കാം എന്നു പറഞ്ഞാണ് എം എൽ എ പ്രസംഗം ഉപസംഹരിച്ചത്.

അഡ്വ.എഎം ആരിഫ് എംഎൽഎ, ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മിഷണർ സുരേഷ് റിച്ചാർഡ്, നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിള, ആലപ്പുഴ എഡിഎം ആസാദ്, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആർ നാസർ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ വി ജി മോഹൻ, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഗീത കാർത്തികേയൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി മണിക്കുട്ടി, ഡിസിസി പ്രസിഡന്റ് എഎ ഷുക്കൂർ, ബിജെപി ജില്ലാ പ്രസിഡന്റ് വെള്ളിയാംകുളം പരമേശ്വരൻ, ജനതാദൾ യു ജില്ലാ പ്രസിഡന്റ് ശശിധരപ്പണിക്കർ, നാളികേര വികസന ബോർഡ് മുൻ അംഗം ജോസ് പുളിക്കപ്പറമ്പിൽ, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പത്മാവതിയമ്മ, , മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രഭാ മധു, കടക്കരപ്പിള്ളി ഗ്രാമപഞ്ചായത്ത പ്രസിഡന്റ് ആഘോഷ്കുമാർ, കെഎഫ്സി ആലപ്പുഴ ചീഫ് മാനേജർ ജി ആർ വിനോദ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഗീതാമണി, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എംജി രാജു, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആർ വിജയകുമാരി, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ പ്രവീൺ പണിക്കർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ കെ രാധാമണി, കെ.ശ്രീകുമാർ, പ്രീത സാബു, വാർഡ് അംഗം, ധനേഷ്, കഞ്ഞിക്കുഴി ബിഡിഒ രാജൻ നായർ, എഡിഎ ജയാമണി,ചെറുവാരണം സിപിഎഫ് പ്രസിഡന്റ് വിസി പണിക്കർ, മാരാരി മാർക്കറ്റിംങ് മാനേജിംങ് ഡയറക്ടർ എൻ കെ പ്രകാശൻ തുടങ്ങിയവർ സന്നിഹിതരായി. കരപ്പുറം കമ്പനി ഡയറക്ടർ ടി എസ് വിശ്വൻ നന്ദിയും പറഞ്ഞു.

ഉദ്ഘാടനത്തിനു ശേഷം മന്ത്രിയും വിശിഷ്ടാതിഥികളും നീര പ്ലാന്റ് സന്ദർശിച്ച് ഫലകം അനാഛാദനം ചെയ്തു. സമ്മേളനത്തിനു മുന്നോടിയായി സുപ്രസിദ്ധ ഗായിക കുമാരി കൺമണിയുടെ സംഗീത സദസും ഉണ്ടായിരുന്നു. സമ്മേളന നഗറിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ നാളികേര വികസന ബോർഡിന്റെ വിപുലമായ സ്റ്റാൾ ഉണ്ടായിരുന്നു. നാളികേര കരകൗശല ഉത്പ്പന്നങ്ങൾ, പ്രസിദ്ധീകരണങ്ങൾ, നീരയിൽ നിന്നും നാളികേരത്തിൽ നിന്നുമുള്ള മൂല്യ വർധിത ഉത്പ്പന്നങ്ങൾ എന്നിവ ബോർഡിന്റെ സ്റ്റാളിൽ ലഭ്യമാക്കിയിരുന്നു. മാരാരി കമ്പനി, കരപ്പുറം നാളികേര ഉത്പാദക കമ്പനി, കഞ്ഞിക്കുഴി ബ്ലോക്ക് അഗ്രോ സർവീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളും പ്രദർശനത്തിൽ പങ്കെടുത്തു.

154 ഉത്പാദക സംഘങ്ങളും 11 ഫെഡറേഷനുകളും 1,40,000 കർഷകരുമാണ് കരപ്പുറം കമ്പനിയുടെ പിന്നിൽ അണിനിരക്കുന്നത്. നാളികേര വികസന ബോർഡിന്റെ അംഗീകാരത്തോടെ നാളികേര കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പു വരുത്തുന്നതിന് നീര എന്ന മുദ്രാങ്കിത നാമത്തിൽ കേരവൃക്ഷത്തിൽ നിന്നുത്പാദിപ്പിക്കുന്ന ശീതളപാനീയവും, അതിന്റെ മൂല്യ വർധിത ഉത്പ്പന്നങ്ങളായ പാനി, വിന്നാഗിരി, ചോക്കലേറ്റ് കൂടാതെ ഉരുക്കുവെളിച്ചെണ്ണ തുടങ്ങി വൈവിധ്യമാർന്ന നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണവും കമ്പനിയിൽ നടക്കുന്നു. കേരളത്തിന്റെ ദേശീയ പാനീയം എന്ന നിലയിലേയ്ക്ക് ഉയരാൻ യോഗ്യതയുള്ള നീര തന്നെയാണ് ഇതിൽ മുഖ്യം. തെങ്ങിൻ പൂക്കുലയുടെ ഔഷധ ശേഷിയും ആരോഗ്യ മഹത്വവും മനസിലാക്കിയ മുൻ തലമുറകളിൽ നിന്ന് കൈനീട്ടി വാങ്ങിയ നാട്ടറിവുകൾ നീര പോലുള്ള പാനീയത്തിന് ജന്മമേകാൻ കമ്പനിക്ക് തുണയായിട്ടുണ്ട്. നീരയും അതിന്റെ ഉപ ഉത്പ്പന്നങ്ങളും സംസ്കരിക്കുന്നതിനുള്ള ആധുനിക പ്ലാന്റാണ് കമ്പനി അയ്യപ്പൻചേരിയിൽ പൂർത്തിയാക്കിയിരിക്കുന്നത്. മൊത്തം ഒന്നര കോടി മുതൽ മുടക്കുണ്ട്. ടെക്നോമാർക്കിന്റെ യന്ത്ര സാമഗ്രികളാണ് പ്ലാന്റിൽ സ്ഥാപിച്ചിരിക്കുന്നത്. 3500 ചതുരശ്രയടി വിസ്തൃതിയുള്ള കെട്ടിടം കേന്ദ്ര ഗവൺമെന്റിന്റെ മെഡികോം പദ്ധതിയിൽ ഉൾപ്പെടുത്തി കഞ്ഞിക്കുഴി പഞ്ചായത്ത് നിർമ്മിച്ചതാണ്. ഈ 50 സെന്റ് സ്ഥലവും കെട്ടിടവും 15 വർഷത്തെ ലീസിന് കരപ്പുറം കമ്പനിക്ക് വിട്ടുകൊടുക്കുകയായിരുന്നു. ചേർത്തല താലൂക്കിലെ നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിത മേഖലയിൽ ഒരു വൻ കുതിച്ചുചാട്ടത്തിനു തുടക്കമിടുന്ന ഈ സ്വപ്ന പദ്ധതിയുടെ ഉദ്ഘാടനത്തിന് എത്തിച്ചേർന്നത് പ്രൗഢ ഗംഭീരമായ സദസായിരുന്നു. കുമാരി അനുരാധാ വിനോദ് പ്രാർത്ഥനാഗാനം ആലപിച്ചു. ■

*തയാറാക്കിയത്:*

**ആബെ ജേക്കബ്**

# നാളികേര ഉത്പന്ന കയറ്റുമതിയിൽ 13.6% വർധന

● കെ.എസ്. സെബാസ്റ്റ്യൻ
അസിസ്റ്റന്റ് ഡയറക്ടർ (സിപിസി), നാളികേര വികസനബോർഡ്, കൊച്ചി-11

2015 - 16 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസം 376 കോടി രൂപയുടെ നാളികേര ഉത്പന്നങ്ങൾ രാജ്യത്ത് നിന്ന് കയറ്റുമതി ചെയ്യുകയുണ്ടായി. മുൻ വർഷം ഇതേ കാലയളവിലുണ്ടായ കയറ്റുമതിയേക്കാൾ 13.6 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉത്തേജിത കാർബൺ, കൊട്ടത്തേങ്ങ, വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ എന്നീ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ ശ്രദ്ധേയമായ വർദ്ധനവുണ്ടായതായി കാണുന്നു. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട നാളികേര ഉത്പന്നങ്ങളുടെ ഏപ്രിൽ, മെയ്, ജൂൺ മാസത്തെ കയറ്റുമതി വിവരങ്ങൾ പട്ടിക 1 ൽ നൽകിയിരിക്കുന്നു.

2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള നാളികേര ഉത്പന്ന കയറ്റുമതി

| ക്രമ നമ്പർ | ഉത്പന്നം | ഏപ്രിൽ 2015 | | മേയ് 2015 | | ജൂൺ 2015 | | ആകെ | |
|---|---|---|---|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | ഉത്തേജിത കാർബൺ | 5352.876 | 545.60 | 5294.542 | 554.85 | 5943.309 | 624.27 | 16590.727 | 1724.72 |
| 2 | കോക്കനട്ട് ഫാറ്റി ആസിഡ് | | 25.37 | | 23.65 | 0.000 | 20.76 | | 69.78 |
| 3 | ഹെയർ ക്രീം | | 2.79 | | 9.19 | 0.000 | 12.39 | | 24.37 |
| 4 | വെളിച്ചെണ്ണ | 593.011 | 124.92 | 814.067 | 170.90 | 762.016 | 165.48 | 2169.094 | 461.30 |
| 5 | കരിക്കിൻ/ തേങ്ങവെള്ളം | 0.000 | 4.65 | | 4.59 | 0.000 | 9.45 | | 18.69 |
| 6 | കൊപ്ര | 151.457 | 15.19 | 190.240 | 19.25 | 275.400 | 25.08 | 617.097 | 59.53 |
| 7 | തൂൾ തേങ്ങ | 318.259 | 47.70 | 236.745 | 34.56 | 276.647 | 42.02 | 831.651 | 124.28 |
| 8 | കൊട്ട തേങ്ങ | 1993.126 | 226.65 | 989.199 | 109.11 | 2085.045 | 201.73 | 5067.370 | 537.50 |
| 9 | പച്ച തേങ്ങ | 2443.206 | 90.95 | 3679.795 | 130.52 | 2523.819 | 96.13 | 8646.820 | 317.60 |
| 10 | ചിരകിയ/ കഷ്ണങ്ങളാക്കിയ തേങ്ങയുടെ കാമ്പ് | 140.484 | 30.24 | 121.764 | 33.52 | 182.059 | 30.61 | 444.308 | 94.38 |
| 11 | ബേർഡ് ഫീഡർ, ഐസ്ക്രീം കപ്പ് | 123.199 | 7.13 | 82.019 | 5.82 | 128.335 | 9.34 | 333.553 | 22.29 |
| 12 | ചിരട്ടക്കരി | 639.600 | 20.73 | 421.923 | 14.10 | 691.566 | 23.62 | 1753.089 | 58.44 |
| 13 | വെർജിൻ വെളിച്ചെണ്ണ | 143.792 | 45.80 | 137.012 | 44.28 | 83.805 | 26.64 | 364.609 | 116.72 |
| 14 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 45.74 | | 32.35 | 0.000 | 53.93 | | 132.02 |
| | ആകെ | | 1233.49 | | 1186.68 | 0.000 | 1341.45 | | 3761.62 |




### ഉത്തേജിത കാർബൺ

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസം ഇന്ത്യയിൽ നിന്നും 16591 മെട്രിക് ടൺ ഉത്തേജിത കാർബൺ കയറ്റുമതി ചെയ്യുകയുണ്ടായി. ഇന്ത്യയിൽ നിന്നും ഈ കാലയളവിൽ കൂടുതൽ ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്നത് അമേരിക്കയാണ്. രണ്ടാം സ്ഥാനത്ത്, നിൽക്കുന്നത് ബ്രിട്ടൺ ആണ്. ഇന്ത്യയിൽ നിന്നും ഉത്തേജിത കാർബൺ ഇറക്കുമതി ചെയ്തിരിക്കുന്ന പ്രധാന രാജ്യങ്ങൾ താഴെ പട്ടിക -2ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2 - ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്കായി 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ഉത്തേജിത കാർബൺ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 4466.571 | 4612.61 |
| 2. | ബ്രിട്ടൺ | 1933.688 | 2078.98 |
| 3. | ജർമ്മനി | 1039.104 | 1186.10 |
| 4. | ശ്രീലങ്ക | 1079.900 | 1035.14 |
| 5. | നെതർലാൻസ് | 1006.100 | 946.17 |
| 6. | സൗത്ത് കൊറിയ | 703.900 | 856.41 |
| 7. | റഷ്യ | 519.000 | 562.05 |
| 8. | എസ്റ്റോണിയ | 468.000 | 47319 |
| 9. | ഫ്രാൻസ് | 301.600 | 427.11 |
| 10. | കാനഡ | 368.002 | 386.19 |
| 11. | ജപ്പാൻ | 407.300 | 374.29 |
| 12. | ഇറ്റലി | 276.100 | 253.08 |
| 13. | മറ്റു രാജ്യങ്ങൾ | 4021.462 | 4085.89 |
| | ആകെ | 16590.727 | 17247.21 |





## കൊട്ടത്തേങ്ങ



2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 5067 മെട്രിക് ടൺ കൊട്ടത്തേങ്ങ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. ഇതിൽ 4789 മെട്രിക് ടൺ പാക്കിസ്ഥാനിലേക്കായിരുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിലെ കയറ്റുമതി 4340 മെട്രിക് ടണ്ണായിരുന്നു. വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളവിൽ ഉണ്ടായ കയറ്റുമതിയുടെ വിവരങ്ങൾ പട്ടിക-3ൽ കൊടുത്തിരിക്കുന്നു.

പട്ടിക -3 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കൊട്ടത്തേങ്ങ കയറ്റുമതി.

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | പാക്കിസ്ഥാൻ | 4788.750 | 5028.68 |
| 2. | ബംഗ്ലാദേശ് | 125.000 | 121.11 |
| 3. | ഇറാൻ | 100.00 | 113.43 |
| 4. | മറ്റു രാജ്യങ്ങൾ | 53.620 | 111.75 |
| | | 5067.370 | 5374.97 |





## തൂൾ തേങ്ങ



ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 832 മെട്രിക് ടൺ തൂൾ തേങ്ങ രാജ്യത്തു നിന്നും കയറ്റുമതി ചെയ്യുകയുണ്ടായി. മുൻവർഷം ഇതേ കാലയളവിലെ കയറ്റുമതി 756 മെട്രിക് ടണ്ണായിരുന്നു. ഇറാനാണ് നിലവിൽ ഇന്ത്യയിൽ നിന്നും ഏറ്റവും കൂടുതൽ തൂൾ തേങ്ങ ഇറക്കുമതി ചെയ്യുന്ന രാജ്യം. വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളവിൽ കയറ്റുമതി ചെയ്ത തൂൾ തേങ്ങയെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക – 4 ൽ യിൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള തൂൾ തേങ്ങ കയറ്റുമതി.

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | ഇറാൻ | 702.00 | 1059.39 |
| 2. | യു. എ.ഇ | 38.756 | 57.92 |
| 3. | കുവൈറ്റ് | 11.804 | 17.63 |
| 4. | മറ്റു രാജ്യങ്ങൾ | 79.092 | 107.89 |
| | ആകെ | 831.651 | 1242.83 |




## വെർജിൻ കോക്കനട്ട് ഓയിൽ

2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ ഇന്ത്യയിൽ നിന്നും 365 മെട്രിക് ടൺ വെർജിൻ കോക്കനട്ട് ഓയിൽ കയറ്റുമതി ചെയ്യുകയുണ്ടായി. ഈ കാലയളവിൽ അമേരിക്ക മാത്രം 270 മെട്രിക് ടൺ വെർജിൻ കോക്കനട്ട് ഓയിലാണ് ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്തത്. വിവിധ രാജ്യങ്ങളിലേക്ക് ഉണ്ടായ കയറ്റുമതി സംബന്ധമായ വിവരങ്ങൾ പട്ടിക - 5 ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ കയറ്റുമതി 53 മെട്രിക് ടൺ മാത്രമായിരുന്നു.

പട്ടിക 5 ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വെർജിൻ കോക്കനട്ട് കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | അമേരിക്ക | 270.960 | 862.49 |
| 2. | ജപ്പാൻ | 47.269 | 107.09 |
| 3. | ബ്രിട്ടൻ | 7.930 | 26.67 |
| 4. | മറ്റു രാജ്യങ്ങൾ | 38.450 | 170.95 |
| | ആകെ | 364.609 | 1167.20 |




## വെളിച്ചെണ്ണ


2015 - 16 സാമ്പത്തിക വർഷത്തിലെ ആദ്യ മൂന്ന് മാസക്കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള വെളിച്ചെണ്ണ കയറ്റുമതി 2169 മെട്രിക് ടണ്ണിലെത്തി.

മുൻ വർഷം ഇതേ കാലയളവിലെ വെളിച്ചെണ്ണ കയറ്റുമതി 1548 മെട്രിക് ടണ്ണായിരുന്നു. യു. എ. ഇയിലേക്ക് മാത്രമായി ഈ കാലയളവിൽ 451 മെട്രിക് ടൺ വെളിച്ചെണ്ണ കയറ്റുമതി ചെയ്യുകയുണ്ടായി.

സൗദി അറേബ്യ, ഖത്തർ, ഒമാൻ, കുവൈറ്റ്, ബഹറിൻ മുതലായ ഗൾഫ് രാജ്യങ്ങളിലേക്കും വെളിച്ചെണ്ണ ഭക്ഷ്യാവശ്യത്തിനായി കയറ്റുമതി ചെയ്യുന്നുണ്ട്. ഭക്ഷ്യാവശ്യത്തിനായി കയറ്റുമതി ചെയ്യപ്പെടുന്ന വെളിച്ചെണ്ണയുടെ ആ കാലയളവിലെ ശരാശരി (FOB) വില കിലോയ്ക്ക് 212 രൂപയെന്ന നിലയിലായിരുന്നു. വിവിധ രാജ്യങ്ങളിലേക്കുള്ള വെളിച്ചെണ്ണ കയറ്റുമതി വിവരങ്ങൾ പട്ടിക- 6 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വെളിച്ചെണ്ണ കയറ്റുമതി.

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 451.415 | 877.16 |
| 2. | സൗദി അറേബ്യ | 248.083 | 533.33 |
| 3. | അമേരിക്ക | 175.278 | 530.00 |
| 4. | മ്യാൻമാർ | 179.565 | 488.42 |
| 5. | ഖത്തർ | 123.271 | 307.50 |
| 6. | ഒമാൻ | 119.609 | 264.92 |
| 7. | കുവൈറ്റ് | 87.415 | 206.77 |
| 8. | സിംഗപ്പൂർ | 45.279 | 202.61 |
| 9. | നേപ്പാൾ | 70.438 | 182.85 |
| 10. | ജപ്പാൻ | 62.130 | 146.31 |
| 11. | ഫ്രാൻസ് | 20.475 | 125.28 |
| 12. | ബഹ്റിൻ | 50.478 | 111.30 |
| 13. | ബ്രിട്ടൺ | 16.862 | 40.89 |
| 14. | ജർമ്മനി | 13.206 | 39.25 |
| 15. | ഓസ്ട്രിയ | 10.560 | 26.00 |
| 16. | മറ്റു രാജ്യങ്ങൾ | 249.386 | 530.362 |
| | ആകെ | 2169.094 | 4612.95 |





## പച്ചത്തേങ്ങ

ഈ സാമ്പത്തിക വർഷത്തിലെ ആദ്യ മൂന്ന് മാസത്തിൽ (ഏപ്രിൽ - ജൂൺ) പച്ചത്തേങ്ങ (തൊണ്ട് ഉരിഞ്ഞത്) കയറ്റുമതി 8647 മെട്രിക് ടണ്ണായി രേഖപ്പെടുത്തി. നിലവിൽ പച്ചത്തേങ്ങ ഏറ്റവും അധികം കയറ്റുമതി ചെയ്യുന്നത് യു. എ. ഇ ലേക്കാണ്.

വിവിധ രാജ്യങ്ങളിലേക്ക് ഈ കാലയളിൽ കയറ്റുമതി ചെയ്ത പച്ചത്തേങ്ങയുടെ വിവരങ്ങൾ പട്ടിക 7ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7: ഇന്ത്യയിൽ നിന്നും വിവിധ രാജ്യങ്ങളിലേക്ക് 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പച്ചത്തേങ്ങ കയറ്റുമതി

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1. | യു. എ. ഇ | 5394.832 | 1981.53 |
| 2. | ബ്രിട്ടൺ | 1271.894 | 467.17 |
| 3. | കുവൈറ്റ് | 292.894 | 107.58 |
| 4. | സൗദി അറേബ്യ | 142.496 | 52.34 |
| 5. | ഖത്തർ | 141.437 | 51.95 |
| 6. | അമേരിക്ക | 32.392 | 11.90 |
| 7. | മറ്റു രാജ്യങ്ങൾ | 1370.875 | 503.53 |
| | ആകെ | 8646.820 | 317599 |




## നാളികേര ഉൽപ്പന്ന ഇറക്കുമതി

2015 – 16 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസം 96 കോടി രൂപയുടെ നാളികേര ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. പിണ്ണാക്ക്, ചിരട്ടക്കരി, കോക്കനട്ട്ഫാറ്റി ആസിഡ് എന്നീ ഉത്പന്നങ്ങളാണ് പ്രധാനമായും ഇറക്കുമതി ചെയ്യുന്ന നാളികേര ഉത്പന്നങ്ങൾ. 2015 ഏപ്രിൽ മുതൽ ജൂൺ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത നാളികേര ഉത്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 8 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 7: 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള നാളികേര ഉത്പന്ന ഇറക്കുമതി

| ക്രമ നമ്പർ | ഉത്പന്നങ്ങൾ | ഏപ്രിൽ | | മേയ് | | ജൂൺ | | ആകെ | |
|---|---|---|---|---|---|---|---|---|---|
| | | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (ലക്ഷം രൂപയിൽ) |
| 1 | കോക്കനട്ട് ഫാറ്റി ആസിഡ് | 378.24 | 32.85 | 892.56 | 78.38 | 640.67 | 56.02 | 1911.49 | 167.25 |
| 2 | വെളിച്ചെണ്ണ | 551.39 | 63.41 | 405.04 | 28.76 | 244 | 17.83 | 1200.74 | 110.00 |
| 3 | പിണ്ണാക്ക് | 8231.06 | 127.13 | 11119.59 | 167.99 | 10255 | | 29605.29 | 295.12 |
| 4 | ചിരട്ടക്കരി | 1870.17 | 60.85 | 1320.69 | 40.73 | 1641.10 | 49.58 | 4831.96 | 151.17 |
| 5 | നാളികേര ക്രീം/ പാൽ | | 9.87 | | 10.36 | | 7.47 | | 27.70 |
| 6 | കൊപ്ര | 24.42 | 1.75 | 50.00 | 3.89 | | | 74.42 | 5.64 |
| 7 | മറ്റു നാളികേര ഉത്പന്നങ്ങൾ | | 4.06 | | 10.25 | | 23.81 | | 38.13 |
| | ആകെ | | 299.92 | | 340.37 | | 320.14 | | 960.43 |


## കോക്കനട്ട് ഫാറ്റി ആസിഡ്

2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 1911 മെട്രിക് ടൺ കോക്കനട്ട് ഫാറ്റി ആസിഡ് ഇന്ത്യ ഇറക്കുമതി ചെയ്തു. ഇതിൽ 1731 മെട്രിക് ടണ്ണും, മലേഷ്യയിൽ നിന്നാണ്.

വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ പട്ടിക 9ൽ കൊടുത്തിരിക്കുന്നു.

പട്ടിക 9: 2015 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കോക്കനട്ട് ഫാറ്റി ആസിഡ് ഇറക്കുമതി വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | തൂക്കം (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | മലേഷ്യ | 1730.60 | 1493.29 |
| 2 | ഇന്തോനേഷ്യ | 165.85 | 148.98 |
| 3 | മറ്റു രാജ്യങ്ങൾ | 15.02 | 30.21 |
| | ആകെ | 1911.47 | 1672.48 |




## തേങ്ങാപ്പിണ്ണാക്ക്



ഏറ്റവും അധികമായി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്ന നാളികേര ഉൽപ്പന്നം തേങ്ങാപ്പിണ്ണാക്കാണ്. ഈ സാമ്പത്തിക വർഷത്തിൽ ആദ്യ മൂന്ന് മാസത്തെ ഇറക്കുമതി 29605 മെട്രിക് ടൺ ആണ്. തേങ്ങാപ്പിണ്ണാക്ക് ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളുടെ വിവരങ്ങൾ പട്ടിക 10 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 10: 2015 ഏപ്രിൽ മുതൽ ജൂൺ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന തേങ്ങാപ്പിണ്ണാക്കിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ഇന്തോനേഷ്യ | 2474.48 | 3861.46 |
| 2 | ഫിലിപ്പീൻസ് | 4350.00 | 160.92 |
| 3 | ശ്രീലങ്ക | 275.75 | 65.23 |
| 4 | മറ്റു രാജ്യങ്ങൾ | 231.06 | 29.18 |
| | ആകെ | 29605.29 | 4616.79 |





## വെളിച്ചെണ്ണ



2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി 1200 മെട്രിക് ടൺ വെളിച്ചെണ്ണ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയുണ്ടായി. ഇന്തോനേഷ്യയിൽ നിന്നുമാണ് പ്രധാനമായും (1138 മെട്രിക് ടൺ) വെളിച്ചെണ്ണയുടെ ഇറക്കുമതി നടത്തിയിരിക്കുന്നത്.

2015 ഏപ്രിൽ മുതൽ ജൂൺ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന വെളിച്ചെണ്ണയുടെ വിവരങ്ങൾ







## ചിരട്ടക്കരി

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസത്തെ ചിരട്ടക്കരി ഇറക്കുമതി 4832 മെട്രിക് ടണ്ണാണ്. മലേഷ്യയിൽ നിന്നുമാണ് ചിരട്ടക്കരി ഈ കാലയളവിൽ ഉയർന്ന തോതിൽ ഇറക്കുമതി ചെയ്തിരിക്കുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ചിരട്ടക്കരിയുടെ ഇറക്കുമതി വിവരങ്ങൾ പട്ടിക 11 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 11: 2015 ഏപ്രിൽ മുതൽ ജൂൺ വരെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്ന ചിരട്ടക്കരിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | രാജ്യം | അളവ് (മെ. ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | മലേഷ്യ | 3978.79 | 1250.70 |
| | ശ്രീലങ്ക | 503.736 | 157.27 |
| 3 | ഇന്തോനേഷ്യ | 223.74 | 58.62 |
| 4 | മറ്റു രാജ്യങ്ങൾ | 126.07 | 45.06 |
| | ആകെ | 4831.96 | 1511.65 |



# ആഗസ്റ്റ് മാസത്തിലെ കൃഷിപ്പണികൾ

**ആർ ജ്ഞാനദേവൻ**
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11

**കേരളം / ലക്ഷദ്വീപ്**

### മണ്ട വൃത്തിയാക്കാം കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കാം

തെങ്ങിൻ മണ്ട വൃത്തിയാക്കുക. മച്ചിങ്ങ പൊഴിയാതിരിക്കാൻ കുലകൾ ഒടിഞ്ഞു പോകാതെ കെട്ടി നിർത്തുകയോ, താങ്ങി നിർത്തുകയോ വേണം. കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, ഓല ചീയൽ എന്നിവയ്ക്കെതിരെ മുൻ കരുതൽ നടപടി സ്വീകരിക്കുക.

തോട്ടത്തിൽ പയറുവർഗ്ഗത്തിൽപ്പെട്ട പച്ചില വളച്ചെടികൾ നട്ടിട്ടുണ്ടെങ്കിൽ അവ പിഴുത് തെങ്ങിൻ തടത്തിൽ ചേർക്കുക. കുമ്മായം നൽകാത്ത തെങ്ങുകൾക്ക് ഒരു കി. ഗ്രാം വീതം കുമ്മായം ഇട്ടുകൊടുക്കുക.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്.



മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

### ഓലചീയൽ നിയന്ത്രിക്കുക കാറ്റുവീഴ്ച്ച തടയുക



കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടു വരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കോൺടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 എന്നിവയിലൊന്ന് മൂന്നുഗ്രാം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. ഒരു ശതമാനം ബോർഡോമിശ്രിതമോ 0.5 ശതമാനം കൊപ്പർ ഓക്സിക്ലോറൈഡ് ലായനിയോ തെങ്ങിൻ മണ്ടയിലും കൂമ്പോലകളിലും ജനുവരി, ഏപ്രിൽ-മെയ്, സെപ്തംബർ മാസങ്ങളിൽ തളിക്കുക.

### ചെന്നീരൊലിപ്പു രോഗം നിയന്ത്രിക്കാം

ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാ



ടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

**ആൻഡമാൻ / നിക്കോബാർ ദ്വീപുകൾ**

കൂമ്പുചീയലോ, ചെല്ലിയുടെ ആക്രമണമോ ഉണ്ടോയെന്ന് പരിശോധിച്ച് വേണ്ട നിയന്ത്രണ നടപടികൾ കൈക്കൊള്ളുക. തെങ്ങിൻ നിരകൾക്കിടയിൽ 50 സെ. മീറ്റർ വീതിയും 50-60 സെ. മീറ്റർ ആഴവുമുള്ള ചാലുകൾ എടുത്ത് ഉണങ്ങിയ തൊണ്ട് തെങ്ങൊന്നിന് 200-300 വരെ എന്ന തോതിൽ നിരകളായി അടുക്കി മണ്ണിട്ടു മൂടുക. തെങ്ങിൻ തൈകളുടെ തടം വൃത്തിയാക്കുക.

**കർണ്ണാടകം**

തോട്ടത്തിൽ പച്ചിലവളച്ചെടികൾ വളർത്തിയിട്ടുണ്ടെങ്കിൽ അവ പൂവിടുന്നതിനു മുമ്പ് വെട്ടി തെങ്ങിൻ തടത്തിൽ ഇട്ടുകൊടുക്കുക.

തെങ്ങുകളുടെ മണ്ട വെടിപ്പാക്കുകയും കുലകൾ ഇടിഞ്ഞു പോകാതെ കെട്ടിനിർത്തുകയും ചെയ്യുക. തെങ്ങുകൾക്ക് കൂമ്പുചീയൽ രോഗം ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക. കൂമ്പുചീയൽ രോഗം ബാധിച്ചിട്ടുള്ള പക്ഷം രോഗം ബാധിച്ച എല്ലാഭാഗങ്ങളും വെട്ടിനീക്കി ബോർഡോ കുഴമ്പു പുരട്ടുകയും വെള്ളം കയറാതിരിക്കാൻ പോളിത്തീൻ ഉറകൊണ്ട് മൂടുകയും ചെയ്യുക.



*ഫിറമോൺ കെണി*



*കെണിയിൽ കുടുങ്ങിയ ചെല്ലികൾ*

കൊമ്പൻ ചെല്ലിയുടേയോ ചെമ്പൻ ചെല്ലിയുടേയോ ആക്രമണം ഉണ്ടോയെന്ന് പരിശോധിക്കുക. കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നു വിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യൂബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.


ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20 ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്. ■



**തമിഴ്നാട് / പോണ്ടിച്ചേരി**

തോട്ടത്തിൽ പച്ചിലവളച്ചെടികൾ വളർത്തിയിട്ടുണ്ടെങ്കിൽ തെങ്ങിനുചുറ്റുമെടുത്തിട്ടുള്ള തടങ്ങളിൽ ഉഴുതുചേർക്കുക. തെങ്ങിൻ മണ്ട വൃത്തിയാക്കുകയും കുലകൾ ഇടിഞ്ഞുപോകാതെ കെട്ടിനിർത്തുകയും ചെയ്യുക.

നന ലഭിക്കുന്ന തോട്ടങ്ങളിൽ ശുപാർശ ചെയ്തിട്ടുള്ള രാസവളത്തിന്റെ കാൽഭാഗം അതായത് തെങ്ങൊന്നിന് 300 ഗ്രാം യൂറിയ, 500 ഗ്രാം സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, 500 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർത്തു കൊടുക്കുക.



## മുഖമൊഴി



സ്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാ സമയം ലഭിക്കാത്തതിന്റെ വേവലാതിയാണല്ലോ ചുറ്റും. എന്നാൽ ഏറ്റവും മഹത്തും ബൃഹത്തുമായ പാഠപുസ്തകം ഈ പ്രകൃതിയാണെന്നറിയുക. ജീവിത സത്യങ്ങൾ രേഖപ്പെടുത്തിയ പ്രപഞ്ച സൃഷ്ടാവിന്റെ ഈ മഹാ പാഠപുസ്തകത്തെ അറിയാനാകട്ടെ നിങ്ങളുടെ പരിശ്രമം.

പരിശ്രമം ചെയ്യുകിലെന്തിനേയും വശത്തിലാക്കാൻ കഴിവുള്ള വണ്ണം, ദീർഘങ്ങളാം കൈകളെ നല്കിയത്രെ മനുഷ്യരെ പാരിലയച്ചദീശൻ എന്ന് മഹാകവി ഉള്ളൂർ പറഞ്ഞതിന്റെ പൊരുളും ഈ അവസരത്തിൽ ഓർമ്മിക്കാം.

ആശംസകളോടെ,
**-പായിപ്ര രാധാകൃഷ്ണൻ**



കേരമൊഴി

## കേര കൗതുകങ്ങൾ

ഓരോ തെങ്ങിനും അതിനനുസരിച്ചുള്ള ത്ളാപ്പ് എന്നാണല്ലോ രീതി? എന്നാൽ തെങ്ങു കയറ്റക്കാരനായ കൊല്ലംകണ്ടി വേലായുധൻ അക്ഷര ശ്ലോകത്തിൽ അഭിരമിക്കുന്ന ആളായിരുന്നതു കൊണ്ട് ശ്ലോകം ചൊല്ലിക്കൊണ്ടാണ് തെങ്ങു കയറുന്നത്. ഓരോ തെങ്ങിനും ഓരോ വൃത്തത്തിലുള്ള ശ്ലോക ത്ളാപ്പുകൾ ഇട്ടുകൊണ്ട്!

രാമമംഗലത്തുകാരൻ തൃക്കാമ്പുറം കൃഷ്ണൻകുട്ടി മാരാർ പ്രശസ്തനായ കുടുക്ക വീണ വിദ്വാനായിരുന്നു. രണ്ടു ചിരട്ടക്കുടുക്കകൾ, അവ തമ്മിൽ ബന്ധിപ്പിക്കുന്ന തന്ത്രി- ഇതാണ് കുടുക്ക വീണ. പാരമ്പര്യമായി തനിക്കു സിദ്ധിച്ച ഈ ചിരട്ട വാദനത്തെ മാരാർ മെച്ചപ്പെടുത്തുകയും പെരുമപ്പെടുത്തുകയും ചെയ്തു.

വടക്കൻ പാട്ടിലെ വീരന്മാരായ ചേകോന്മാരെ കുറിച്ച് കേട്ടിട്ടുണ്ടാകുമല്ലോ? എന്നാൽ ഹോർത്തൂസ് മലബാറിക്കൂസ് എന്ന ആദ്യ സസ്യശാസ്ത്ര ഗ്രന്ഥത്തിൽ ചേകോർ കള്ളു ചെത്തുകാരനാണ്!

ഉത്തരകേരളത്തിൽ തെയ്യത്തിന് ഉടയാട തീർക്കുന്ന കുരുത്തോലയെ തിരിയോലയെന്നാണ് പറയുക. തീയിൽ വീഴുന്നതും തീപ്പന്തം അണിയുന്നതുമായ തെയ്യങ്ങൾക്ക് ഉടയാടയുടെ മേൽ തിരിയോല ചുറ്റും. മുടിക്കും അലങ്കാരത്തിനും ഉപയോഗിക്കുകയും ചെയ്യും.

കഥ

# മൂടുപടം

**ഡിൽന ബാബു**
എംജിഎം ഹയർ സെക്കണ്ടറി സ്കൂൾ, കുറുപ്പംപടി

നാളികേര വികസന ബോർഡ് നടത്തിയ സാഹിത്യ മത്സരത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ കഥ

ചക്രവാളം സന്ധ്യയുടെ ചുവപ്പിനെ മായ്ചു തുടങ്ങിയിരിക്കുന്നു. ബീച്ചിൽ ഇപ്പോഴും ആളുകൾ ഉല്ലസിക്കുന്നുണ്ട്. വാരാന്ത്യം ആയതുകൊണ്ടാകണം ഇന്നലത്തെക്കാളും തിരക്കേറിയിരിക്കുന്നു. ഇവിടെ ഇരുന്ന് നോക്കിയാൽ ഇപ്പോൾ എല്ലാം ഒരു നിഴലായി കാണാം. തന്റെ മകളെയും ആ ചെക്കനേയും പറ്റം പറ്റം ആയി അങ്ങിങ്ങ് നീങ്ങുന്ന ആൾക്കൂട്ടങ്ങളെയും ജ്വലിക്കുന്ന ആൾരൂപങ്ങളായി ഭാവപകർച്ച നൽകാം.

മണിക്കുട്ടി, വാ മോളേ പോകാം....

ഡാഡീ, പ്ലീസ്, ഒരു മിനിറ്റ് കൂടി...അവൾക്ക് കളിയുടെ രസം പിടിച്ചിരിക്കുകയാണ്. അതും ലക്ഷ്മിയുടെ ഭാഷയിൽ ആ അൺകൾച്ചേർഡിന്റെ കൂടെ. അവളറിഞ്ഞാൽ മറ്റൊരു ഭൂകമ്പത്തിന് ഇത് ധാരാളം മതി. നൈറ്റ് ക്ലബ്ബിൽ നിന്ന് അവളെത്തും മുമ്പേ അങ്ങെത്തണം. റോബോട്ടുകളായി തിരിയുകയും ചിരിക്കുകയും ചെയ്യുന്ന യന്ത്ര മനുഷ്യർക്കിടയിലാണ് താനെന്ന് അയാൾക്ക് തോന്നി. ഏതോ ഒരു ഓർമ്മയുടെ നടുക്കത്തിൽ അയാൾ തന്റെ മകളെ നോക്കി. അവൾ അണിഞ്ഞിരിക്കുന്ന ഇളം നീല ഉടുപ്പിന് അവളുടെ പാദങ്ങൾ കഴിഞ്ഞും നീളമുണ്ട്. നീളൻ മുടി ഒതുക്കി വയ്ക്കാൻ അവളുടെ വിരലുകൾ ഇടയ്ക്കിടെ ആ മുടിയിഴകളെ തഴുകുന്നുണ്ട്. കുസൃതി നിറഞ്ഞ പുഞ്ചിരി അവളുടെ ചുണ്ടുകളിൽ തത്തിക്കളിക്കുന്നു. തൊട്ടടുത്ത് കളിയ്ക്കുന്ന ആ മുക്കുവ ചെറുക്കനേയും അയാൾ ശ്രദ്ധിച്ചു. എല്ലും തോലുമായ ശരീരം. ഒരു കാറ്റടിച്ചാൽ അവൻ പറന്നു പോകുമെന്ന് അയാൾ പേടിച്ചു. പിന്നിയ ഒരു വള്ളി നിക്കർ മാത്രം വേഷം. ഏറെ നേരമായ് ഇരുവരും കളി തുടങ്ങിയിട്ട്. മണലിൽ കളങ്ങൾ വരച്ച് ഗോട്ടികൾ നിരത്തി കളിക്കാൻ അവൻ ചുറ്റും നോക്കി. രാവിലെ എഴുന്നേറ്റു ഇംഗ്ലീഷിൽ കരയുകയും ചിരിക്കുകയും ചെയ്യുന്ന തന്റെ മകൾ ഒരു യന്ത്രപ്പാവയായി മാറി കഴിഞ്ഞോ! അങ്ങനെ തോന്നിയതിനാലാണ് അവനൊപ്പം കളിക്കാൻ അവളെ വിട്ടത്.

ഡാഡി, ഡാഡി, മണിക്കുട്ടി ഓടി വന്നു.

എന്താ മോളേ?

നോക്ക് ഡാഡി, ആ കോക്കനട് കണ്ടോ? ഈ ജോസൂട്ടി പറയാ, അത് പണ്ട് ദൈവം ഉണ്ടാക്കിതാന്ന്. പക്ഷേ എന്റെ ടെക്സ്റ്റിൽ ഇല്ലല്ലോ. ഓർമ്മയുടെ ഒരു മിന്നൽ പിണർ അയാളുടെ മസ്തിഷ്കത്തിലൂടെ പാഞ്ഞു. നെയ് വിളക്കും ആൽ മരവും മുത്തശ്ശിയുമെല്ലാം അയാൾക്കുള്ളിൽ നിറഞ്ഞു. ബീച്ചിന്റെ ഒരു വശത്ത് കരിക്കുകൾ വിൽക്കുന്ന ആ മനുഷ്യനെ താൻ ഇപ്പോഴാണല്ലോ കാണുന്നതെന്ന് അയാൾക്ക് അത്ഭുതം തോന്നി.

അതെയോ ഡാഡി, ഇവൻ പറഞ്ഞത് ശരിയോ? അവൾ അയാളുടെ കൈകളിൽ കുലുക്കാൻ തുടങ്ങി. മോളു വാ

അയാൾ അവളെ മടിയിൽ ഇരുത്തി ഓളങ്ങൾക്കപ്പുറം ചുവപ്പു ചേല ചുറ്റിയ ആകാശത്തിലേക്ക് നോക്കി. നേരം തീർത്തും കാലങ്ങൾക്കപ്പുറം തന്നെ.

മോളേ, ഈ കോക്കനട് ഇല്ലേ, അതുണ്ടാകുന്നത് തെങ്ങിന്നാണ്. മോള് കണ്ടിട്ടില്ലല്ലോ ഭയങ്കര ഉയരത്തിൽ ഒറ്റ തടിയെ ഉണ്ടാകൂ. ബ്രാഞ്ചസ് ഉണ്ടാകില്ല. അതെന്താ അത് മാത്രം അങ്ങനേന്ന് അറിയോ? അത് ദേവലോകത്തെ മരമായകൊണ്ട്; പണ്ട് ദേവലോകത്ത് മാത്രമേ എല്ലാ ചെടികളും വളർന്നിരുന്നുള്ളു.

അപ്പോ നമ്മളെങ്ങനാ ജീവിക്കാ ഡാഡീ, അവളുടെ വിടർന്ന കണ്ണുകൾ അയാളെ നോക്കി.

മോളേ, ഞാൻ പറഞ്ഞിട്ടില്ലേ, നമ്മൾ



വഴക്ക് കൂടല്ലന്ന്. ഒരിക്കൽ ദേവന്മാർ ദേവലോകത്ത് വഴക്ക് കൂടി. അതു ഈ കോക്കനട്ട് തിന്നാൻ വേണ്ടി. വഴക്ക് കൂടി വന്നപ്പോൾ ഇന്ദ്രദേവന്റെ കയ്യീന്ന് താഴേ വീണു ഒരു കോക്കനട്ട്. അത് നേരെ നമ്മുടെ ഭൂമിയിലെത്തി. അങ്ങനെ ആണ് നമുക്ക് ഈ കോക്കനട്ട് കിട്ടീത്. അയാൾ തന്റെ മുത്തശ്ശിക്ക് മനസ്സിൽ നന്ദി പറഞ്ഞു. കഥ തീർന്നപ്പോൾ അവൾക്ക് മരം കാണണമെന്ന് വാശിയായി.

നാട്ടിലേക്കൊരു യാത്ര അങ്ങനെ ആണ് അയാൾ തീരുമാനിച്ചത്. രാത്രി വൈകിയാണ് ലക്ഷ്മി വന്നത്. എങ്കിലും കാര്യം അവതരിപ്പിച്ചു. അവളാകെ ഉറഞ്ഞുതുള്ളി. തന്റെ മകളെ അയാളുടെ വൃത്തികെട്ട കൾച്ചർ പഠിപ്പിക്കാൻ സമ്മതിക്കില്ലെന്ന് ഉറപ്പിച്ച് പറഞ്ഞു. ലിപ്സ്റ്റിക് ഇട്ട് ചുവപ്പിച്ച അവളുടെചുണ്ടുകൾ വിറച്ചു. പതിനായിരത്തിന്റെ ലണ്ടൻ സാരി മിന്നി തിളങ്ങി. നഷ്ടബോധം പേറുന്ന ആത്മാവിന്റെ കോട്ടയിലേക്ക് ഒരു നുള്ളു നൊമ്പരം കൂടി....

പിറ്റേന്ന് ആ മണൽത്തരികളിൽ ഏകാന്തമായി വന്നിരുന്നതും ആ മനസ്സിന്റെ ഭാരം കുറയ്ക്കാൻ മാത്രമായിരുന്നു. പതിവു നേരമായിട്ടും ജോസൂട്ടിയെ കാണാതെ വന്നപ്പോൾ തിരക്കി പോകണമെന്ന് അയാൾക്ക് തോന്നി. മറയാൻ വെമ്പി നിന്ന് സൂര്യന്റെ കൈ പിടിച്ച് അയാൾ അവന്റെ കൊച്ചു മാളം തേടി നടന്നു. അപരിഷ്കൃതമായി ജീവിക്കുന്ന മുക്കുവ കുടുംബങ്ങൾ ഓല മേഞ്ഞതാണ്.

ആ കുടിലുകൾക്കിടയിലൂടെ നടന്നപ്പോൾ പച്ചയായ മനുഷ്യന്റെ വിയർപ്പിന്റെ ഗന്ധം അയാളുടെ നാസികയിലേയ്ക്ക് ഇരച്ചു കയറി. ഒരു കുടിലിനു മുന്നിൽ ഒരു വലയുമായി നിൽക്കുന്ന അവനെ അയാൾ തിരിച്ചറിഞ്ഞു.

മാഷേ, മാഷേ... വാ മാഷേ, അവന്റെ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു. അത് നിമിഷ നേരത്തിൽ മാഞ്ഞു പോയതും അയാളറിഞ്ഞു.

മോൻ എന്താ ഇന്ന് കളിക്കാൻ വരാത്തത്? അയാൾ ഉള്ളിൽ ഉറഞ്ഞു കൂടിയ ചോദ്യ ശകലങ്ങളെ ഉള്ളിലേക്ക് പിൻവലിച്ചു.

അപ്പൻ കടലിൽ പോയിട്ട് വന്നില്ല മാഷേ. ഇനി ഞാൻ പോണം. അവൻ നിരാശ കലർന്ന സ്വരത്തിൽ പറഞ്ഞു.

കൂടുതലൊന്നും ചോദിക്കാൻ അയാൾക്ക് തോന്നിയില്ല. കടലിന്റെ മാറിലേക്ക് യാത്ര പോകുന്ന ഒരു കൊച്ചു ബാല്യം എന്ന ചിന്തയേക്കാളേറെ തന്റെ മകൾക്ക് നാടിന്റെ മണമൊന്ന് പകരാൻ, മണ്ണിന്റെ മാറോട് ചേർക്കാൻ ഇനിയാര് എന്ന ചിന്ത അയാളെ നടുക്കി. നാല് കെട്ടും കളപ്പുരയും വിശാലമായ തെങ്ങിൻ തോപ്പുമെല്ലാം തന്റെ മുന്നിൽ ഒരു മായയായി മായുന്നത് അയാൾ കണ്ടു.

ഭംഗിയായി ചിരിച്ചുകൊണ്ട് ഒരു യന്ത്രപ്പാവ പോലെ അപ്പോൾ അവൻ അയാളെ കടന്ന് പോയി. ■

കവിത

# ഇളനീർ

**അഖില യു.എസ്.**
കൊച്ചു പടിഞ്ഞാറ്റതിൽ, പെരിനാട് പി.ഒ., കൊല്ലം

നാളികേര വികസന ബോർഡ് നടത്തിയ സാഹിത്യ മത്സരത്തിൽ ഹയർസെക്കന്ററി വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ കവിത



താരിളം കരിക്കിന്റെ
നീരുറ്റിക്കുടിക്കുമ്പോൾ
മാനസം നിർവൃതിതൻ
തീരത്തണഞ്ഞിടുന്നു.

ആയിരം ബേക്കേഴ്സിലെ
ജാമിനും ജൂസിനുമേ-
ആകതില്ലുപമിക്കാൻ
ഇളനീരതിൻ രുചി

ജന്മജന്മാന്തരത്തിൽ
ഈശ്വരൻ കനിഞ്ഞേകും
ഇളനീർ തരുക്കളായി
കൈരളിക്കഭിമാനം

രോഗ പീഢകളിലും
പൈദാഹമകറ്റുവാൻ
ശാസ്ത്രങ്ങളൊരിക്കലും
എതിരായി നിൽക്കുന്നില്ല

മണ്ഡൂകം സ്പർശിക്കില്ല
ഉരഗം ഗമിക്കില്ല
ശുദ്ധ നൈവേദ്യമാകും
ഇളനീർത്തുള്ളിയെന്നും

വിശ്വ മണ്ഡലം തന്നിൽ
അനഘമായി മിന്നും
അന്നദാതാവായ് മാറും
നമ്മുടെ കല്പവൃക്ഷം

കൈരളിക്കാരാമമായ്
മരുവും കേരത്തിന്റെ
മധുരം മനോഹരം
ഇളനീർ മഹാജലം

ലേഖനം

# ഉയരം കീഴടക്കിയവർ

**ഗായത്രി ആർ. കുറ്റിയിൽ**
കോളോലംബ, മലപ്പുറം

നാളികേര വികസന ബോർഡ് നടത്തിയ സാഹിത്യ മത്സരത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ലേഖനം

*പ്രഥമവയസി ദത്തം തോയമൽപം സ്മരന്ത*
*ശിരസി നിഹിതഭാരാ നാളികേരാം നരാണാം*
*സലിലമമൃതകല്പനം ദദ്യുരാജീവനാന്തം*
*നഹികൃത മുപകാരം സാധവോ വിസ്മരന്തി*



പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഭാരതീയ കവി ശാർങ്ഗധരൻ കല്പ വൃക്ഷത്തെക്കുറിച്ച് ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഒന്നാം വയസ്സിൽ നൽകിയ അല്പം ജലം സ്മരിച്ചുകൊണ്ട് ഒരു ജീവിതയാത്രയിലത്രയും ശിരസ്സിൽ ഭാരം പേറിയ തെങ്ങുകൾ അമൃതിനു സമമായ ജലം ആജീവനാന്തം മനുഷ്യന് നൽകുന്നു. പ്രത്യുപകാരികളായ സജ്ജനങ്ങൾക്ക് സമമാണ് ഭൂമിയിലെ ഈ കല്പവൃക്ഷങ്ങൾ.

പതിമൂന്നാം നൂറ്റാണ്ടിലെ വെന്നീസുകാരനായ യാത്രികൻ മാർക്കോ പോളൊ ഭാരതത്തിന്റെ സ്വന്തം കല്പ വൃക്ഷത്തെക്കുറിച്ച് ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്. ഇവിടെ പനയോട് സാമ്യമുള്ള ഒരു വൃക്ഷത്തിൽ നിന്ന് മധുരവും ലഹരിയുമുള്ള അതിവിശിഷ്ടമായൊരു പാനീയം എടുക്കുന്നുണ്ട്. ഈ വൃക്ഷത്തിന്റെ ഫലങ്ങൾക്ക് ഇന്ത്യൻ കായ എന്നാണ് പേര്. മനുഷ്യന്റെ തലയോളം വലിപ്പവും. അതിനോട് സാമ്യമുള്ളതുമായ കായ്കൾ പാലിനേക്കാൾ വെളുത്തതും മധുരവും ഹൃദ്യവുമായ ഒരു സാധനമാണ്. ഇതിനുള്ളിൽ ശുദ്ധജലം പോലെ തെളിഞ്ഞതും മധുര ശീതളവുമായ പാനീയം നിറഞ്ഞിരിക്കുന്നു. ഇത്രയും സ്വാദുള്ള മറ്റൊരു പാനീയത്തെക്കുറിച്ച് എനിക്കറിയില്ല. ഭൂമിയിലെ കല്പവൃക്ഷമായ തെങ്ങിനെക്കുറിച്ച് ഇത്തരം വർണ്ണനകൾ ഏറെ....

കേരം തിങ്ങിയ നാട് കേരള നാട്. ഈ കേരളനാടിന്റെ കീർത്തി വാനോളം ഉയർത്തിയതിൽ കേര വൃക്ഷങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ഇന്ത്യയുടെ തെക്കേയറ്റത്ത് മലനിരകൾക്കും, കുന്നിൻ ചരിവുകൾക്കുമിടയിൽ തെങ്ങോലകൾ തലയാട്ടി നിൽക്കുന്ന കേരളത്തിലെ കൊച്ചു ഗ്രാമങ്ങൾ എന്നും സാഹിത്യകാരന് ഭാവനകൾ പകർന്നു നൽകി. കേരളത്തിന്റെ മനോഹാരിത വർണ്ണിച്ചവർക്കെല്ലാം വാനിൽ മുത്തുക്കുടകൾ ചൂടിയ കേര വൃക്ഷങ്ങളും അത്ഭുതമായിരുന്നു. ഒറ്റത്തടിയായി വാനോളം ഉയർന്നു നിൽക്കുന്ന കേര വൃക്ഷങ്ങൾ മലയാളിയുടെ പൈതൃക സ്വത്താണ്. പണ്ട് കാടുകളിൽ താമസിച്ച് വേട്ടയാടിയും കായ്കനികൾ ഭക്ഷിച്ചും ജീവിച്ചിരുന്ന ആദിമമനുഷ്യൻ സമുദ്ര തീരങ്ങളും, സമതലങ്ങളും വനങ്ങളല്ലാത്തതിനാൽ താമസസ്ഥലമാക്കിയില്ല. കൃഷി അറിയാവുന്ന ദ്രാവിഡരെന്ന് ചരിത്രകാരന്മാർ കരുതപ്പെടുന്ന കുടിയേറ്റക്കാരായിരുന്നു ഇവിടെ താമസിച്ചിരുന്നത്. പിന്നീട് പൂർവ്വ സമുദ്രത്തിൽ നിന്നും സിംഹളത്തിൽ നിന്നും ഈ പ്രദേശങ്ങളിലേക്ക് കുടിയേറ്റം ഉണ്ടായി. അവരുടെ നാട്ടിൽ നിന്നുമാണ് നാളികേരം കേരളത്തിലെത്തിയത്. തെങ്ങുകൃഷി ഡച്ചുകാരുടെ ഭരണത്തോടെ കേരളത്തിൽ വ്യാപകമായി. അന്നു തൊട്ടിന്നോളം കേരളത്തിന്റെ സാമൂഹിക സാമ്പത്തിക കാർഷിക മേഖലകളിൽ ഉയർത്തെഴുന്നേൽപ്പിന്റെ പുത്തൻ ചരിത്രം കുറിക്കാൻ തെങ്ങ് കൃഷിക്ക് സാധിച്ചു. കൃഷിയെ കേവലം ഉപജീവനമാർഗ്ഗം മാത്രമായി കണ്ടിരുന്ന മലയാളിക്ക് കൃഷിയിലെ ആദായ സാധ്യതകൾ പഠിപ്പിച്ചു നൽകിയത് ഈ കേര വൃക്ഷങ്ങൾ തന്നെ. അതിനാൽ ചോദിക്കുന്നതെന്തും നൽകുന്ന വൃക്ഷം എന്ന അർത്ഥത്തിൽ തെങ്ങിനെ ഭൂമിയിലെ കൽപവൃക്ഷം എന്ന് വിശേഷിപ്പിച്ചു.

തെങ്ങിന്റെ വരവ് കർഷകരെ മാത്രമല്ല സ്വാധീനിച്ചത്. കരകൗശല ഉത്പാദകർ, തടിമിൽ വ്യവസായികൾ, കയർ തൊഴിലാളികൾ എന്നിവരുടേയും ജീവിതത്തിന് പുത്തൻ ഉണർവേകാൻ തെങ്ങു കൃഷിക്ക് സാധിച്ചു. തറവാട്ടുമുറ്റത്ത് കുലച്ചു നിൽക്കുന്ന തെങ്ങുകൾ ഐശ്വര്യത്തിന്റേയും പ്രൗഢിയുടേയും, പാരമ്പര്യത്തിന്റേയും ആസ്തിയുടേയും പ്രതീകമായാണ് പഴമക്കാർ ദർശിച്ചത്.

*തെങ്ങു വെക്കുന്ന മനുഷ്യരെല്ലാരും*
*പൊങ്ങിടാതെയിരിക്കുന്ന സ്വർഗ്ഗത്തിൽ*

എന്ന മലയാളിയുടെ കാർഷിക ഗ്രന്ഥമായ കൃഷിഗീതയിലെ വചനങ്ങൾ കേരളത്തിന്റെ കാർഷിക സംസ്ക്കാരത്തിൽ തെങ്ങിനുള്ള പങ്ക് വ്യക്തമാക്കുന്നു. തെങ്ങിനെപ്പറ്റിയും. അതു നടേണ്ട കാലത്തെപ്പറ്റിയും, ചെറു തേങ്ങ, വെള്ളത്തേങ്ങ, ഗൗരീപാത്രം, കന്നികൂരൻ, കുംഭക്കുടവൻ എന്നീ തെങ്ങിനങ്ങളെപ്പറ്റിയും വിവരിച്ചിരിക്കുന്ന കൃഷിഗീതയിലെ താളുകൾ തെങ്ങിന്റെ മഹത്വം നമുക്ക് മുന്നിൽ തുറന്നു കാണിക്കുന്നു.

എന്നാൽ മനുഷ്യന്റെ കയ്യെത്താ ദൂരത്ത് തന്റെ തേൻ കുടങ്ങൾ ഒളിപ്പിച്ച തെങ്ങുകൾ നമുക്ക് മുന്നിൽ ബാലികേറാമലയായി മാറുന്നു. രോഗാണു ബാധയും, കൂമ്പു ചീയലും, കൊമ്പൻ ചെല്ലിയുമൊക്കെ കർഷകന്റെ ശത്രുവെങ്കിൽ തെങ്ങു കയറാൻ തൊഴിലാളിയെ ലഭ്യമല്ല എന്നതാണ് ഇന്ന് കർഷകരെ അലട്ടിയിരുന്ന പ്രശ്നം.

കാലം മാറി. കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകൾക്കിടയിൽ ലോകം അവിശ്വസനീയമായ പരിവർത്തനത്തിന് വിധേയമായി. അപ്പോൾ ശാസ്ത്രം തെങ്ങു കയറ്റമെന്ന പ്രശ്നത്തിനും പരിഹാരം കണ്ടെത്തി. മനുഷ്യന്റെ ബുദ്ധിക്ക് മുന്നിൽ തെങ്ങും കീഴടങ്ങി. തെങ്ങു കയറ്റ യന്ത്രങ്ങൾ പരീക്ഷണ ശാലയിൽ പിറന്നതോടെ തെങ്ങു കയറ്റം സുഗമമായി. തെങ്ങു കയറ്റത്തിലേക്ക് യുവജനങ്ങളെ ആകർഷിക്കുക എന്നതായിരുന്നു അടുത്ത ലക്ഷ്യം. അതിനായി കേരള നാളികേര വികസന ബോർഡ് ആവിഷ്ക്കരിച്ച പദ്ധതിയാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം. നാട്ടിൽ കേര വൃക്ഷങ്ങളെ അറിയുന്ന മണ്ണിന്റെ മണമുള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കാൻ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിനായി.

നാളികേര വികസന ബോർഡിന്റെ മേൽ നോട്ടത്തിൽ രൂപീകരിച്ച തെങ്ങു കയറ്റക്കാരുടെ കൂട്ടായ്മയാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം. ഒറ്റത്തടി വൃക്ഷമായതിനാൽ തെങ്ങു കയറ്റം ദുഷ്കരമാകുന്ന സാഹചര്യത്തിൽ ഒരു പരിഹാരമായി യന്ത്രം ഉപയോഗിച്ചുള്ള തെങ്ങു കയറ്റം മലയാളിയെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിൽ വന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം കേരളത്തിലെ 14 ജില്ലകളിലും ചങ്ങാതികളെ പരിശീലിപ്പിക്കുന്നു. തെങ്ങു കർഷകരുടെ എക്കാലത്തേയും പ്രശ്നമായ തെങ്ങു കയറ്റതൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുക എന്നതിലൂടെ തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ നൽകുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. അതിനാൽ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുന്നതിനും നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഒരു മുന്നേറ്റം ഉണ്ടാക്കുന്നതിനും ഈ പദ്ധതിക്ക് സാധിച്ചു.

കാർഷിക സബ്സിഡികൾ, നഴ്സറി, വിത്തുൽപാദനത്തോട്ടങ്ങൾ എന്നിവയിലൂടെ തെങ്ങു കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നാളികേര വികസന ബോർഡിന്റെ എക്കാലത്തേയും മികച്ച ഒരു പദ്ധതിയാണ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം. 18നും 40 നും പ്രായമദ്ധ്യേ പൂർണ്ണ ആരോഗ്യവാന്മാരായ യുവതീ യുവാക്കൾക്കാണ് പരിശീലനം. സ്ത്രീകൾക്ക് 30% സംവരണം ഏർപ്പെടുത്തുന്നതിലൂടെ ചങ്ങാതികൾക്കിടയിലും പെൺ സാന്നിദ്ധ്യം ഉറപ്പിക്കുന്നു.

ഏഴാം ക്ലാസ്സ് വരെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത കണക്കാക്കുന്ന ചങ്ങാതിക്കൂട്ടത്തിൽ തെങ്ങിന്റെ ചങ്ങാതികളാവാൻ ബി.ടെക്, എം.ബി.എ., ബിരുദധാരികളും എൻജിനീയർ ഡിപ്ലോമക്കാരും എത്തുന്നു. കാലം മാറിയതോടെ തൊഴിൽ നഷ്ടപ്പെട്ട പരമ്പരാഗത തൊഴിലാളികളും ഇന്ന് തെങ്ങിന്റെ ചങ്ങാതികളാവാനെത്തുന്നു. തെങ്ങു കയറ്റത്തിനും ഇവിടെ കൃത്യമായൊരു പാഠക്രമം തയ്യാറാക്കിയിരിക്കുന്നു. ഭക്ഷണം, താമസം എന്നിവ തികച്ചും സൗജന്യം. 20 പേര് അടങ്ങുന്ന ഗ്രൂപ്പിന് 7 ദിവസത്തെ പരിശീലന ക്യാമ്പ്, പരിശീലനം പൂർത്തിയാക്കുന്ന തൊഴിലാളികൾക്ക് വൈദഗ്ധ്യം രേഖപ്പെടുത്തിയ പ്രമാണപത്രവും, സമ്മാനമായി നൽകുന്നു. തെങ്ങു കയറ്റ പരിശീലന രീതി, പ്രവർത്തന രീതി, തെങ്ങിനെ അടുത്തറിയൽ, തെങ്ങ് കൃഷി, മണ്ണ്, കാലാവസ്ഥ, പരിചരണം, ജൈവാവശിഷ്ടങ്ങളുടെ പുനഃ ചംക്രമണം, ഇടവിളകൾ, ജലസേചനം, വിളവെടുപ്പ്, തെങ്ങില കീടങ്ങളുടെ നിയന്ത്രണം, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മണ്ഡരി ലക്ഷണങ്ങൾ, വളപ്രയോഗ രീതി, വിത്തു തേങ്ങ ശേഖരണം, വിവിധ പ്രായത്തിലുള്ള നാളികേരത്തെ പരിചയപ്പെടൽ തുടങ്ങിയവയാണ്. പരിശീലന ക്യാമ്പിലെ വിവിധ ഘട്ടങ്ങൾ. കുടുംബശ്രീ, കേര കർഷക സമിതി, കൃഷി വിജ്ഞാന കേന്ദ്രം, സ്വയം സഹായ സംഘങ്ങൾ എന്നിവയും തെങ്ങിന്റെ ചങ്ങാതികളെ വാർത്തെടുക്കാൻ നാളികേര വികസന ബോർഡിനൊപ്പം നിലകൊള്ളുന്നു. പരിശീലനം പൂർത്തിയായ ചങ്ങാതികൾക്ക് തെങ്ങു കയറ്റ യന്ത്രവും നൽകുന്നു. വ്യക്തിത്വ വികസനം, ബാങ്കിങ്, യോഗ എന്നിവയിലൂന്നിയ പരിശീലന ക്ലാസ്സുകൾ മണ്ണിന്റെ മണമുള്ള ഒരു കൂട്ടം തെങ്ങിന്റെ ചങ്ങാതികളെ ലോകത്തിനായി സമർപ്പിക്കുന്നു.

നാടിന്റെ വികസനം ഗ്രാമങ്ങളിൽ നിന്നു തുടങ്ങണം എന്ന മഹാത്മാവിന്റെ സ്വപ്നം ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുന്നു. തൊഴിൽ രഹിതരായ ഗ്രാമീണ യുവാക്കൾക്ക് തൊഴിൽ വാഗ്ദാനം ചെയ്യുന്നതിലൂടെ ഗ്രാമീണർക്ക് ഒരു നിശ്ചിത തുക വരുമാനം ലഭ്യമാക്കാനും സാധിക്കുന്നു. കാർഷിക സംസ്ക്കാരത്തെ നെഞ്ചിലേറ്റുന്ന, കൃഷിയെ സ്നേഹിക്കുന്ന സംസ്ക്കാര സമ്പന്നരായ പുതു യുവതയെ വാർത്തെടുക്കാൻ നമുക്കാവണം.

തെങ്ങിനെ അറിയുന്ന ഒരായിരം തെങ്ങിന്റെ ചങ്ങാതികൾ ഈ മലനാട്ടിൽ ഉയിർക്കൊള്ളട്ടെ, പൂർവികർ കത്തിച്ചു വെച്ച കാർഷിക സംസ്ക്കാരത്തിന്റെ തെളിദീപം കെടാതെ സൂക്ഷിക്കാൻ തെങ്ങിന്റെ ചങ്ങാതികളായി നമുക്ക് മാറാം. വൈറ്റ് കോളർ ജോബുകൾക്കു പിന്നാലെ പരക്കം പായുന്ന ഈ ന്യൂ ജനറേഷൻ കാലത്ത്, ചെളിയിൽ ചവിട്ടിയാൽ മണ്ണിര കടിക്കും എന്നു പറയുന്ന മോഡേൺ മമ്മിമാരുള്ള ഈ കാലത്ത് തെങ്ങിന്റെ ചങ്ങാതികളാകാൻ ഒരു യുവത തയ്യാറെടുക്കുന്നു. എൻജിനീയറും, എംബിഎ ബിരുദധാരികളും ഒരു പോലെ മണ്ണിനെ സ്നേഹിക്കുന്ന മലയാളികളാവാൻ തയ്യാറെടുക്കുന്നു.

പുത്തൻ ടെക്നോളജികൾ നാടുവാഴുമ്പോൾ ഫേസ് ബുക്കും, ട്വിറ്ററും വാട്സ് ആപ്പും പുതുതലമുറയെ തങ്ങളുടെ മാന്ത്രിക വലയത്തിൽ ചേർത്തു കഴിയുമ്പോൾ സെൽഫികളിൽ സ്വന്തം മുഖകാന്തി ആസ്വദിക്കുമ്പോൾ ഇതിനുമപ്പുറത്ത് യഥാർത്ഥ മലയാളിയായി കാർഷിക സംസ്ക്കാരത്തെ നെഞ്ചിലേറ്റി ഒരായിരം തെങ്ങിന്റെ ചങ്ങാതികൾ ഈ കേരള നാട്ടിൽ ഉയിർകൊള്ളുന്നു. ■

# കുറ്റ്യാടിയിൽ നീര ടെക്നീഷ്യൻ പരിശീലനം



*അരൂർ ഉദയം ഫെഡറേഷന്റെ നീര ടെക്നീഷ്യൻ പരിശീലന ക്യാമ്പ് പുറമേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. വനജ ഉദ്ഘാടനം ചെയ്യുന്നു.*

**കു**റ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന അരൂർ ഉദയം ഫെഡറേഷന്റെ നേതൃത്വത്തിൽ നീര ടെക്നീഷ്യന്മാരുടെ പരിശീലന ക്യാമ്പ് 2015 ജൂൺ 14-ാം തീയതി തുടങ്ങി. ഫെഡറേഷൻ പ്രസിഡന്റ് എം. കെ. ഭാസ്ക്കരൻ അദ്ധ്യക്ഷത വഹിച്ചു. പുറമേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. വനജ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന പൊതുയോഗത്തിൽ സെക്രട്ടറി കെ. കുഞ്ഞിരാമൻ മാസ്റ്റർ കമ്പനി ഡയറക്ടർമാരായ പി. ടി. ജോസ്, അശോകൻ മാസ്റ്റർ പഞ്ചായത്ത് മെമ്പർമാരായ ശ്രീമതി. ശ്രീലത, ഫൗസിയ കുഞ്ഞമ്മദ് എന്നിവർ സംസാരിച്ചു.

# കാഡ്സിന്റെ വിൽപനശാല എറണാകുളത്ത്

**തൊ**ടുപുഴയിലെ കേരള അഗ്രികൾച്ചറൽ ഡെവലപ്മെന്റ് സൊസൈറ്റി(കാഡ്സ്) എറണാകുളത്ത് ജൈവോത്പന്നങ്ങളുടെ വിപണനശാല തുറക്കുന്നു. 2015 ഓഗസ്റ്റ് 17 (ചിങ്ങം1)നാണ് വിപണനശാലയുടെ ഉദ്ഘാടനം. ജൈവസർട്ടിഫിക്കേഷൻ നേടിയ മാങ്കുളത്തെ കർഷകരുടേയും ജൈവകൃഷി ചെയ്യുന്ന വട്ടവട, കാന്തല്ലൂർ മേഖലകളിലെ കർഷകരുടേയും , നാളികേര വികസന ബോർഡിന്റെ കീഴിലുള്ള പ്രൊഡ്യൂസർ കമ്പനികളുടേയും ഉത്പന്നങ്ങളാണ് എറണാകുളത്തെ വില്പന ശാലയിൽ ലഭ്യമാക്കുന്നത്.

വൈറ്റില ബൈപാസിന് സമീപമുള്ള ആലിൻചുവട്ടിലാണ് 1000 ചതുരശ്ര അടി സൗകര്യത്തിൽ വില്പന ശാല. ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിപണി ലഭ്യമല്ലെന്ന പരാതി വ്യാപകമായ സാഹചര്യത്തിലാണ് ബൈബാക്ക് കരാറിൽ ജൈവ കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിന് കാഡ്സ് തീരുമാനിച്ചതെന്ന് പ്രസിഡന്റ് ആന്റണി കണ്ടിരിക്കൽ അറിയിച്ചു. തുടക്കത്തിൽ ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിൽ നിന്നുള്ള ജൈവ കർഷകരിൽ നിന്നും പ്രീമിയം വിലയ്ക്ക് ഉത്പന്നങ്ങൾ സംഭരിക്കും. കാർഷികോത്പന്നങ്ങൾക്കൊപ്പം നാടൻ പാൽ, ഫ്രഷ് മീറ്റ് എന്നിവയും ഇവിടെ ലഭ്യമാകും.

കൂടുതൽ വിവരങ്ങൾക്ക് 9048778522 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വളം വിതരണം ചെയ്തു

**മീ**നടം സമൃദ്ധി നാളികേര ഉൽപാദക സംഘത്തിന് സി.ഡി.ബി.യിൽ നിന്നും ലഭ്യമാക്കിയ 22 മെട്രിക് ടൺ രാസ വളം വിതരണം മീനടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.എം. സ്കറിയ സംഘാംഗവും പ്രമുഖ വ്യാപാരിയുമായ ശ്രീ. റ്റി. ജെ. ജോസഫ്, തോണിപ്പുരയ്ക്കലിന് വളം നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് ശ്രീ. സി. ജെ. സ്കറിയ, സെക്രട്ടറി ശ്രീ. തോമസ്സ് ചാണ്ടി, സംഘം ഓഡിറ്ററും സി.ഡി.ബി. മുൻ മാർക്കറ്റിംഗ് ഓഫീസർ ശ്രീ. പി. എൽ. ജോസഫ്, മീനടം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി പ്രസിഡന്റ് ശ്രീ. സി. കെ. രാജപ്പൻ നായർ, സംഘം ഭരണ സമതി അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

**വ**ടക്കേ അടുവാശ്ശേരി കല്പക നാളികേര ഉൽപാദക സംഘത്തിന്റെ സൗജന്യ വളം വിതരണം തെക്കെ അടുവാശ്ശേരി കുടിൽ പീടികയിൽ നടന്നു. വളം വിതരണ ഉൽഘാടനം നെടുമ്പാശ്ശേരി നാളികേര ഉൽപാദക ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. പി. പി. ഐസക് നിർവ്വഹിച്ചു. സംഘം പ്രസിഡന്റ് ശ്രീ. വി. എം. തങ്കരാജ് അദ്ധ്യക്ഷനായിരുന്നു. പഞ്ചായത്ത് മെമ്പർ ശ്രീ. ഷിബി പുതുശ്ശേരി ശ്രീ. വി. എൻ. വേണുഗോപാൽ എന്നിവർ ആശംസകൾ അർപ്പിച്ചു. സെക്രട്ടറി ശ്രീ. ജോർജ്ജ് പി. ജോബ് സ്വാഗതവും, വൈസ് പ്രസിഡന്റ് ശ്രീ. പി. ഡി. ജോബ് നന്ദിയും രേഖപ്പെടുത്തി.



*നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന നാളികേര വികസന സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കിങ്ങിണി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു*

## കേര വികസന സെമിനാർ നടത്തി

**നെ**ടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെയും നാളികേര വികസന ബോർഡിന്റെയും ആഭിമുഖ്യത്തിൽ നാളികേര വികസന സെമിനാർ നടത്തി. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കിങ്ങിണി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.പ്രമോദ് കുര്യൻ മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ സോഫി സേവ്യർ ആധ്യക്ഷയായിരുന്നു. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ മാത്യുക്കുട്ടി മാത്യു സ്വാഗതം പറഞ്ഞു.

# പൊന്നാനി നാളികേര ഉൽപാദക ഫെഡറേഷൻ ഓഹരികൾ സമാഹരിച്ചു

**പൊ**ന്നാനി നാളികേര ഉൽപാദക കമ്പനിക്കു 5 കോടി രൂപ ഷെയർ സമാഹരിക്കുന്ന സംരംഭത്തിലേക്ക് പൊന്നാനി നാളികേര ഉൽപാദക ഫെഡറേഷന്റെ കീഴിൽ വരുന്ന നാളികേര ഉൽപാദക സംഘത്തിലെ കേര കർഷകരിൽ നിന്നുള്ള ഷെയർ സമാഹരണം, അയ്യപ്പൻ കാവു സംഘത്തിൽ നിന്നും ആരംഭിച്ചു.

അയ്യപ്പൻ കാവ് സംഘം സെക്രട്ടറി എം. വി. പ്രഭാകരൻ തുക കൈമാറി. യോഗത്തിൽ പൊന്നാനി ഫെഡറേഷൻ സെക്രട്ടറി യു. രവീന്ദ്രൻ, പി. യു. രാജൻ, എസ്. വിശ്വനാഥൻ, എ. വി. ബാബു, എൻ. പി. സേതുമാധവൻ എന്നിവർ പ്രസംഗിച്ചു. പൊന്നാനി നാളികേര ഉൽപാദക കമ്പനിക്ക് പൊന്നാനി നാളികേര ഉൽപാദക ഫെഡറേഷന്റെ മുഴുവൻ വിഹിതവും നൽകാൻ എല്ലാ സി.പി.എസുകളോടും അഭ്യർത്ഥിച്ചു.



*പൊന്നാനി നാളികേര ഉൽപാദക കമ്പനിയുടെ ഷെയർ സമാഹരണയജ്ഞം.*

# ഏകദിന പഠന ക്യാമ്പും, കോംബോ കാർഡ് വിതരണവും നടത്തി

**മു**ക്കം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇരുവഞ്ഞി നാളികേര ഉൽപാദക സൊസൈറ്റീസ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഏകദിന പഠന ക്യാമ്പും, കൽപകശ്രീ ഡെബിറ്റ് കോംബോ കാർഡ് വിതരണോദ്ഘാടനവും നടന്നു.

ജൂലൈ 12 ന് മുക്കം വ്യാപാര ഭവനിൽ നടന്ന ക്യാമ്പിലും കോംബോ കാർഡ് വിതരണ ഉദ്ഘാടന പരിപാടികളിലും 25 സൊസൈറ്റികളിൽ നിന്നുള്ള കർഷക പ്രതിനിധികൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിച്ച പഠന ക്യാമ്പ് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. ബാലകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു.

കല്പകശ്രീ കോംബോ കാർഡ് വിതരണോദ്ഘാടനം എസ്.ബി.ടി സോണൽ ചീഫ് മാനേജർ കോശി പണിക്കർ പി. എം. അബ്ദുള്ളാഹി മാസ്റ്റർക്ക് കാർഡ് നൽകി നിർവ്വഹിച്ചു.

ഫെഡറേഷൻ നടത്തുന്ന നഴ്സറിയുടെ ഷെയർ സർട്ടിഫിക്കറ്റ് വിതരണം കമ്പനി ചെയർമാൻ അരവിന്ദൻ പിലാത്താരിൽ റസാഖ് വിളക്കോട്ടിലിന് നൽകി ഉദ്ഘാടനം ചെയ്തു.

കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എൻ. കെ. അബ്ദുറഹിമാൻ മാറുന്ന കേരളീയ സാഹചര്യത്തിൽ കർഷക സംഘാടനത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു.

ഉദ്ഘാടനത്തിനു ശേഷം സിഡിബി പദ്ധതിയും ത്രിതല സംവിധാനവും എന്ന വിഷയത്തിൽ കമ്പനീസ് കൺസോർഷ്യം സ്റ്റേറ്റ് ജനറൽ സെക്രട്ടറി നാസർ പൊന്നാടും, പ്രൊഡ്യൂസർ കമ്പനി എന്ത്? എന്തിന്? എന്ന വിഷയത്തിൽ സി.ഡി.ബി. മെന്റർ ആർ. പി. രവീന്ദ്രനും, തെങ്ങ് കൃഷി, മറക്കുന്നതും മറക്കരുതാത്തതും എന്ന വിഷയത്തിൽ സെബാസ്റ്റ്യൻ തിരുവഞ്ചാനിയും ക്ലാസ്സുകൾ എടുത്തു.

യോഗത്തിൽ രഘുനാഥ് പി. സി. അദ്ധ്യക്ഷം വഹിച്ചു. എം. ടി. വേണുഗോപാലൻ സ്വാഗതവും ട്രഷറർ അരവിന്ദാക്ഷൻ തുമ്പോണ നന്ദിയും പറഞ്ഞു.

ഫെഡറേഷന്റെ കീഴിലുള്ള സൊസൈറ്റികളിൽ അംഗങ്ങളായ കർഷകർക്ക് എസ്ബിടിയിൽ അക്കൗണ്ട് എടുത്താൽ കൽപകശ്രീ ഡെബിറ്റ് കോംബോ കാർഡ് പദ്ധതി പ്രകാരം ഫെഡറേഷന്റെ കീഴിലുള്ള 2000 ത്തോളം കർഷക കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. പലിശ കുറവിൽ വായ്പ ഇടപാടുകൾ നടക്കുന്നതോടൊപ്പം ഐ ഡി കാർഡായും ഇത് ഉപയോഗിക്കാം. തെങ്ങ് കൃഷിയിലേക്ക് കർഷകരെ തിരിച്ചു കൊണ്ടു വരാനുള്ള സിഡി.ബി.യുടെ വിവിധ പദ്ധതികളിൽ ഒന്നാണ് ഇത്. നാളികേര വികസന ബോർഡിന്റെ തെങ്ങു കൃഷി വികസന പദ്ധതിയുടെ ഭാഗമായി കാരശ്ശേരി മുക്കം കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളിലെ 25 നാളികേര ഉത്പാദക സൊസൈറ്റികൾ സംയുക്തമായി രൂപവത്കൃതമായതാണ് ഇരുവഞ്ഞി നാളികേര ഉൽപാദക സൊസൈറ്റീസ് ഫെഡറേഷൻ.



*ഇരുവഞ്ഞി ഫെഡറേഷനിലെ കോംബോ കാർഡ് വിതരണം പി. എം. അബ്ദുള്ളാഹി മാസ്റ്റർക്ക് കാർഡ് നൽകിക്കൊണ്ട് എസ്.ബി.ടി സോണൽ ചീഫ് മാനേജർ കോശി പണിക്കർ ഉദ്ഘാടനം ചെയ്യുന്നു.*

## ഓഹരി സമാഹരിച്ചു



മഹാത്മ ഫെഡറേഷൻ കൊയിലാണ്ടിയുടെ കീഴിലുള്ള സി.പി.എസ്സുകളുടെ ഓഹരിയുടെ ആദ്യ ഗഡു കൊയിലാണ്ടി നാളികേര കമ്പനിയുടെ ചെയർമാൻ വി. കബീർ, വി. കുട്ട്യാലിയിൽ നിന്നും ഏറ്റുവാങ്ങി. ഫെഡറേഷൻ പ്രസിഡന്റ് സോമൻ വായനാരി അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് ബാലകൃഷ്ണൻ നായർ കെ., വിനോദ് കുമാർ, പ്രഭാകരൻ നായർ ബാലൻ നായർ എന്നിവർ സംസാരിച്ചു.

# വടകരയിൽ കോക്കനട് പോയിന്റ് പ്രവർത്തനം ആരംഭിച്ചു




*കടത്തനാട് കോക്കനട് പോയിന്റ് ഉദ്ഘാടന വേളയിൽ ഫെഡറേഷൻ പ്രസിഡന്റ് കെ. സദാനന്ദൻ പ്രസംഗിക്കുന്നു.*

വടകര നാളികേര ഉത്പാദക കമ്പനിയുടെ കീഴിൽ വടകര നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കടത്തനാട് നാളികേര ഉത്പാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വടകര ഗവൺമെന്റ് ആശുപത്രിക്കു സമീപം കോക്കനട് പോയിന്റ് തുറന്നു. നീര, മറ്റ് നാളികേര മൂല്യവർധിത ഉത്പ്പന്നങ്ങൾ, നീര ചോക്ലേറ്റ്, ഹണി, ചക്കര, ബിസ്ക്കറ്റ്, കേക്ക്, പാംഷുഗർ, വിനാഗിരി, അച്ചാർ, ഡസിക്കേറ്റഡ് കോക്കനട് പൗഡർ, വെളിച്ചെണ്ണ, വെർജിൻ കോക്കനട് ഓയിൽ, സോപ്പ്, നാളികേരം, ഇളനീർ, ഇളനീർ സോഡ, നീര ടെക്നീഷ്യന്മാർക്കുള്ള ഉപകരണങ്ങൾ എന്നിവയും ഈ ഔട്ട്ലെറ്റിലൂടെ ലഭ്യമാണ്.

# ഒഞ്ചിയം നാളികേര ഉൽപാദക ഫെഡറേഷൻ കുറിയ തെങ്ങിൻ തൈ നഴ്സറി



*ഒഞ്ചിയം ഫെഡറേഷന്റെ നാളികേര നഴ്സറി വടകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി വൈസ് ചെയർമാൻ കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.*

ഒഞ്ചിയം ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തിരുപ്പൂരിലെ ധാരാപുരം വിത്തുൽപാദന കേന്ദ്രത്തിൽ നിന്നും മലയൻ മഞ്ഞ, പച്ച വിത്തുകൾ ശേഖരിച്ച് തട്ടോളിക്കരയിൽ ആരംഭിച്ച കുറിയ ഇനം നാളികേര നഴ്സറി വടകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ വൈസ് ചെയർമാൻ കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്തു. തട്ടോളിക്കര സി.പി.എസ്. പ്രസിഡന്റ് ടി.കെ. രാമകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. ഒഞ്ചിയം സി.പി.എഫ് പ്രസിഡന്റ് ഇ. കെ. കരുണാകരൻ മാസ്റ്റർ പദ്ധതി വിശദീകരണം നടത്തി. എ. വി. ബാലകൃഷ്ണൻ സ്വാഗതവും ടി. നാണു നന്ദിയും പറഞ്ഞു. നേഴ്സറിയിൽ 10000 തൈകൾ ഉണ്ട്. രാമകൃഷ്ണൻ ടി. കെ., അനിൽകുമാർ സി.എം., ജയേന്ദ്രൻ മാസ്റ്റർ കെ. ടി., സദാനന്ദൻ കെ. കെ., ബാലൻ കിഴക്കയിൽ, സുരേന്ദ്രൻ കിഴക്കയിൽ, ബാലകൃഷ്ണൻ, അകവളപ്പിൽ, സുരേന്ദ്രൻ ചന്ദ്രോത്ത് എന്നിവർ നഴ്സറി സംഘാടക സമിതിയിൽ പ്രവർത്തിക്കുന്നു.

4 വർഷം കൊണ്ട് കായ്ക്കുന്നവയാകയാൽ ഇത്തരം നഴ്സറികൾ പ്രോത്സാഹ ജനകമാണ്. ഉത്പന്നങ്ങൾ നീര ഉൽപ്പാദനത്തിന് യോജിച്ചവയുമാണ്. കുറിയ തെങ്ങുകളാകയാൽ വർഷങ്ങളോളം കൃഷിക്കാരന് സ്വന്തമായി വിളവെടുക്കാൻ കഴിയുന്നു. പല കാരണങ്ങളാൽ, കാർഷിക രംഗത്ത് നിന്നും പുറം തിരിഞ്ഞു നിന്ന യുവാക്കളടക്കമുള്ള കൃഷിക്കാരുടെ ഈ രംഗത്തേക്കുള്ള തിരിച്ചു വരവ് സ്വാഗതാർഹമാണ്. കുറെ നാളുകളായി നാളികേര കൃഷി ജില്ലയിൽ പൊതുവേ നഷ്ടത്തിലായിരുന്നു. കോഴിക്കോട് ജില്ലയിൽ കേരളത്തിൽ ഏറ്റവും കൂടുതൽ തെങ്ങ് കൃഷി ചെയ്യുന്നുണ്ടെങ്കിലും ഉൽപാദന ക്ഷമതയിൽ ജില്ല 11-ാം സ്ഥാനത്താണ്.

# താമരശ്ശേരി കമ്പനിയിൽ ഓഹരി സമാഹരണം





*താമരശ്ശേരി നാളികേര ഉത്പാദക കമ്പനിയുടെ ഓഹരി സമാഹരണ കൺവെൻഷനിൽ കമ്പനി വൈസ് ചെയർമാൻ പി. പി. കുഞ്ഞായിൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. 2. കൺവെൻഷനിൽ മെന്റർ പി.ആർ. രവീന്ദ്രൻ ക്ലാസെടുക്കുന്നു (വലത്ത്)*

**താ**മരശ്ശേരി നാളികേര ഉത്പാദക കമ്പനിയുടെ ഓഹരി സമാഹരണം 13 ലക്ഷം കവിഞ്ഞു. ഓഹരി സമാഹരണവുമായി ബനധപ്പെട്ടു ചേർന്ന കൺവൻഷനിൽ കമ്പനി വൈസ് ചെയർമാൻ പി. പി. കുഞ്ഞായിൻ അദ്ധ്യക്ഷത വഹിച്ചു. കമ്പനി ഡയറക്ടറും സൗഭാഗ്യ സി.പി.എസ്. പ്രസിഡന്റുമായ ശ്രീ. മൊയ്തീൻ ഹാജി കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഷെയർ പിരിവ് ഊർജ്ജിതമാക്കാനും നീര സംസ്ക്കരണ ഫാക്ടറി, വെളിച്ചെണ്ണ ഫാക്ടറി എന്നീ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കൺവെൻഷൻ തീരുമാനിച്ചു.

താലൂക്കിലെ മുഴുവൻ നാളികേര ഉൽപാദക സംഘങ്ങളിലേയും മുഴുവൻ ഭാരവാഹികളുടെ ഏകദിന ക്യാമ്പും, നാളികേര ഉൽപ്പന്നങ്ങളുടെ പ്രദർശനവും താമരശ്ശേരിയിൽ നടത്താൻ തീരുമാനിച്ചു. സിഡിബി. മെന്റർ പി. ആർ. രവീന്ദ്രൻ ക്ലാസ്സെടുത്തു. സി.പി.എസ്., സി.പി.എഫ്. പ്രസിഡന്റുമാരുടെ കമ്പനി സംബന്ധമായ എല്ലാ സംശയങ്ങൾക്കും മറുപടി നൽകി.

ഷെയർ സമാഹരണം ഊർജ്ജിതപ്പെടുത്തണമെന്ന് യോഗത്തിൽ ആവശ്യം ഉയർന്നു. കമ്പനി താത്ക്കാലിക സി.ഇ.ഒ മുഹമ്മദ് ഫാരിസ് റിപ്പോർട്ട് അവതരിപ്പിച്ചു. കമ്പനി ഡയറക്ടറും കട്ടിപ്പാറ സി.പി.എഫ്. പ്രസിഡന്റുമായ ശ്രീ. കേളപ്പൻ റ്റി.പി. സ്വാഗതവും ശ്രീമതി. മോളി ജോർജ്ജ് നന്ദിയും പറഞ്ഞു. യോഗത്തിൽ 150 അംഗങ്ങൾ പങ്കെടുത്തു.



*കല്പവൃക്ഷ നാളികേര ഉത്പാദക ഫെഡറേഷന്റെ ഉദ്ഘാടന വേളയിൽ ആറളം പഞ്ചായത്ത് പ്രസിഡന്റ് വി.ടി. തോമസ് പ്രസംഗിക്കുന്നു. ഫാ. നോബിൾ ഓണംകുളം, ഫെഡറേഷൻ പ്രസിഡന്റ് സ്കറിയ, പഞ്ചായത്ത് മെമ്പർ അരവിന്ദൻ എന്നിവർ സമീപം.*

## കീഴ്പ്പള്ളി ഫെഡറേഷൻ ഓഫീസ് തുറന്നു

**കീ**ഴ്പ്പള്ളി ആസ്ഥാനമായുള്ള കല്പവൃക്ഷ നാളികേര ഉത്പാദക ഫെഡറേഷന്റെ ഓഫീസ് ഫാ. നോബിൾ ഓണംകുളം ഉദ്ഘാടനം ചെയ്തു. ആറളം പഞ്ചായത്ത് പ്രസിഡന്റ് വിടി തോമസ് ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു. പഞ്ചായത്ത് മെമ്പർ അരവിന്ദൻ, കൃഷി ഓഫീസർ ജയൻ എന്നിവർ ആശംസകൾ നേർന്നു.

ഫെഡറേഷൻ പ്രസിഡന്റ് സ്കറിയ സ്വാഗതവും സെക്രട്ടറി പീറ്റർ നന്ദിയും പറഞ്ഞു. വിവിധ സിപിഎസുകളിൽ നിന്നുള്ള ഭരവാഹികൾ ചടങ്ങിൽ പങ്കെടുത്തു.

## ബാലുശ്ശേരി നഴ്സറിയിൽ നിന്നും തെങ്ങിൻ തൈകൾ വിതരണം തുടങ്ങി



*ബാലുശ്ശേരി ഫെഡറേഷന്റെ നാളികേര നഴ്സറി*

**ബാ**ലുശ്ശേരി പോപ്പുലർ ഫെഡറേഷൻ നടത്തുന്ന നഴ്സറിയിൽ നിന്നും തെങ്ങിൻ തൈകൾ വിതരണം ചെയ്തു. നാളികേര വികസന ബോർഡിന്റെ തെങ്ങു പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്തു. ബാലുശ്ശേരി എംഎൽഎ പുരുഷൻ കടലുണ്ടി വിതരണം ഉദ്ഘാടനം ചെയ്തു. ടെക്നിക്കൽ ഓഫീസർ മൃദുല നഴ്സറി ഇൻസ്പെക്ഷൻ ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് പി.കെ ഗോപാലൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഗംഗാധരൻ നായർ. സെക്രട്ടറി പി.പി ചന്ദ്രൻ, ഖജാൻജി അഹമ്മദ് കുട്ടി ഹാജി, ബാലൻ പാറക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. എച്ച്എ അമൃത നന്ദി പറഞ്ഞു.ഫെഡറേഷനിൽ ഉൾപ്പെട്ട സി.പി.എസ് കൾക്ക് രണ്ടാം ഘട്ട വളം വിതരണം ചെയ്തു. രണ്ടാം ഘട്ട നഴ്സറിയുടെ വിത്തുതേങ്ങ എംജിഡി 10000 എണ്ണം പാകിത്തുടങ്ങി. തൈകൾ വിതരണത്തിന് തയ്യാറായിക്കഴിഞ്ഞു.

# വെസ്റ്റ് കുറുമ്പ്രനാട് നാളികേര ഫെഡറേഷന്റെ ഉദ്ഘാടനം നാടിന് ഉത്സവമായി




*വെസ്റ്റ് കുറുമ്പ്രനാട് നാളികേര ഫെഡറേഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടന്ന ഘോഷയാത്ര.*

**നാ**ളികേര കർഷകരുടെ അഭിവൃദ്ധി ലക്ഷ്യമാക്കി ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന വെസ്റ്റ് കുറുമ്പ്രനാട് നാളികേര ഫെഡറേഷന്റെ ഉദ്ഘാടനം നാടിന് ഉത്സവഛായ പകർന്നു. തെങ്ങോലത്തൊപ്പി ധരിച്ചും ഓലതത്തകളെ കൈയ്യിലേന്തി കുട്ടികളും, മുത്തുക്കുട പിടിച്ച സ്ത്രീകളും പഞ്ചാരി മേളത്തിന്റെ അകമ്പടിയോടെ കേര കർഷകരും അണി നിരന്ന ഘോഷയാത്ര ബാലുശ്ശേരി ടൗണിന് നവ്യാനുഭവമായി. ഘോഷയാത്രയ്ക്കു ശേഷം നടന്ന സമ്മേളനം മുതിർന്ന കേര കർഷകൻ ചെക്കുട്ടി മണ്ണാംപൊയിൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രസിഡന്റ് ത്രിവിക്രമൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. സുരേഷ് നരിക്കുനി മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ മുതിർന്ന കർഷകരെ ആദരിച്ചു. കേരളത്തിലെ ആദ്യ വനിതാ ടെക്നീഷ്യൻ അനിതാ ബാബുവിനെയും ചടങ്ങിൽ ആദരിച്ചു. സി. രാജൻ, പി. രവീന്ദ്രനാഥ്, ശ്രീനിവാസൻ ബാലുശ്ശേരി എന്നിവർ സംസാരിച്ചു. ഫെഡറേഷൻ സെക്രട്ടറി ഉണ്ണികൃഷ്ണൻ മണ്ണാംപൊയിൽ സ്വാഗതവും ട്രഷറർ ഇ. കെ. ഗിരിധരൻ നന്ദിയും രേഖപ്പെടുത്തി. ശങ്കരൻ വൈകുണ്ഠം, വാസു കെ. ഗോവിന്ദൻ കുട്ടി നായർ, ബാലൻ വി.എം. എന്നിവർ ഘോഷയാത്രയ്ക്ക് നേതൃത്വം നൽകി.

## നാളികേര സംഭരണം തുടങ്ങി

**ആ**ലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം സൗത്ത് ഫെഡറേഷൻ കർഷകരിൽ നിന്നു പച്ചതേങ്ങ സംഭരിച്ച് കൊപ്രയാക്കി, അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വെളിച്ചെണ്ണ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു തുടങ്ങി. വാരണം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സ്ഥാപിച്ച കൊപ്ര ഡ്രയറും കെട്ടിടവും വാടകയ്ക്ക് എടുത്താണ് ഫെഡറേഷൻ ഇപ്പോൾ കൊപ്ര സംസ്കരണം നടത്തുന്നത്. തുടക്കത്തിൽ 18 ഉത്പാദക സംഘങ്ങൾ ഇതിൽ മുതൽ മുടക്കി. കരപ്പുറം കമ്പനിയുടെ വെളിച്ചെണ്ണ യൂണിറ്റ് പ്രവർത്തനം തുടങ്ങുന്നതിനു മുന്നോടിയായി ഓരോ ഫെഡറേഷനും നാളികേര സംഭരണം തുടങ്ങുകയാണ്. ഇപ്പോൾ ഫെഡറേഷൻ ഒരു സ്വകാര്യ എക്സ്പെല്ലറിലാണ് വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നത്. വെളിച്ചെണ്ണയോടൊപ്പം നീര, നീര ഉത്പ്പന്നങ്ങൾ, വെർജിൻ ഓയിൽ തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കുന്ന കോക്കനട് പോയിന്റുകൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## കർഷക സംഗമം നടത്തി



*തോട്ടകത്ത് തെങ്ങിൻ തൈ വിതരണ ഉദ്ഘാടനം ശ്രീ. കെ. അജിത് എം. എൽ.എ നിർവഹിക്കുന്നു.*

**തോ**ട്ടകം കൈരളി നാളികേര ഉത്പാദക സംഘം നാളികേര സംഗമം സംഘടിപ്പിച്ചു. സംഗമത്തിൽ തെങ്ങിൻ തൈകളുടെ വിതരണ ഉദ്ഘാടനം വൈക്കം എം. എൽ.എ, ശ്രീ. കെ. അജിത് നിർവ്വഹിച്ചു. കർഷകർക്ക് കേര വികസന ബോർഡിൽ നിന്ന് അനുവദിച്ച വളം വിതരണത്തിന്റെ ഉദ്ഘാടനം തലയാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ദേവരാജനും നിർവ്വഹിച്ചു.

നാളികേര കൃഷിയുടെ ശാസ്ത്രീയവും നൂതനവുമായ മാർഗ്ഗങ്ങളെക്കുറിച്ച് കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിലെ റിട്ട. പ്രൊഫ. ഡോ. എൻ. കെ. ശശിധരൻ ക്ലാസ്സ് എടുത്തു. യോഗത്തിൽ സംഘം വൈസ് പ്രസിഡന്റ് പി. എസ്. മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. വി. കിരൺകുമാർ, വേണാട് സി.പി.എഫ്. പ്രസിഡന്റ് ജോസഫ് ഇടത്തിൽ, സെക്രട്ടറി, എം. പി. സാനു, കെ. രാധാകൃഷ്ണൻനായർ, പി. ആർ. ശശി, എം. യു. കോര, പി. ശ്രീകുമാർ, രാമചന്ദ്രൻ, ഉഷ ഹരിയപ്പൻ, തുടങ്ങിയവർ സംസാരിച്ചു.

വൈക്കം തലയാഴം വേണാട് ഫെഡറേഷന്റെ കീഴിലുള്ള തിരുമണി വെങ്കിടപുരം (റ്റി.വി. പുരം) നാളികേര ഉൽപാദക സംഘത്തിന്റെ നേതൃത്വത്തിൽ നടന്ന തെങ്ങിൻ തൈ വിതരണം പ്രസിഡന്റ് സതീശൻ നായർ ഉദ്ഘാടനം ചെയ്തു. സംഘത്തിലെ അൻപത് കർഷകർക്ക് മുന്തിയ ഇനം തെങ്ങിൻ തൈകൾ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്തു. യോഗത്തിൽ സംഘാംഗങ്ങളായ പി. വി. മനോഹരൻ, എം. ജി. മുരളീധരൻനായർ, രവീന്ദ്രൻ പണിക്കർ തുടങ്ങിയവർ പ്രസംഗിച്ചു.

# കൊപ്ര, വെളിച്ചെണ്ണ വിപണികളിൽ നേരിയ മാന്ദ്യം തുടരുന്നു

2015 ജൂൺ




- **ആട്ടുകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില പ്രമുഖ വിപണികളിൽ നേരിയ കുറവ് രേഖപ്പെടുത്തി.**
- **വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വിലയിൽ കഴിഞ്ഞ മാസം നേരിയ വർധനയാണ് കാണാൻ സാധിച്ചത്.**

## വെളിച്ചെണ്ണ

രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും വെളിച്ചെണ്ണ കൊപ്ര വിലയിൽ നേരിയ കുറവ് അനുഭവപ്പെട്ടു.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 11700 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില 11600 ൽ ക്ലോസ് ചെയ്തു. കോഴിക്കോട് വെളിച്ചെണ്ണ വില ക്വിന്റലിന് 13700 ൽ തുടങ്ങി 12800 ൽ ക്ലോസ് ചെയ്തു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 12019 രൂപയായിരുന്നു. കഴിഞ്ഞമാസത്തെയപേക്ഷിച്ച് ഇത് 11 ശതമാനം കുറവായിരുന്നു. കൊച്ചി, കോഴിക്കോട് വിപണികളിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില കഴിഞ്ഞ മാസത്തെയപേക്ഷിച്ച് ആറും 11 ഉം ശതമാനം കുറവായിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില 11264 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ 10 ശതമാനം കുറവാണ്.കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 17 ശതമാനം കുറവാണ്.




*ജൂൺ മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*

## ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 7750 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 7950 രൂപയായിരുന്നു. കോഴിക്കോട് വിപണിയിൽ പാസ് കൊപ്രയുടെ വില ക്വിന്റലിന് 7950 രൂപയായിരുന്നു. കൊച്ചി വിപണിയിൽ 8113 ഉം കോഴിക്കോട് വിപണിയിൽ 8510 ഉം ആയിരുന്ന ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ യഥാക്രമം 7, 16 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 15, 17 ശതമാനവും കുറവായിരുന്നു. ആലപ്പുഴ വിപണിയിലെ ശരാശരി വിലയായ 8275 കഴിഞ്ഞ മാസത്തെക്കാൾ 13 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 15 ശതമാനവും കുറവായിരുന്നു. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ കൊപ്രയുടെ ശരാശരി മാസവില ക്വിന്റലിന് 7652 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തെക്കാൾ 11 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 18 ശതമാനവും കുറവാണ്.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 7731 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തെക്കാൾ 13ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 7 ശതമാനവും കുറവാണ്.

## ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 13140 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 9 ശതമാനം കുറവായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 11546 രൂപയായിരുന്നു. കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 10 ശതമാനം കുറവായിരുന്നു. കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 13 ശതമാനവും കുറവാണ്. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 13171 രൂപയായിരുന്നു; കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് കൂടുതലാണ്. അരസിക്കരയിൽ വില 11719 രൂപയായിരുന്നു. ഇതു കഴിഞ്ഞ മാസത്തെ നിരക്കിനെക്കാൾ 6 ശതമാനവും, കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെ അപേക്ഷിച്ച് 7 ശതമാനവും കുറവാണ്.

## കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 10469 രൂപയായിരുന്നു; കഴിഞ്ഞ മാ

സത്തേക്കാൾ നേരിയ കുറവാണിത്. കഴിഞ്ഞ വർഷം ഇതേ മസത്തെ അപേക്ഷിച്ച് 8 ശതമാനവും കൂടുതലുമാണ്.

## നാളികേരം


നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 11096 രൂപയായിരുന്നു. ഇത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ44 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെ അപേക്ഷിച്ച് 31 ശതമാനവും കുറവാണ്.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 12901 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് അല്പം കുറവാണ്.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 17038 രൂപയായിരുന്നു; കഴിഞ്ഞ മാസത്തെയപേക്ഷിച്ച് അല്പം കുറവാണ്.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 17500 രൂപയായിരുന്നു. അത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ അല്പം കുറവും കഴിഞ്ഞ വർഷം ഇതേ മസത്തെ അപേക്ഷിച്ച് 45 ശതമാനം കൂടുതലുമാണ്.

ഇളനീരിന്റെ വില മദൂർ വിപണിയിൽ ആയിരത്തിന് 10346 രൂപയായിരുന്നു. അത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ അല്പം കുറവും കഴിഞ്ഞ വർഷം ഇതേ മസത്തെ അപേക്ഷിച്ച് 12 ശതമാനവും കൂടുതലുമാണ്.




*ജൂൺ മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

## അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1110 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 3 ശതമാനം കൂടുതലായിരുന്നു. ഇത് കഴിഞ്ഞവർഷം ഈ മാസത്തെ വിലയെക്കാൾ 23 ശതമാനം കുറവുമായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1075 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 11085 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്ര വിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 666 അമേരിക്കൻ ഡോളറും 922 അമേരിക്കൻ ഡോളറും 711 അമേരിക്കൻ ഡോളറുമായിരുന്നു.

### വിവിധ കമ്പോളങ്ങളിൽ 2015 ജൂൺ 1 മുതൽ 31 വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാര വിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്

| തീയതി | വെളിച്ചെണ്ണ (രൂ./ ക്വി.) | | | | ആട്ടുകൊപ്ര (രൂ./ ക്വി.) | | | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./ ക്വി.) | ഉണ്ടക്കൊപ്ര (രൂ./ ക്വി.) | | | | കൊട്ടത്തേങ്ങ (രൂ./1000) | നാളികേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കങ്കയം | കൊച്ചി (എഫ് എക്യു) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കങ്കയം | അംബാജി പേട്ട | കോഴിക്കോട് | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മാംഗ്ലൂർ (ഗ്രേഡ്1) |
| 07.06.15 | 12717 | 12300 | 13567 | 11222 | 8342 | 8425 | 8575 | 7600 | 7700 | 13783 | 12075 | 12933 | 16625 | 11166 | 10567 | 13083 | 13400 | 17000 | 17000 |
| 14.06.15 | 12450 | 12167 | 13500 | 11411 | 8150 | 8325 | 8550 | 7617 | 7633 | 13108 | 11542 | 12892 | 16000 | 11328 | 10500 | 10500 | 12667 | 17000 | 17000 |
| 21.06.15 | 12400 | 11900 | 13500 | 11422 | 8100 | 8217 | 8550 | 7825 | 7900 | 12950 | 11375 | 13351 | 14833 | 12941 | 10500 | 10500 | 13500 | 17000 | 17833 |
| 28.06.15 | 12300 | 11850 | 13433 | 11189 | 8025 | 8225 | 8492 | 7683 | 7767 | 12817 | 11250 | 13467 | 13500 | 11490 | 10350 | 10500 | 12505 | 17000 | 18000 |
| 30.06.15 | 11800 | 11600 | 12900 | 10700 | 7625 | 8000 | 8125 | 7300 | 7500 | 12850 | 11375 | 13300 | 13500 | 11571 | 10350 | 10500 | 11500 | 17500 | 18000 |
| Average | 12333 | 11963 | 13380 | 11189 | 8048 | 8238 | 8458 | 7605 | 7700 | 13102 | 11523 | 13189 | 14892 | 11699 | 10453 | 11017 | 12714 | 17100 | 17567 |

അവലംബം

കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കൊമേഴ്സ്, കൊച്ചി - 2

കോഴിക്കോട് : മാതൃഭൂമി

ആലപ്പുഴ : മലയാള മനോരമ

അരസിക്കര : എ പി എം സി, അരസിക്കര

**ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽ കൊടുത്തിരിക്കുന്നത്.